# പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 1

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2010





## തദ്ദേശ സ്വയംഭരണ വകുപ്പ്

## വികസനത്തിന്റെ വിജയഭേരി മുഴക്കി അഞ്ചാം വർഷത്തിലേയ്ക്ക്












## ഗ്രാമങ്ങൾക്കൊരു ടെലിവിഷൻ കണ്ണ്

# തദ്ദേശ സ്വയംഭരണ വകുപ്പ്

# നാല്പതാണ്ടത്തെ വികസനം 4 വർഷം കൊണ്ട്



**തദ്ദേശ സ്വയംഭരണ വകുപ്പിൽ കഴിഞ്ഞ നാലുവർഷം കൊണ്ട് നടപ്പിലാക്കിയ പ്രധാന പരിപാടികൾ**

- ✓ ഉൽപ്പാദന മേഖലയ്ക്ക് പ്രത്യേകിച്ചും ഭക്ഷ്യസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി ആരംഭിച്ചു.
- ✓ വീടില്ലാത്ത പാവപ്പെട്ടവർക്കെല്ലാം വീടു നൽകാൻ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി.
- ✓ സ്ത്രീകൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50 % സംവരണം.
- ✓ കുടുംബശ്രീയുടെ പദ്ധതി നിർവ്വഹണത്തിൽ പലമടങ്ങു വർദ്ധന-സൂക്ഷ്മ സംരംഭങ്ങൾ, "സമഗ്ര" പദ്ധതികൾ, സംഘകൃഷി എന്നിവ വഴി പതിനായിരങ്ങൾക്ക് തൊഴിൽ.
- ✓ സർക്കാർ സബ്സിഡിയോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് വായ്പ.
- ✓ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിന് ദേശീയ അംഗീകാരം. പാലക്കാട്, ഇടുക്കി ജില്ലകൾക്ക് അവാർഡ്.
- ✓ ഗ്രാമവികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി സംയോജിപ്പിച്ചു.
- ✓ ഡി.ആർ.ഡി.എകൾ പിരിച്ചുവിട്ട് ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ വിഭാഗമാക്കി.
- ✓ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ മാലിന്യമുക്ത കേരളം പരിപാടി.
- ✓ 869 ഗ്രാമപഞ്ചായത്തുകൾക്കും 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലാ പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം.
- ✓ ക്ലീൻ കേരള മിഷനും ശുചീകരണ കാംപയിനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചു. തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ ഖരമാലിന്യ പരിപാലനത്തിന് ദേശീയ അംഗീകാരം നേടി.



- ✓ അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിക്ക് സാർവത്രിക അംഗീകാരം.
- ✓ പട്ടികവർഗ്ഗക്കാർക്കു മാത്രമായി ആദ്യത്തെ പഞ്ചായത്ത്- ഇടമലക്കുടി- രൂപീകരിച്ചു.
- ✓ കേരള സുസ്ഥിരനഗര വികസന പദ്ധതിയിൻ കീഴിൽ അഞ്ചു കോർപ്പറേഷനുകളിൽ 1420 കോടിയുടെ അടിസ്ഥാന സൗകര്യവികസന പരിപാടികൾ.
- ✓ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുജ്ജീവന പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾക്ക് 1100 കോടിയുടെ പദ്ധതികൾ നേടിയെടുത്തു. കോഴിക്കോട് നഗരത്തെക്കൂടി ഈ പദ്ധതിയിൽപെടുത്തുന്നതിന് പ്രാഥമിക അംഗീകാരമായി.
- ✓ 35 നഗരസഭകൾക്ക് IHSDP പദ്ധതിയിലും കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്ക് ബി.എസ്.യു.പി പദ്ധതിയിലുമായി 531 കോടിയുടെ ഭവന പദ്ധതികൾ.
- ✓ ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 462.76 കോടിയുടെ പ്രോജക്ടുകൾ.
- ✓ എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസുകൾ.
- ✓ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ ലഘൂകരിച്ചു. സർട്ടിഫിക്കറ്റുകൾ ഹോസ്പിറ്റൽ കിയോസ്ക്കുകൾ വഴി ഇപ്പോൾ ഓൺലൈനിലും ലഭ്യമാക്കുന്നു.
- ✓ പുറമ്പോക്കിലും തീരദേശങ്ങളിലും താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക കെട്ടിട നമ്പർ.
- ✓ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി. പെർമിറ്റു നൽകൽ ഓൺലൈനാക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ തുടക്കമായി.
- ✓ നികുതികളും ലൈസൻസുകളും അടയ്ക്കുന്നതിന്മേലുള്ള പിഴപ്പലിശ പകുതിയായി കുറച്ചു.
- ✓ പഞ്ചായത്തുകളുടെ സജീവ ഇടപെടൽമൂലം പതിനായിരക്കണക്കിനു ഹെക്ടർ ഭൂമിയിൽ നെൽകൃഷി പുനരാരംഭിച്ചു. ആയിരക്കണക്കിനു ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി.
- ✓ ഗ്രാമീണ റോഡുകളുടെ മെച്ചപ്പെടുത്തലിന് സമഗ്ര പദ്ധതി.
- ✓ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ വലിയ പുരോഗതി - എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പദ്ധതി മോണിറ്ററിങ്ങും പഞ്ചായത്തുകളുടെ തൊഴിലുറപ്പു പദ്ധതി നടത്തിപ്പും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.
- ✓ കില ദേശീയ പരിശീലന കേന്ദ്രമായി വളർന്നു. സാർക് രാജ്യങ്ങളുടെ അംഗീകൃത പഠനകേന്ദ്രം.
- ✓ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാതൃകാമാനദണ്ഡം നടപ്പിലാക്കി.
- ✓ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം.
- ✓ എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാർ.
- ✓ കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലും പദ്ധതി നിർവ്വഹണത്തിലും വൻനേട്ടം.

*പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്*

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പഞ്ചായത്തുകളുടെ കാർഷിക മേഖലയിലെ ഇടപെടൽ
പാലോളി മുഹമ്മദ്കുട്ടി



8 ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി: കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാന പദവിയിലേയ്ക്ക്
പ്രൊഫ. പി.കെ. രവീന്ദ്രൻ



10 കുടുംബശ്രീ: പുത്തൻമാനങ്ങൾ കൈവരിച്ച് മുന്നോട്ട്
ശാരദാ മുരളീധരൻ ഐ.എ.എസ്

14 ഇൻഫർമേഷൻ കേരള മിഷൻ ലക്ഷ്യപ്രാപ്തിയിലേയ്ക്ക്
പ്രൊഫ. എം.കെ. പ്രസാദ്



16 പ്രാദേശിക ഗവണ്മെന്റുകളെ മികവിന്റെ കേന്ദ്രമാക്കാൻ കില
പ്രൊഫ. എൻ. രമാകാന്തൻ

20 ജനസൗഹൃദ പഞ്ചായത്തുകൾ
കെ. വിനോദ് കുമാർ





22 നഷ്ടപ്പെടുത്തരുത് ഈ സാധ്യതയെ
ടി. ഗംഗാധരൻ



24 വീടെന്നാൽ സ്വാതന്ത്ര്യം
പി. സുരേഷ്

27 അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

28 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

30 പുതിയ അക്കൗണ്ടിംഗ് രീതി: പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്

32 രോഗപ്രതിരോധ കുത്തിവയ്പുകൾ
ഡോ. ജോസ്മോൻ ജോർജ്ജ്



35 ഗ്രീൻ കേരള എക്സ്പ്രസ്: ഗ്രാമങ്ങൾക്കൊരു ടെലിവിഷൻ കണ്ണ്
സാജു. കെ



38 പടരട്ടെ മടിക്കൈ മാതൃക
ആർ. ഹേലി

40 വേറിട്ട ചിന്തകളുമായി ഒന്നാമത് കുട്ടികളുടെ കൃഷി ശാസ്ത്ര കോൺഗ്രസ്സ്
എസ്. ജയകുമാർ

42 വാർത്തകൾ വിശേഷങ്ങൾ




## നേരിട്ട് കണ്ട പ്രതീതി

കണ്ണൂർ ജില്ലയിൽ നടന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ സമഗ്രമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ച "പഞ്ചായത്ത് രാജ്" മാസികയ്ക്ക് അഭിനന്ദനങ്ങൾ! ആഘോഷ പരിപാടികൾ നേരിട്ട് കാണുന്ന പ്രതീതി റിപ്പോർട്ടുകൾ ഉളവാക്കി. മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പു പദ്ധതി, നാലാം സംസ്ഥാന ധനകാര്യ കമ്മിഷനും പഞ്ചായത്തുകളും' എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടന്ന ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ച പ്രമുഖരുടെ അവതരണങ്ങൾ ഡോക്യുമെന്റ് ചെയ്ത് ജനങ്ങളിൽ എത്തിച്ചത് ആഘോഷ പരിപാടികളിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് അനുഗ്രഹമായി. തദ്ദേശഭരണവുമായി ബന്ധപ്പെട്ട് നടക്കുന്ന ശില്പശാലകളുടെയും ചർച്ചകളുടെയും ഒക്കെ റിപ്പോർട്ടുകൾ ഇത്തരത്തിൽ ലഭ്യമാക്കിയാൽ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് അത് വളരെ ഉപകാരപ്രദമായിരിക്കും.

*ചന്ദ്രശേഖരൻ നായർ*
*കൊല്ലം*

## വിജ്ഞാനപ്രദമായി

ഡോ. എം.എസ്. സ്വാമിനാഥൻ എഴുതിയ "നമ്മുടെ അന്നവും ജലവും എങ്ങനെ സംരക്ഷിക്കാം" എന്ന ലേഖനം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചത് വിജ്ഞാനപ്രദമായി. പാരമ്പര്യ അറിവുകളെ ആധുനിക കാലാവസ്ഥാ പഠനവുമായി സംയോജിപ്പിച്ച് കാലാവസ്ഥയെപ്പറ്റിയുള്ള അറിവുകൾ ലഭ്യമാക്കുകയും അവ ഗ്രാമീണർക്ക് നല്കുകയും ചെയ്യുന്നതിലൂടെ ആഗോള താപനത്തെ പ്രതിരോധിക്കാൻ കഴിയുമെന്ന ലേഖകന്റെ കണ്ടെത്തൽ പ്രായോഗിക തലത്തിൽ കൊണ്ട് വരുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. ഓരോ ഗ്രാമപഞ്ചായത്തിലും ഒരു സ്ത്രീയും പുരുഷനും ക്ലൈമറ്റ് റിസ്ക് മാനേജർ ആകണമെന്ന ആശയം കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആഗോള താപനത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും ഭക്ഷ്യസുരക്ഷയ്ക്കും കഴിഞ്ഞ കുറച്ച് ലക്കങ്ങളായി 'പഞ്ചായത്ത് രാജ്' മാസിക നല്കുന്ന പ്രാധാന്യം അഭിനന്ദനം അർഹിക്കുന്നു.

*സുരാജ്*
*എടപ്പാൾ*

## മാലിന്യം ഒഴുക്കുന്നത് തടയാൻ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ, ജലാശയങ്ങൾ, പൊതു ഓടകൾ എന്നിവയിലേയ്ക്ക് ശൗചാലയങ്ങളിൽ നിന്നും സോക് പിറ്റുകളിൽ നിന്നും മാലിന്യം ഒഴുക്കി വിടുന്നത് കർശനമായി തടയുന്നതിന് 1994ലെ കേരള മുനിസിപ്പൽ ആക്ട് 340-ാം വകുപ്പ് അനുസരിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് മാലിന്യം ഒഴുക്കി വിടുന്നത് തടയാൻ എല്ലാ നഗരസഭകളിലും ആരോഗ്യം, എഞ്ചിനീയറിങ്, ടൗൺ പ്ലാനിങ് വിഭാഗങ്ങളുടെയും പ്രാതിനിധ്യത്തോടെ പരിശോധന സ്ക്വാഡ് രൂപീകരിക്കണം. ജലസ്രോതസ്സുകൾ/ജലാശയങ്ങൾ/പൊതു ഓടകൾ എന്നിവയിൽ മലിനജലം ഒഴുക്കി വിടുന്നതിനെതിരെയും ജലമലിനീകരണത്തിനെതിരെയും നഗരസഭാ സെക്രട്ടറിയുടെയും കൗൺസിലിന്റെയും നേതൃത്വത്തിൽ വാർഡ് തലത്തിൽ ബോധവൽക്കരണം നടത്തണമെന്ന് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനം നടത്തിയതിനുശേഷം വ്യക്തികളോ, സ്ഥാപനങ്ങളോ അനധികൃതമായി മലിനജലം പുറത്തുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടാലോ, പരാതി ലഭിച്ചാലോ, 24 മണിക്കൂറിനുള്ളിൽ സ്ക്വാഡ് പരിശോധന നടത്തണം. പോലീസിന്റെ സഹായത്തോടെ കേസ് രജിസ്റ്റർ ചെയ്ത് മുനിസിപ്പൽ ആക്ട് 340 (എ) ഒന്ന്, രണ്ട്, മൂന്ന് പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുകയും വേണം. പരാതി ലഭിച്ചില്ലെങ്കിലും പൊതു ഓടകൾ, ജലസ്രോതസ്സുകൾ, ജലനിർഗ്ഗമന കാനകൾ തുടങ്ങിയവയുടെ വശങ്ങളിലോ സമീപത്തോ ഉള്ള വാസഗൃഹങ്ങൾ, പരിസരങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും അനധികൃതമായി മലിനജലം ഒഴുക്കിവിടുന്നുണ്ടോയെന്ന് ഇടവിട്ട പരിശോധന നടത്തണമെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതിന്റെയും നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതിന്റെയും ചുമതല നഗരസഭാ സെക്രട്ടറിക്കാണ്. ജലസ്രോതസ്സുകളിലേയ്ക്കും ജലാശയങ്ങളിലേയ്ക്കും മാലിന്യം ഒഴുക്കിവിടുന്നതും നിക്ഷേപിക്കുന്നതും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

## ഒറ്റപ്പാലം മികച്ച മുനിസിപ്പാലിറ്റി



2008-09ലെ സംസ്ഥാനത്തെ മികച്ച മുനിസിപ്പാലിറ്റിക്കുള്ള അവാർഡ് ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ വച്ച് സമ്മാനിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, മുനിസിപ്പൽ ഡയറക്ടർ ഡോ. ശർമ്മിള മേരി ജോസഫ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

## പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2010
പുസ്തകം 50
ലക്കം 1
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


എഡിറ്ററുടെ പേജ്

# പദ്ധതി നിർവ്വഹണം : കാലതാമസം അരുത്

ഒരു സാമ്പത്തിക വർഷം കൂടി അവസാനിച്ചിരിക്കുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വിനിയോഗത്തിലും പദ്ധതി നടത്തിപ്പിലും മുൻ വർഷത്തേക്കാൾ മെച്ചപ്പെട്ട പ്രവർത്തനം 2009-10ൽ കാഴ്ചവച്ചിരിക്കുന്നുവെന്നാണ് പ്രാഥമിക കണക്കുകൾ ലഭ്യമായതിൽ നിന്നും ലഭിക്കുന്ന സൂചന. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും സിംഹ ഭാഗവും കൈകാര്യം ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് ചെല വിന്റെ സംസ്ഥാന ശരാശരി 74.25 ശതമാനമാണ്. 2009-10 ൽ ബഡ്ജറ്റിൽ വകയിരു ത്തിയ തുകയും മുൻബാക്കിയും ചേർന്ന കണക്കാണിത്. പൊതുവിഭാഗത്തിൽ 78.38 ഉം, പ്രത്യേക ഘടകപദ്ധതിയിൽ 65.58ഉം, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 70.51 ശത മാനവുമാണ് സംസ്ഥാനത്തൊട്ടാകെ ചെലവഴിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, വയനാട് ജില്ലകളിലെ ശരാശരി 80 ശതമാനത്തിനും മുകളിലാണ്. മറ്റ് ജില്ലകളിലും ഗ്രാമപഞ്ചായത്തുകൾ വലിയ ഏറ്റക്കുറച്ചിൽ ഇല്ലാതെ ഫണ്ട് വിനി യോഗം നടത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷികപദ്ധതിയിൽ ഏറ്റെടുക്കുന്ന പദ്ധ തികളുടെ ചെലവ് സംബന്ധിച്ച കണക്കുകൾ എല്ലാ സാമ്പത്തിക വർഷവും അവ സാനിച്ച് അടുത്തവർഷം മേയ് 31 നകം സർക്കാരിനും ജില്ലാ ആസൂത്രണ സമി തിക്കും റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ സമയപരിധി ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളും കൃത്യമായി പാലിക്കപ്പെടുന്നില്ല. ചെലവ് കണക്കുകൾ യഥാസ മയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് സാമ്പത്തിക അച്ചടക്കം സംബ ന്ധിച്ച തത്വങ്ങളുടെ ലംഘനമാണ്. അതിനാൽ 2009-10 ലെ വാർഷിക പദ്ധതി യുടെ ചെലവ് കണക്കുകൾ 2010 മേയ് 31 നകം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളും കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഇല ക്ട്രോണിക് രൂപത്തിലായിരിക്കണം ചെലവ് കണക്കുകൾ തയ്യാറാക്കി റിപ്പോർട്ട് ചെയ്യേണ്ടത്. ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കാണ്. ഇതിൽ വീഴ്ചവരുത്തുന്ന തദ്ദേ ശഭരണ സ്ഥാപനങ്ങൾക്ക് ജൂൺ 1 മുതൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ അനുവദിക്കുന്നതല്ല. എന്നാൽ ചെലവ് കണക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഒറ്റത്തവണയായി ഇപ്രകാരം തടഞ്ഞു വയ്ക്കുന്ന തുക അനുവദിക്കപ്പെടും. ചെലവ് കണക്കുകൾ സമർപ്പിക്കുന്നതിലെ അനാസ്ഥ കാരണം ഫണ്ട് ലഭിക്കാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ചെലവു കളും വികസനപ്രവർത്തനങ്ങളും തടസ്സപ്പെടാതിരിക്കുന്നതിന് ഇതുമായി ബന്ധ പ്പെട്ട് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

2010-11 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണവും പ്രാരംഭ ഘട്ടത്തിലേ യ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. തദ്ദേശസ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമി തിക്ക് പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 30 ആണ്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ആവശ്യമുള്ള പദ്ധതികൾക്ക് അവ ലഭ്യമാക്കി ടെണ്ടർ ചെയ്യാനുള്ളവയും ഗുണഭോക്തൃ സമിതിയെ ഏല്പിക്കേണ്ടവയും തരം തിരിച്ച് അതിനുള്ള നടപടിക്രമങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കണം. അതുപോലെ തന്നെ വ്യക്തിഗത ഗുണഭോക്താക്കളെ ആവശ്യമുള്ള പദ്ധതികൾക്ക് മാർഗ്ഗനിർദ്ദേ ശങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി കളും വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചാലുടൻ ആരംഭിക്കേണ്ടതുണ്ട്.

ഈ വരുന്ന സെപ്തംബർ മാസം തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കാ നിരിക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾക്കിടയിൽ പദ്ധതി നിർവ്വ ഹണത്തിനുള്ള സമയം നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ നിലവിലുള്ള ഭരണ സമിതികൾ കാലതാമസം കൂടാതെ വികസന ക്ഷേമ പരിപാടികളുടെ നിർവ്വഹണം ആരംഭിക്കുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണ്. മാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്തരവാദിത്തത്തോടെ ഏറ്റെടുത്തിട്ടുള്ള ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നിർവ്വഹണം വരും ദിവസങ്ങളിൽ ഊർജ്ജിതപ്പെടുത്തി കാല വർഷത്തിനുമുൻപ് തന്നെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവ ശ്യമായ സഹായങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

അധികാരവികേന്ദ്രീകരണത്തിനു ശേഷം തദ്ദേശഭരണസ്ഥാപനങ്ങളിൽ അധി കാരമേറിയ മൂന്നാം ഭരണസമിതിയുടെ അവസാന വാർഷിക പദ്ധതിയാണിത്. അഞ്ച് വർഷങ്ങൾക്കുമുൻപ് ജനങ്ങൾ തങ്ങളിൽ ഏല്പിച്ച ഉത്തരവാദിത്വം വലി യൊരളവുവരെ നിറവേറ്റിയെന്ന ചാരിതാർത്ഥ്യത്തോടെ പടിയിറങ്ങുവാൻ 2010-11 ലെ വാർഷികപദ്ധതി തുറന്നു നൽകുന്ന അവസരം തദ്ദേശസ്ഥാപനങ്ങൾ പരമാ വധി പ്രയോജനപ്പെടുത്തുമെന്ന് പ്രത്യാശിക്കുന്നു.

# പഞ്ചായത്തുകളുടെ കാർഷിക മേഖലയിലെ ഇടപെടൽ



**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**2008–09ൽ നെൽകൃഷിക്കു മാത്രമായി 93.01 കോടി രൂപയാണ് പഞ്ചായത്തുകൾ ചെലവിട്ടത്. 2009–10ൽ നെൽക്കൃഷിക്ക് പഞ്ചായത്തുകൾ വകയിരുത്തിയിരിക്കുന്നത് 189.80 കോടിയാണ് (തൊഴിലുറപ്പു പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട കായിക അധ്വാനം ഇതിനു പുറമേയാണ്). പത്താം പദ്ധതിയിലെ അഞ്ചു വർഷങ്ങളിൽ ഇത് 223.07 കോടി രൂപ മാത്രമായിരുന്നു എന്നറിയു മ്പോഴാണ് ഈ വ്യത്യാസം വ്യക്തമാകുക.**

പതിനൊന്നാം പദ്ധതിയുടെ പ്രഥമ മുൻഗണന ഉൽപാദന മേഖലയാണ്. ഉൽപാദന മേഖലയിൽ, പ്രത്യേകിച്ചും കാർഷിക മേഖലയിൽ ഉണർവുണ്ടാക്കുക എന്നതായിരുന്നു പ്രാദേശികാസൂത്രണം വഴി ലക്ഷ്യമിട്ടത്. ഉൽപ്പാദന മേഖലയ്ക്ക് തന്നെയായിരുന്നു ജനകീയാസൂത്രണ പദ്ധതിയിലും (9–ാം പദ്ധതിക്കാലത്തും) മുൻഗണന നൽകിയിരുന്നത്. പ്ലാൻ ഫണ്ടിന്റെ 40 ശതമാനമെങ്കിലും ഉൽപാദന മേഖലയിൽ ചെലവഴിക്കണമെന്ന നിർദ്ദേശം ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു. ഒരു വർഷം വകമാറ്റി ചെലവഴിച്ചത് അടുത്ത വർഷം പരിഹാര വകയിരുത്തൽ നടത്തണമെന്നും നിഷ്ക്കർഷിച്ചിരുന്നു. ഇതൊക്കെയായിട്ട് കാർഷിക മേഖലയിൽ പ്രകടമായ മാറ്റം വരുത്താനോ വിള വിസ്തീർണ്ണത്തിലും ഉൽപ്പാദനത്തിലും വർധനവുണ്ടാക്കാനോ അന്നു കഴിഞ്ഞിരുന്നില്ല. പത്താം പദ്ധതിയായപ്പോൾ കഥ തിരിച്ചായി. ഉൽപ്പാദന മേഖലയ്ക്കുള്ള പ്രാമുഖ്യം കുറയ്ക്കുകയാണ് യു.ഡി.എഫ് സർക്കാർ ചെയ്തത്. മേഖലാവിഹിതം 40 ശതമാനത്തിൽ നിന്ന് 30 ശതമാനമായി കുറച്ചു. ഈ വിഹിതം തന്നെ വകമാറ്റി ചെലവഴിക്കുന്നതു തടഞ്ഞുമില്ല. ഇതിന്റെ ഫലമായി കാർഷിക മേഖലയിൽ ഫലപ്രദമായ ഒരു ഇടപെടലും നടത്താൻ കഴിഞ്ഞില്ല.

ഈ സാഹചര്യത്തിലാണ് ഉൽപ്പാദനമേഖലയ്ക്ക് പ്രഥമ പരിഗണനകൊടുക്കണമെന്ന നിർബന്ധത്തോടെ പതിനൊന്നാം പദ്ധതി ആവിഷ്ക്കരിച്ചത്. മേഖലാവിഹിതം 40 ശതമാനമായി പുന:സ്ഥാപിച്ചു. പത്താം പദ്ധതിക്കാലത്ത് വകമാറ്റി ചെലവഴിച്ച തുക തിരികെ ഉൽപ്പാദന മേഖലയിൽ വകയിരുത്തണമെന്ന് നിർബന്ധിച്ചു. ഇത്തരത്തിൽ 89.68 കോടി രൂപ പതിനൊന്നാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ അധിക വകയിരുത്തൽ നടത്തുകയുണ്ടായി. കാർഷിക മേഖലയിലെ ഇടപെടൽ സാധ്യതകളും ആവശ്യകതയും സമൂഹത്തിലെത്തിക്കാൻ ഗൗരവമായ ശ്രമമാണ് നടത്തിയത്. കാർഷിക മേഖലയിലെ മുൻകാല പദ്ധതികളുടെ വിശകലനത്തിൽ നിന്ന് ഒരു വസ്തുത വ്യക്തമായി. വിള പരിപാലനത്തിന് നാമമാത്രമായ വകയിരുത്തൽ മാത്രമേ ഉണ്ടാകുന്നുള്ളൂ. പ്രോജക്റ്റുകളുടെ സിംഹഭാഗവും അടിസ്ഥാന സൗകര്യ വികസനത്തിനുള്ളവയായിരുന്നു. മണ്ണു സംരക്ഷണത്തിനുള്ള ബണ്ടുകളും ഫാം റോഡുകളും ഫലത്തിൽ നെൽവയലുകൾ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നതിനും നികത്തപ്പെടുന്നതിനുമാണ് ഇടയാക്കിയത്.

ഇത്തരം തിരിച്ചറിവുകളുടെ അടിസ്ഥാനത്തിലാണ് പതിനൊന്നാം പദ്ധതിയിൽ കാർഷിക മേഖലയിലെ പദ്ധതികൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയത്. പാലക്കാട്, വയനാട് ജില്ലകളിൽ ആദ്യ വർഷം നടപ്പാക്കിയ തൊഴിലുറപ്പു പദ്ധതിയിൽ നിന്നും കിട്ടിയ അനുഭവ പാഠങ്ങളും ഇതിനു സഹായകമായി. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയിൽ ചെയ്യാമെന്നതുകൊണ്ട് കാർഷിക മേഖലയിലെ പദ്ധതികളിൽ അവ ഉൾപ്പെടുത്തേണ്ടതില്ലെന്നു



തീരുമാനിച്ചു. ഇതുമൂലം കാർഷിക മേഖലയിലുള്ള വിഹിതം പൂർണ്ണമായും കർഷകർക്ക് സഹായകമാകുന്ന രീതിയിൽ വിള പരിപാലനത്തിന് ഉപയോഗിക്കാമെന്ന അവസ്ഥ സംജാതമായി. പത്താം പദ്ധതിയിലെ അഞ്ചു വർഷങ്ങളിൽ കാർഷിക മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവു ചെയ്തത് 831.71 കോടിയായിരുന്നു. എന്നാൽ പതിനൊന്നാം പദ്ധതിയുടെ ആദ്യവർഷമായ 2007-08 ൽ ഇത് 259.780 കോടിയും രണ്ടാം വർഷമായ 2008-09ൽ 325.07 കോടിയുമായിരുന്നു.

### നെൽക്കൃഷി

ഭക്ഷ്യവസ്തുക്കൾക്ക് ദൗർലഭ്യം അനുഭവിച്ച ഘട്ടത്തിലാണ് 'ഭക്ഷ്യസുരക്ഷ' പദ്ധതി ആവിഷ്ക്കരിച്ചത്. നെൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടത് ഒരു സാമൂഹിക അനിവാര്യതയായി അംഗീകരിക്കപ്പെട്ടു. തരിശുഭൂമി വിളഭൂമിയാക്കുന്നതിനുള്ള ശ്രമങ്ങളുമായി നടീൽ, കൊയ്ത്ത്, മെതിയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു. ഈ നടപടികൾക്ക് പരക്കെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഒരു കിലോ നെല്ല് 12 രൂപയ്ക്ക് സർക്കാർ എടുക്കാൻ തുടങ്ങി. നെൽകൃഷി ലാഭകരമായി നടത്താം എന്ന ഒരു ബോധം കർഷകരിലുണ്ടാക്കാൻ ഈ നടപടികൾക്കു കഴിഞ്ഞു. ഇതിനു സഹായകമായ ശക്തമായ ഇടപെടലുകളാണ് പഞ്ചായത്തുകളുടെ ഭാഗത്തു നിന്നുണ്ടായത്. തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേരളത്തിൽ കാർഷിക മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ അഖിലേന്ത്യാതലത്തിൽ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.

1. കൃഷി ചെയ്തു കൊണ്ടിരിക്കുന്ന ഭൂമിയിൽ കൃഷി തുടർന്നുകൊണ്ടു പോകാൻ പറ്റുന്ന രീതിയിൽ കർഷകർക്ക് സഹായം നൽകുക.
2. തരിശായി കിടക്കുന്ന നിലം കൃഷിയോഗ്യമാക്കി കൃഷിക്കുപയോഗിക്കുക

എന്നീ ലക്ഷ്യങ്ങൾ വെച്ചു കൊണ്ടാണ് ത്രിതല പഞ്ചായത്തുകൾ നെൽകൃഷി രംഗത്ത് ഇടപെട്ടത്.

a) കൃഷി ചെലവിലേയ്ക്കായി ഹെക്ടർ ഒന്നിന് 2500 രൂപ വരെ സബ്സിഡി നൽകി.
b) വിത്തുകൾ സൗജന്യമായി നൽകി.
c) വളം, കീടനാശിനി എന്നിവ പകുതി വിലയ്ക്കു ലഭ്യമാക്കി.
d) ജലസ്രോതസ്സുകളും ജലനിർഗ്ഗമ ങ്ങളും ചെളിയും മണ്ണും നീക്കി ജലലഭ്യത മെച്ചപ്പെടുത്തി.

2008-09 ൽ നെൽകൃഷിക്കു മാത്രമായി 93.01 കോടി രൂപയാണ് പഞ്ചായത്തുകൾ ചെലവിട്ടത്. 2009-10 ൽ നെൽകൃഷിക്ക് പഞ്ചായത്തുകൾ വകയിരുത്തിയിരിക്കുന്നത് 189.80 കോടിയാണ് (തൊഴിലുറപ്പു പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട കായിക അധ്വാനം ഇതിനു പുറമേയാണ്). പത്താം പദ്ധതിയിലെ അഞ്ചു വർഷങ്ങളിൽ ഇത് 223.07 കോടി രൂപ മാത്രമായിരുന്നു എന്നറിയുമ്പോഴാണ് ഈ വ്യത്യാസം വ്യക്തമാകുക.

### തരിശുഭൂമി കൃഷിയോഗ്യമാക്കൽ

തൊഴിലുറപ്പു പരിപാടി ചെറുകിട നാമമാത്ര കർഷകരുടെ കൃഷിഭൂമിയിൽ ഒരു നീർത്തട പദ്ധതിയുടെ ഭാഗമായി ഭൂവികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നുണ്ട്. ഈ സാധ്യത തരിശുഭൂമി കൃഷി യോഗ്യമാക്കാൻ ഉപയോഗിക്കുകയാണ് പഞ്ചായത്തുകൾ ചെയ്തത്. രണ്ടു വർഷം കൊണ്ട് 23000 ഏക്കർ തരിശുഭൂമി തൊഴിലുറപ്പു പരിപാടിയുടെ സഹായത്തോടെ കൃഷിയോഗ്യമാക്കാൻ കഴിഞ്ഞു. ഭൂ ഉടമകൾ കൃഷി ചെയ്യാൻ തയ്യാറാകാത്ത അവസരങ്ങൾ കേരളത്തിൽ വളരെ കൂടുതലാണ്. ഭൂ ഉടമ മറ്റു രീതികളിൽ വരുമാനമുള്ളയാളാകുന്നതാണ് പ്രധാന കാരണം. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും ഉൽപ്പാദന ചെലവിന്റെ വർധനവും തൊഴിലാളികളുടെ ദൗർലഭ്യവും ഇതിനോടൊപ്പം കാരണമാകുന്നുണ്ട്. ഇങ്ങനെ തരിശായി കിടക്കുന്ന കൃഷി ഭൂമിയിലാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘകൃഷി നടത്തുന്നത്. 50000 ഏക്കറിലധികം ഭൂമിയിൽ കഴിഞ്ഞ വർഷം കൃഷി നടത്താൻ ഈ സംഘങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തു പ്രദേശത്തെ തരിശു ഭൂമി മുഴുവൻ കൃഷിയോഗ്യമാക്കി പഞ്ചായത്തുകളെ തരിശുരഹിതമായി പ്രഖ്യാപിച്ച പഞ്ചാത്തുകളുണ്ട്. പാലമേൽ, മണ്ണഞ്ചേരി, കോയിപ്രം, അടിമാലി, എടരിക്കോട്, പേരാമ്പ്ര തുടങ്ങിയ പഞ്ചായത്തുകളും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയും ഈ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചവയാണ്.

പഞ്ചായത്തുകളും കുടുംബശ്രീ സംവിധാനവും പ്രത്യേക ശ്രദ്ധ നൽകുന്ന ഒരു മേഖലയാണ് പച്ചക്കറി കൃഷി. കഞ്ഞിക്കുഴിയുടെയും മാരാരിക്കുളം വടക്ക് പഞ്ചായത്തിന്റെയും മാതൃക പിന്തുടരുന്ന പഞ്ചായത്തുകൾ നിരവധിയാണ്. 10-ാം പദ്ധതിക്കാലത്തെ അഞ്ചു വർഷങ്ങളിൽ 22.22 കോടിയാണ് ഈ മേഖലയിൽ പഞ്ചായത്തുകൾ ചെലവിട്ടതെങ്കിൽ11-ാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ മാത്രം 19.87 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. 2009-10 വർഷത്തെ വകയിരുത്തൽ 17.67 കോടിയാണ്.

### മൃഗസംരക്ഷണ മേഖല

പഞ്ചായത്തുകളുടെ മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനവും പ്രത്യേക പ്രാധാന്യമർഹിക്കുന്നു. 10-ാം പദ്ധതിയിൽ 259.11 കോടി രൂപയാണ് ഈ മേഖലയിൽ ചെലവഴിച്ചത്. പതിനൊന്നാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ മാത്രം 176.49 കോടിയാണ് ചെലവഴിച്ചത്. 2009-10 ൽ 223.69 കോടിയാണ് ഈ മേഖലയ്ക്കു വകയിരുത്തിയിട്ടുള്ളത്. കുടുംബശ്രീയുടെ ആടുഗ്രാമം, നേച്ചർ ഫ്രെഷ് എന്നീ പദ്ധതികൾ ഈ രംഗത്ത് കൂടുതൽ ഉണർവു നൽകാൻ സഹായകമായിട്ടുണ്ട്.

**രണ്ടു വർഷം കൊണ്ട് 23000 ഏക്കർ തരിശുഭൂമി തൊഴിലുറപ്പു പരിപാടിയുടെ സഹായത്തോടെ കൃഷി യോഗ്യമാക്കാൻ കഴിഞ്ഞു.**

കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല, മൃഗസംരക്ഷണ വകുപ്പ്, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട മേഖലകളിലെ വിവിധ ഏജൻസികൾ എന്നിവയുടെ സംയോജിത പ്രവർത്തനം വഴിയും കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനുള്ള സംവിധാനങ്ങൾ വഴിയും നടത്തിയ പ്രവർത്തനങ്ങൾ തങ്ങളുടെ പ്രദേശത്ത് കൂടുതൽ ഫലപ്രദമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഈ കൂട്ടായ്മയുടെ ഫലമായാണ് വിള വിസ്തീർണത്തിലും ഉൽപ്പാദന ക്ഷമതയിലും ഉൽപ്പാദനത്തിലും വർധനവുണ്ടാക്കാൻ കേരളത്തിനു കഴിഞ്ഞത്. ജലലഭ്യത മെച്ചപ്പെടുത്താൻ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലം വരും വർഷങ്ങളിലേ അനുഭവവേദ്യമാകൂ. ഏതാനും ജില്ലകളിലും കുറച്ചു പഞ്ചായത്തുകളിലും മാത്രമെ സമഗ്രമായ നീർത്തട പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുള്ളൂ. ഈ വർഷം തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ ചെലവഴിച്ച 458 കോടി രൂപയുടെ 75 ശതമാനവും കേരളത്തിലെ കാർഷിക മേഖലയിലേയ്ക്കുള്ള മുതൽ മുടക്കാണ്. മറ്റു ജില്ലകളിൽ കൂടി നീർത്തടാധിഷ്ഠിത പദ്ധതികൾ രൂപപ്പെടുത്തിയാൽ അടുത്ത വർഷം ഇത് 1000 കോടിയിലധികമാക്കാൻ കഴിയും. ഇതോടൊപ്പം വിള പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടിയാകുമ്പോൾ കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തനുണർവു നൽകാനും ഭക്ഷ്യോൽപാദനം വർധിപ്പിക്കാനുമുള്ള ശ്രമങ്ങളിൽ പ്രധാനമായ പങ്കുവഹിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കഴിയും. ■

പ്രൊഫ. പി.കെ. രവീന്ദ്രൻ



# ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി

എല്ലാ ഭവനരഹിത കുടുംബങ്ങൾക്കും വീടു നൽകി കേരളത്തെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ ഭവന സംസ്ഥാനമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് പതിനൊന്നാം പദ്ധതിക്കാലത്ത് ഇ.എം.എസ് സമ്പൂർണ്ണ പദ്ധതി വിഭാവനം ചെയ്തത്. ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഇക്കാര്യത്തിൽ പ്രഥമ പരിഗണന നൽകണമെന്നും തീരുമാനിച്ചു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുന്ന ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തതിനെ തുടർന്ന് ദരിദ്ര ജനവിഭാഗങ്ങൾക്ക് വീടു വെച്ചുകൊടുക്കുന്നതിൽ ഗണ്യമായ പുരോഗതി നേടാൻ സംസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടത്തിന്റെ പിൻബലത്തിലാണ് സമ്പൂർണ്ണ ഭവന പദ്ധതി എന്ന ലക്ഷ്യം പതിനൊന്നാം പദ്ധതിയിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചത്.

ഭൂപരിഷ്ക്കരണം ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് കിടപ്പാടം നൽകി. കുടികിടപ്പവകാശമായി കിട്ടിയ ഭൂമി വീണ്ടും തുണ്ടുവൽക്കരിക്കപ്പെട്ടു. പലർക്കും രണ്ടും മൂന്നും സെന്റിന്റെ ഉടമസ്ഥതയേ ഉള്ളുവെങ്കിലും സ്വന്തമായ ഒരു കൂര വെയ്ക്കാനുള്ള ഇടത്തിന് ലക്ഷക്കണക്കിനു കുടുംബങ്ങൾ അവകാശികളായി. ഭൂപരിഷ്ക്കരണത്തിന്റെ അനിവാര്യമായ തുടർച്ചയാണ് പാർപ്പിട പദ്ധതികൾ. സാമൂഹ്യ പങ്കാളിത്തത്തോടെ സർക്കാർ ആഭിമുഖ്യത്തിലുള്ള ആദ്യഭവന പദ്ധതി ലക്ഷം വീടു പദ്ധതിയായിരുന്നു. എഴുപതുകളിൽ പ്രാവർത്തികമാക്കിയ ഈ പദ്ധതി പ്രകാരം അറുപതിനായിരത്തിലേറെ വീടുകൾ നിർമ്മിച്ചു നൽകുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ അഭിമുഖ്യത്തിലും സാമൂഹ്യസംഘടനകളുടെ ആഭിമുഖ്യത്തിലും ദരിദ്രജനവിഭാഗങ്ങൾക്കു വീട് ലഭ്യമാക്കുന്ന പ്രവർത്തനം നടന്നുകൊണ്ടിരുന്നു. എന്നാൽ വർധിച്ചു വന്ന ഭവന ആവശ്യം നിറവേറ്റാൻ ഇവ പര്യാപ്തമല്ലാതിരുന്നതിനാൽ ഭവനരഹിത കുടുംബങ്ങളുടെ എണ്ണം വർധിച്ചതേയുള്ളു.

## ജനകീയാസൂത്രണം

ഒമ്പതാം പദ്ധതിക്കാലത്താണ് ജനകീയാസൂത്രണം ആരംഭിച്ചത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയ കൂട്ടത്തിൽ ദരിദ്ര ജനവിഭാഗങ്ങൾക്ക് വീടു നൽകുന്നതിനുള്ള ഉത്തരവാദിത്വവും അവരെ ഏൽപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഭവന നിർമ്മാണ മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണുണ്ടായത്.

**ഭൂപരിഷ്ക്കരണം ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് കിടപ്പാടം നൽകി. കുടികിടപ്പവകാശമായി കിട്ടിയ ഭൂമി വീണ്ടും തുണ്ടുവൽക്കരിക്കപ്പെട്ടു. പലർക്കും രണ്ടും മൂന്നും സെന്റിന്റെ ഉടമസ്ഥതയേ ഉള്ളുവെങ്കിലും സ്വന്തമായ ഒരു കൂര വെയ്ക്കാനുള്ള ഇടത്തിന് ലക്ഷക്കണക്കിനു കുടുംബങ്ങൾ അവകാശികളായി. ഭൂപരിഷ്ക്കരണത്തിന്റെ അനിവാര്യമായ തുടർച്ചയാണ് പാർപ്പിട പദ്ധതികൾ.**

ഒമ്പതാം പദ്ധതിക്കാലത്ത് 5.5 ലക്ഷവും 10–ാം പദ്ധതിക്കാലത്ത് 3 ലക്ഷവും വീടുകൾ ദുർബല ജനവിഭാഗങ്ങൾക്കു വേണ്ടി നിർമ്മിച്ചു നൽകുകയുണ്ടായി. ഇതിന്റെ തുടർച്ചയായയാണ് പതിനൊന്നാം പദ്ധതിക്കാലത്ത് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. അഞ്ചു ലക്ഷം ഭവനഹിത കുടുംബങ്ങളുണ്ടാകുമെന്നാണ് കണക്കെടുപ്പുകളിൽ നിന്ന് ലഭിച്ച വിവരം. ഇവരിൽ 1.5 ലക്ഷം ഭൂരഹിത കുടുംബങ്ങളാണ്. ഇത്രയും കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കിയാൽ കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാനമാകും. ഈ ലക്ഷ്യം വെച്ചുകൊണ്ടാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിലുള്ള ഭവന പദ്ധതികളെ കൂടി ലക്ഷ്യപൂർത്തീകരണത്തിന് കഴിയാവുന്നത്ര ഉപയോഗിക്കേണ്ടതുണ്ട്. ഇത്തരം സ്കീമുകളിൽ പലതും ദേശീയതലത്തിൽ രൂപപ്പെട്ടതുകൊണ്ട് ഭവന സബ്സിഡി വളരെ കുറവാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഭവന പദ്ധതിക്കു നൽകുന്ന ധനസഹായം തന്നെ ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്കും ലഭ്യമാക്കണം. എങ്കിൽ മാത്രമെ ഈ സ്കീമുകൾ ആകർഷകമാകൂ. അതോടൊപ്പം ഭവന പദ്ധതിക്കു നൽകുന്ന സബ്സിഡി തുക കാലാനുസൃതമായി പരിഷ്ക്കരിക്കുകയും വേണം. ഇതിനനുസരിച്ചാണ് ഭവന സഹായം 125000,100000,75000 എന്നീ തോതിൽ (യഥാക്രമം പട്ടിക വർഗ്ഗം, പട്ടികജാതി, പൊതു വിഭാഗം) വർധിപ്പിക്കാൻ തീരുമാനിച്ചത്. ഇന്ദിര ആവാസ് യോജന, എം.എൻ. ലക്ഷം വീട് പദ്ധതികളിലെ ഗുണഭോക്താക്കൾക്കും ഇതേ തുകതന്നെ ലഭ്യമാക്കാനും അതിനാവശ്യമായ അധിക തുക ത്രിതല പഞ്ചായത്തുകൾ

# കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാനപദവിയിലേയ്ക്ക്

നൽകാനും തീരുമാനിക്കുകയുണ്ടായി.

### കേന്ദ്ര  സംസ്ഥാന സ്കീമുകൾ

ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും ദുർബല ജനവിഭാഗങ്ങൾക്ക് ഭവന സഹായം നൽകുന്നതിനുള്ള കേന്ദ്ര പദ്ധതികളുണ്ട്. ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനുള്ള ഹൗസിങ്ങ് ബോർഡിന്റെ പദ്ധതിയുണ്ട്. തീരദേശ പഞ്ചായത്തുകളിൽ സുനാമി പദ്ധതിയുടെ ഭാഗമായി വീടുകൾ പണിതിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും ഫിഷറീസ് വകുപ്പും വകുപ്പുതലത്തിൽ ഭവന പദ്ധതികൾ നടപ്പാക്കുന്നുമുണ്ട്.

### a. ഇന്ദിര ആവാസ് യോജന (IAY)

വീടൊന്നിന് 38500 രൂപ (75% കേന്ദ്രവും 25 ശതമാനം സംസ്ഥാനവും) സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര പദ്ധതി. 60 ശതമാനം ഗുണഭോക്താക്കളും പട്ടികജാതി/വർഗ്ഗക്കാരാകണമെന്നും നിബന്ധനയുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിയുടെ സാമ്പത്തിക സഹായത്തിനൊപ്പമാകുന്നതിനു വേണ്ടി യഥാക്രമം 86500 രൂപ, 61500 രൂപ, 36500 രൂപ എന്നിങ്ങനെ പട്ടിക വർഗ്ഗം, പട്ടിക ജാതി, പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകൾ നൽകുകയാണ്. ഇതു വഴി സമ്പൂർണ്ണ ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്കു ലഭിക്കുന്ന സഹായവും പരിഗണനയും ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

### b. എം എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി

എഴുപതുകളിൽ  നടന്ന സുപ്രധാനമായ ഭവന പദ്ധതിയാണ് ലക്ഷം വീടു പദ്ധതി. അന്നു നിർമ്മിച്ച വീടുകളിൽ നല്ലൊരു പങ്ക് കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാതായിട്ടുണ്ട്. ഇവയുടെ ഭൂരിപക്ഷവും പഞ്ചായത്തുകൾ വീടു മെച്ചപ്പെടുത്തൽ പദ്ധതികളുടെ ഭാഗമായി പരിഷ്ക്കരിച്ചിട്ടുണ്ട്. ഇനിയും പതിനാറായിരത്തിലേറെ വീടുകൾ മെച്ച പ്പെടുത്താനുണ്ടെന്നാണ് കണ്ടെത്തി യിട്ടുള്ളത്. ഇവ വീടൊന്നിന് 75000 രൂപ ചെലവഴിച്ച് പുനർനിർമ്മിക്കുന്നതിനാണ് എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി ലക്ഷ്യമിടുന്നത്. പകുതി തുക സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകും; ബാക്കി പഞ്ചായത്തും. എല്ലാ ലക്ഷം വീടുകളും വാസയോഗ്യമാക്കുക എന്നതാണ് ലക്ഷ്യം.

### c. ബി.എസ്.യു.പി, ഐ.എച്ച്.എസ്.ഡി.പി പദ്ധതികൾ

ജവഹർലാൽ  നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഭവന പദ്ധതികളാണിവ. നഗരങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങൾക്ക് ഭവന ധനസഹായം ലഭ്യമാക്കുന്ന ഈ പദ്ധതികളിൽപെടുത്തി ഒറ്റ വീടുകളും ക്ലസ്റ്ററുകളുമായി 30000 വീടുകൾക്കുള്ള അംഗീകാരം കേരളത്തിനു ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തിനു പുറമേ നഗരസഭകളുടെ വിഹിതവും ഗുണഭോക്താവിന്റെ വിഹിതവും ഉൾപ്പെടുന്നതാണ് പദ്ധതി. പതിനായിരത്തിലേറെ വീടുകൾ ഇതിനകം പണി പൂർത്തീകരിച്ചി ട്ടുണ്ട്. ഈ പദ്ധതിയും ഭവനരഹിതരുടെ എണ്ണം കുറച്ചു കൊണ്ട് സമ്പൂർണ്ണ ഭവന പദ്ധതിയെ സഹായിക്കുന്നതാണ്.

*ശേഷം പേജ് 19*



# കുടുംബശ്രീ
# പുത്തൻമാനങ്ങൾ കൈവരിച്ച് മുന്നോട്ട്

**ശാരദാ മുരളീധരൻ ഐ.എ.എസ്**

കേരള സമൂഹത്തിന്റെ വികസനത്തിനുള്ള ഉപകരണം എന്ന നിലയിൽ കുടുംബശ്രീക്കിന്ന് അതുല്യമായ പദവിയാണ് അവകാശപ്പെടാനുള്ളത്. ഭരണഘടനയുടെ 73,74 ഭേദഗതിക്കും ജനകീയാസൂത്രണ പരിപാടിക്കും ഒപ്പം ദാരിദ്ര്യ ലഘൂകരണത്തിന് പുത്തൻ മാനം നൽകിക്കൊണ്ടാണ് കുടുംബശ്രീ ആരംഭിച്ചത്. പന്ത്രണ്ടു വർഷം എത്തി നിൽക്കുമ്പോൾ കുടുംബശ്രീയുടെ ദർശനത്തിൽ കാതലായ മാറ്റം സംഭവിച്ചിരിക്കുന്നു. ആനുകൂല്യങ്ങൾക്കായി കാത്തിരിക്കുന്ന സ്വയം സഹായ പ്രസ്ഥാനമല്ല കുടുംബശ്രീ. വികസന മേഖലയിൽ ഒഴിവാക്കാനാകാത്ത ഇടപെടൽ ശക്തിയായി മാറിയതോടെ കുടുംബശ്രീ ശാക്തീകരണത്തിന്റെ പ്രതീകം എന്ന പദവിക്ക് അർഹത നേടിയിരിക്കുന്നു.

കുടുംബശ്രീ സംഘടനാ സംവിധാനം കൂടുതൽ ജനാധിപത്യപരവും കരുത്തുറ്റതും ആക്കി മാറ്റുന്നതിന് ഇക്കഴിഞ്ഞ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. 37 ലക്ഷം അംഗങ്ങൾ ഉള്ള ബൃഹത്തായ പ്രസ്ഥാനത്തിനുള്ളിൽ സുതാര്യതയും ജനാധിപത്യവും ഉണ്ടാക്കുന്നതിന് കാതലായ ചില മാറ്റങ്ങൾ അനിവാര്യമായിരുന്നു. അതിനാലാണ് കുടുംബശ്രീയുടെ ത്രിതലസംഘടനാ സംവിധാനത്തിന്റെ കെട്ടുറപ്പ് ഉറപ്പാക്കത്തക്ക വിധത്തിൽ ബൈലോ പരിഷ്കരിക്കുകയും അതിനനുസൃതമായി മുഴുവൻ അയൽക്കൂട്ട അംഗങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് സംഘടനാ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തത്.

## കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ്

37 ലക്ഷം കുടുംബാംഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പിന് വ്യവസ്ഥാപിതമായ സംവിധാനമോ, രീതിയോ ഉണ്ടായിരുന്നില്ല. നല്ലൊരു ശതമാനം ത്രിതല സംഘടനാ സംവിധാനങ്ങളുടെയും തെരഞ്ഞെടുപ്പ് യഥാസമയം നടത്താൻ കഴിഞ്ഞിരുന്നില്ല. വർഷങ്ങളായി ഒരേ ഭരണസമിതി തന്നെ സിഡിഎസുകളിൽ തുടരുന്ന സ്ഥിതിവിശേഷവും നിലനിന്നിരുന്നു. കുടുംബശ്രീ സംഘടനാ നേതൃത്വത്തിലേയ്ക്ക് കാര്യപ്രാപ്തിയുള്ള പുതിയ നേതൃനിര കടന്നുവരുന്നതിനും, പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് തടസ്സം സൃഷ്ടിച്ചിരുന്നു.

പരിഷ്ക്കരിച്ച കുടുംബശ്രീ ബൈലോയിൽ ത്രിതല സംഘടനാ സംവിധാ







നങ്ങളുടെ തെരഞ്ഞെടുപ്പ് നടപടികൾ സുതാര്യമായും, വ്യവസ്ഥാപിതമായും നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. സംഘടനാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള തെരഞ്ഞെടുപ്പ് സംവിധാനവും നിലവിൽ വന്നു. സംഘടനാ സംവിധാനത്തിന് സ്വാതന്ത്ര്യമുള്ള സുതാര്യവും പങ്കാളിത്ത പൂർണ്ണവുമായ തെരഞ്ഞെടുപ്പ് രീതി, നടപടികളിലെ അനൗപചാരിക സമീപനം, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിൽ കൂടുതൽ വ്യക്തതയും, സുതാര്യതയും, സംഘടനാ നേതൃത്വശേഷി വളർത്താൻ സഹായിക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ, സാമ്പത്തിക ബാധ്യതയില്ലാത്ത തെരഞ്ഞെടുപ്പ് രീതി, സ്വാതന്ത്ര്യവും വ്യവസ്ഥാപിതവുമായ തെരഞ്ഞെടുപ്പ് സംവിധാനം, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കൃത്യമായ കാലയളവും സമയക്രമവും, എസ്.സി/എസ്.ടി വിഭാഗക്കാരുടെ ആനുപാതിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ തുടങ്ങി പുതുക്കിയ തെരഞ്ഞെടുപ്പ് രീതികളുടെ സവിശേഷതകൾ ഏറെയാണ്. 2008 ഡിസംബർ ഒന്നിന് പുതിയ സിഡിഎസ് നേതൃനിര നിലവിൽ വന്നു. സാങ്കേതികമായ കാരണങ്ങളാൽ അപൂർവം ചില സിഡിഎസുകളിൽ മാത്രമാണ് തെരഞ്ഞെടുപ്പ് നടക്കാതിരുന്നത്.

കുടുംബശ്രീയുടെ ഏറ്റവും സുപ്രധാന തലമായ സിഡിഎസിന്റെ പ്രവർത്തനം ഊർജ്ജസ്വലവും ഫലപ്രദവും ആക്കുന്നതിന് വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ സഹായിക്കുന്ന വിധത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിന് പുതിയ രീതിശാസ്ത്രം വികസിപ്പിച്ചെടുത്തു. സിഡിഎസ് ഭാരവാഹികളുടെ പ്രവർത്തന വൈദഗ്ധ്യം മെച്ചപ്പെടുത്തുവാൻ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതിന്റെ ചുമതല സിഡാക്കിനെ ഏല്പിച്ചിരിക്കുകയാണ്. സിഡിഎസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചതും സിഡിഎസിന് ഭരണനിർവഹണ ഗ്രാന്റ് നൽകി തുടങ്ങിയതും സിഡിഎസിന്റെ ആത്മവിശ്വാസത്തോടെയുള്ള പ്രവർത്തനത്തിന് സഹായകമായിട്ടുണ്ട്. കൂടാതെ ഏറ്റവും നല്ല സിഡിഎസിന് അവാർഡു നൽകുവാൻ തീരുമാനിച്ചിരിക്കുന്നതും ആരോഗ്യകരമായ മത്സരത്തിന് ഇടയാക്കിയിട്ടുണ്ട്.

**പന്ത്രണ്ടുവർഷം എത്തി നിൽക്കുമ്പോൾ കുടുംബശ്രീയുടെ ദർശനത്തിൽ കാതലായ മാറ്റം സംഭവിച്ചിരിക്കുന്നു. ആനുകൂല്യങ്ങൾക്കായി കാത്തിരിക്കുന്ന സ്വയം സഹായ പ്രസ്ഥാനമല്ല കുടുംബശ്രീ. വികസന മേഖലയിൽ ഒഴിവാക്കാനാകാത്ത ഇടപെടൽ ശക്തിയായി മാറിയതോടെ കുടുംബശ്രീ ശാക്തീകരണത്തിന്റെ പ്രതീകം എന്ന പദവിക്ക് അർഹത നേടിയിരിക്കുന്നു.**

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ കണക്കുകൾ ചിട്ടപ്പെടുത്തുക എന്നത് ഭാരിച്ച ഉത്തരവാദിത്വമായിരുന്നു. വർഷങ്ങളായി തുടർന്നു വന്ന പല രീതികൾക്കും ഉള്ള പോരായ്മകൾ പരിഹരിക്കുവാൻ വിപുലമായ പരിപാടികൾ തയ്യാറാക്കി. ധനവിനിയോഗം ചിട്ടപ്പെടുത്തുന്നതിനും ഓഡിറ്റിംഗിനുമായി കുടുംബശ്രീ ഓഡിറ്റിംഗ് & അക്കൗണ്ടിംഗ് സൊസൈറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി. 2006-07 ൽ പ്രത്യേക ക്യാമ്പയിൻ തന്നെ നടത്തിക്കൊണ്ട് മുഴുവൻ അയൽക്കൂട്ടങ്ങളുടെയും കണക്കു ചിട്ടപ്പെടുത്താനായത് വലിയ നേട്ടമാണ്. മാത്രമല്ല, ഓരോ സിഡിഎസിനും ഒരു അക്കൗണ്ടിനെ നിയമിച്ചു. ലഘുസമ്പാദ്യ വായ്പാ പ്രവർത്തനം കാര്യക്ഷമമാക്കാനും ബാങ്ക് ലിങ്കേജ് ഉയർത്തുവാനും വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പലിശസബ്സിഡി പദ്ധതി അയൽക്കൂട്ടങ്ങൾക്ക് മുന്നോട്ടു പോകുവാൻ ഊർജ്ജം പകർന്നിട്ടുണ്ട്. പലിശ സബ്സിഡി പദ്ധതി





പ്രകാരം വായ്പയുടെ പലിശനിരക്ക് 9% ആയി നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ 5% സബ്സിഡിയായി കണക്കാക്കുന്നതാണ് പലിശസബ്സിഡി പദ്ധതി. ഫലത്തിൽ 4% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ ലഭിക്കും. സംഘടനാ സംവിധാനത്തിന്റെ ഓഡിറ്റിംഗിന് മാർഗ്ഗരേഖ വികസിപ്പിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തനങ്ങളുടെ അടിസ്ഥാനം ലഘുസമ്പാദ്യവും സൂക്ഷ്മ സംരംഭങ്ങളും ആണ്. പൊതുവിപണിയിൽ ഏകദേശം 150 ഓളം കുടുംബശ്രീ ഉത്പന്നങ്ങൾ ഇന്നെത്തുന്നുണ്ട്. സംരംഭക വികസനം കുടുംബശ്രീയുടെ പരിപാടിയായി കണക്കാക്കിയിട്ടുണ്ട്. 2006 ഒക്ടോബറിൽ സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങളുടെ പഠനം നടത്തുകയും ഈ മേഖലയിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്തുകയും ചെയ്തു. 2007 ഏപ്രിലിൽ തൊഴിൽ സംരംഭ സാധ്യതാ രജിസ്റ്ററുകൾ തയ്യാറാക്കി. ഉൽപാദനം മുതൽ വിപണനം വരെയുള്ള ഘടകങ്ങൾ ഉറപ്പാക്കി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. തിരുവനന്തപുരം-നേന്ത്രവാഴ, പത്തനംതിട്ട- തേൻ, കോട്ടയം-അലങ്കാര മത്സ്യം, എറണാകുളം-പൈനാപ്പിൾ, തൃശൂർ- പൂജക്കദളി, പാലക്കാട്-കൊണ്ടാട്ടം, കോഴിക്കോട്-ചെരുപ്പ് അപ്പർ നിർമ്മാണം, കണ്ണൂർ-ആട് ഗ്രാമം, കാസർഗോഡ്-കശുവണ്ടി, കൊല്ലം-വസ്ത്ര നിർമ്മാണം എന്നീ സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സമഗ്രകളിലൂടെ അംഗങ്ങളെ സംരംഭകരായി മറ്റ് ജില്ലകളിലും സമഗ്ര പ്രോജക്ടുകൾ തയ്യാറായി വരുന്നു. സേവന മേഖലയിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തിയും സംരംഭം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സാന്ത്വനം, ഖരമാലിന്യ സംസ്കരണ സമാഹരണ യൂണിറ്റുകൾ, വാട്ടർ അതോറിറ്റി മീറ്റർ റീഡിംഗ്, അപ്പാരൽ പാർക്ക് തുടങ്ങിയവ ഇവയിൽ ചിലതു മാത്രം.

സംരംഭ വികസനത്തിനുതകുന്ന തരത്തിൽ വ്യത്യസ്ത തരത്തിലുള്ള പരിശീലനങ്ങൾ വിവിധ തലങ്ങളിൽ

**സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡി പദ്ധതി അയൽക്കൂട്ടങ്ങൾക്ക് മുന്നോട്ടു പോകുവാൻ ഊർജ്ജം പകർന്നിട്ടുണ്ട്. പലിശ സബ്സിഡി പദ്ധതി പ്രകാരം വായ്പയുടെ പലിശനിരക്ക് 9% ആയി നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ 5% സബ്സിഡിയായി കണക്കാക്കുന്നതാണ് പലിശസബ്സിഡി പദ്ധതി. ഫലത്തിൽ 4% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ ലഭിക്കും.**

ആവശ്യമായ തരത്തിൽ നടത്തിവരുന്നുണ്ട്. മത്സരാധിഷ്ഠിത വിപണിയുടെ മാറ്റങ്ങളും ആവശ്യങ്ങളും മനസ്സിലാക്കിക്കൊണ്ട് കുടുംബശ്രീ ഉത്പന്നങ്ങളുടെ അവതരണ രീതിയിലും ഗുണമേന്മയിലും അടുത്ത കാലത്ത് വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഇതിനുവേണ്ടി വിപുലമായ പരിപാടികൾ കുടുംബശ്രീ ആവിഷ്കരിച്ചിട്ടുണ്ട്.

ഈ ഉത്പന്നങ്ങളുടെ വിപണനം സുഗമമാക്കുവാൻ ആവിഷ്ക്കരിച്ച മാസചന്തകൾ വൻവിജയമാണ്. എല്ലാ ജില്ലകളിലും മാസചന്തകൾ നടന്നു വരുന്നു. ചിലയിടങ്ങളിലെങ്കിലും ആഴ്ചചന്തകളും ദിവസ ചന്തകളും ആയി ഇതു മാറിയിട്ടുണ്ട്. വിപണന ശൃംഖല എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ആദ്യ ചുവടായി മാസചന്തകളെ കണക്കാക്കാം. പല പഞ്ചായത്തുകളിലും സ്ഥിരം വിപണന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല, കുടുംബശ്രീ സാന്നിധ്യമില്ലാത്ത വിപണന മേളകൾ ഇന്ന് വിരലിലെണ്ണാവുന്നവ മാത്രമേയുള്ളൂ. ദില്ലി അന്താരാഷ്ട്ര വിപണനമേള, ട്രാവൽമാർട്ട്, അന്നം, ഓണം- ടൂറിസം മേള, അഗ്രിഎക്സ്പോ തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള മേളകളിൽ കുടുംബശ്രീ പങ്കെടുത്തു വരുന്നു. കുടുംബശ്രീയുടെ തന്നെ ഓണം, ക്രിസ്തുമസ്, റംസാൻ മേളകൾ ഇവയ്ക്കു പുറമേയാണ്. തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ സ്ഥിരം വിപണനശാല ഉടൻ ആരംഭിക്കും. തൃശൂരിലെ കൊടകരയിൽ സാമൂഹ്യാധിഷ്ഠിത വിപണന ശൃംഖല വിപണന രംഗത്ത് പുതിയ സാധ്യതകൾ നേടാൻ സഹായിക്കുന്നു. കൂടാതെ ഹോംഷോപ്പ് സംവിധാനം ഈ മേഖലയിലെ പുതിയ കാൽവയ്പാണ്. കുടുംബശ്രീക്ക് സ്വന്തമായ ബ്രാന്റിംഗിനുള്ള ശ്രമവും ആരംഭിച്ചു കഴിഞ്ഞു.

**ആശ്രയ**

സാമൂഹ്യ ശാക്തീകരണ രംഗത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏറെ പ്രശംസ പിടിച്ചു പറ്റിയവയാണ്. ദരിദ്രരിൽ ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരുടെ ക്ഷേമത്തിനായുള്ള പദ്ധതിയാണ് ആശ്രയ. പ്രധാനമന്ത്രിയുടെ പുരസ്ക്കാരം കരസ്ഥമാക്കിയ 'ആശ്രയ' പദ്ധതി കുറ്റമറ്റതും കൂടുതൽ ഫലപ്രദവും ആകുന്നതിന് പദ്ധതി പുന:പരിശോധന നടത്തുകയും നിർവഹണ പുരോഗതി വിലയിരുത്തുവാൻ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി ജില്ലാ ആസൂത്രണ സമിതികൾക്ക് അതിന്റെ ചുമതല നൽകുകയും ചെയ്തു. ഇന്ന് 67322 ആശ്രയ ഗുണഭോക്താക്കൾ ഉണ്ട്. ആശ്രയ പദ്ധതിയുടെ ചലഞ്ച്ലോൺ പരിധി 10 ലക്ഷത്തിൽ നിന്നും 15 ലക്ഷമെത്തിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ളതാണ് ബഡ്സ് സ്ക്കൂളുകൾ. പഞ്ചായത്തുകൾ നേരിട്ടു നടത്തുന്ന ഈ സ്ക്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് സമൂഹത്തിന്റെയാകെ ഉത്തരവാദിത്വമാണെന്നതാണ് വാസ്തവം. നമ്മുടെ ഗ്രാമങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ മാനസിക ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളാണ് ബഡ്സിൽ എത്തുന്നത്. 2009 ൽ 11 ബഡ്സ് സ്ക്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ നേടിയെടുക്കാനായി. സർക്കാർ തലത്തിലുള്ള വിവിധ സഹായങ്ങൾ ബഡ്സ് സ്ക്കൂളിന് ലഭിക്കാൻ ഇത് ഇടയാക്കും. ബഡ്സ് സ്ക്കൂളിന്റെ നടത്തിപ്പിന് തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേക മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുവാനും അവയുടെ അധികാരം സംബന്ധിച്ചും സർക്കാർ മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സേവനവും ബഡ്സിന് ലഭിക്കുവാനാണിപ്പോൾ ശ്രമിച്ചു വരുന്നത്.

**ബാലസഭ**

കുടുംബശ്രീ കുടുംബങ്ങളിലെ





കുട്ടികളുടെ കൂട്ടായ്മയായ ബാലസഭയുടെ എണ്ണം 47920 ആയി ഉയർന്നു. കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന തരത്തിൽ അനൗപചാരിക ലഘു പഠന സംഘങ്ങൾ എന്ന തലത്തിലേയ്ക്ക് ബാലസഭകളെ മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാഴ്ചപ്പാടിനനുസരിച്ച് ബാല പഞ്ചായത്തുകളുടെ സംഘാടനത്തിലും മാറ്റം കൊണ്ടുവന്നു. ശാസ്ത്ര വർഷം ബാലസഭകൾ ഏറ്റെടുത്തു കഴിഞ്ഞു. സമഗ്ര കായികാരോഗ്യ പദ്ധതി എന്ന പേരിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ശാരീരിക മാനസികാരോഗ്യത്തിനായി ആരംഭിച്ചിരിക്കുന്ന പരിപാടി വൻ വിജയമായി മുന്നേറുകയാണ്. ഗ്രാമങ്ങളിലെ പഞ്ചായത്ത്/സ്ക്കൂൾ മൈതാനികൾ ബാലസഭയിലെ കുട്ടികൾ ഫുട്ബോളിനും വോളിബോളിനും മറ്റുമായി കയ്യടക്കിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നടക്കുന്ന മാതൃസംഗമങ്ങളിൽ അമ്മമാർ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുമ്പോഴാണ് കായികാരോഗ്യ പരിപാടി എത്ര മാത്രം ആവശ്യമാണെന്ന് നാം തിരിച്ചറിയുക.

**ദാരിദ്ര്യ നിർമ്മാർജനം**

നഗര പ്രദേശത്ത് വർദ്ധിച്ചു വരുന്ന ദാരിദ്ര്യം ലഘൂകരിക്കുന്നതിനും കുടുംബശ്രീ നിർണായക പങ്കു വഹിക്കുന്നു. എഡിഎസ് തലത്തിലായിരുന്ന സമ്പാദ്യ പ്രവർത്തനം അയൽക്കൂട്ട തലത്തിലാക്കിയത് ഒരു പ്രധാന മാറ്റമാണ്. നഗര പ്രദേശത്തെ ത്രിതല സംഘടനാ സംവിധാനത്തിന് ജനകീയ സ്വഭാവം കൊണ്ടു വരാനായിട്ടുണ്ട്. എസ്ജെഎസ്ആർവൈ ആക്ഷൻ പ്ലാൻ രൂപീകരണത്തിനും അംഗീകാരത്തിനും ഉണ്ടായിരുന്ന സങ്കീർണത പരിപാടികളുടെ വിജയത്തിന് വിഘാതം സൃഷ്ടിച്ചിരുന്നു. അതു മറികടക്കുന്നതിന്റെ ഭാഗമായി അംഗീകാര ചുമതല ജില്ലാ ആസൂത്രണ സമിതിക്ക് കൈമാറി ത്രിതല സംഘടനാ സംവിധാനം എന്നാക്കുകയും സംരംഭ വികസനത്തിന് പുതിയ രീതി ശാസ്ത്രം വികസിപ്പിക്കുകയും ചെയ്തു. മലപ്പുറം, പെരുന്തൽമണ്ണ നഗരസഭകളിലെ ലൈവ്ലിഹുഡ് പ്രോജക്ട് ഈ രീതിയിൽ ഉള്ളതാണ്.

പട്ടികവർഗ/ജാതി മേഖലയിലെ ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടുകൊണ്ട് സവിശേഷ ഇടപെടൽ നടത്താനായി. പൊതു സമൂഹത്തിലെ സ്ത്രീകളെക്കാൾ കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന ഈ വിഭാഗങ്ങളെ കുടുംബശ്രീയുടെ കുടക്കീഴിൽ അണിനിരത്തുക എന്നത് അടിയന്തരാവശ്യമായിത്തന്നെ കണക്കാക്കിയതിന്റെ ഫലമാണ് എഡിഎസ്/സിഡിഎസ് സംവിധാനങ്ങളിൽ പട്ടികവർഗ്ഗ/ജാതിക്കാരുടെ ആനുപാതിക പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ ബൈലോയിൽ ഭേദഗതി വരുത്തിയത്. 2009 ൽ നടന്ന തെരഞ്ഞെടുപ്പിൽ പങ്കാളിത്തം ഉറപ്പാക്കുവാനായി പ്രത്യേക അയൽക്കൂട്ടങ്ങൾ എന്ന ആശയം കുടുംബശ്രീയിൽ കൊണ്ടുവന്നത് പലതരത്തിലുള്ള സവിശേഷമായ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് വലിയ ആശ്വാസമായിട്ടുണ്ട്. പ്രത്യേക അയൽക്കൂട്ടം രൂപീകരിക്കുവാൻ അനുമതി നൽകി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാഴ്ച വൈകല്യമുള്ളവരും എച്ച് ഐ വി പോസിറ്റിവായവരും പ്രത്യേക അയൽക്കൂട്ടം രൂപീകരിക്കുവാൻ അപേക്ഷ നൽകിയിട്ടുണ്ട്.

**സ്ത്രീപദവി സ്വയം പഠന പ്രക്രിയ**

സാമ്പത്തിക ശാക്തികരണം പ്രധാന ലക്ഷ്യമാകുമ്പോഴും സ്ത്രീ എന്ന നിലയിൽ സമൂഹത്തിൽ സ്വന്തം ഇടം നേടിയെടുക്കുവാൻ സ്ത്രീകൾ ഇനിയും കുറേ ദൂരം കൂടി പോകേണ്ടതുണ്ട് എന്നതിനാലാണ് സ്ത്രീ പദവി സ്വയം പഠന പ്രക്രിയ ആവിഷ്കരിച്ചത്. സ്വന്തം ജീവിതത്തെ അപഗ്രഥിച്ചു കൊണ്ട് ലിംഗപരമായ വിവേചനം തിരിച്ചറിയുവാൻ സഹായിക്കുന്ന നൂതന പദ്ധതിയാണി ത്. ആദ്യം പൈലറ്റായി ആരംഭിച്ചുവെ ങ്കിലും ഏറെ വൈകാതെ സംസ്ഥാന വ്യാപകമാക്കി മാറ്റുകയായിരുന്നു.

**മാലിന്യനിർമ്മാർജനമായാലും ക്ഷീരോത്പാദനമായാലും മത്സ്യ കയറ്റുമതിയായാലും തൊഴിലുറപ്പു പദ്ധതിയായാലും കുടുംബശ്രീയെ അവഗണിക്കുവാൻ നയരൂപീകരണ വിദഗ്ദ്ധർക്ക് കഴിയാത്ത സ്ഥിതിയിലാണ് കേരളം. മറ്റ് സ്വയം സഹായ സംഘം പ്രസ്ഥാനത്തിൽ നിന്നും കുടുംബശ്രീയെ വ്യത്യസ്തമാക്കുന്നതും ഇതുതന്നെയാണ്.**

കുടുംബശ്രീ 2008 ൽ രൂപകല്പന ചെയ്ത ലോഗോ സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം, സാമൂഹിക ശാക്തീകരണം എന്നിങ്ങനെ മൂന്നു പ്രധാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയാണ് തങ്ങളുടെ ശ്രമം എന്ന് പ്രഖ്യാപിക്കുന്നു. ലോഗോ കേരളീയ സാമൂഹ്യ ജീവിതത്തിന്റെ നാനാ തലങ്ങളിലും തങ്ങളുടെ സാന്നിധ്യവും പങ്കാളിത്തവും ഉറപ്പാക്കികൊണ്ട് കുടുംബശ്രീയുടെ ജൈത്ര യാത്ര മുന്നോട്ട് കുതിക്കുകയാണ്. മാലിന്യനിർമ്മാർജനമായാലും ക്ഷീരോത്പാദനമായാലും മത്സ്യ കയറ്റുമതിയായാലും തൊഴിലുറപ്പു പദ്ധതിയായാലും കുടുംബശ്രീയെ അവഗണിക്കുവാൻ നയരൂപീകരണ വിദഗ്ദ്ധർക്ക് കഴിയാത്ത സ്ഥിതിയിലാണ് കേരളം. മറ്റ് സ്വയം സഹായ സംഘം പ്രസ്ഥാനത്തിൽ നിന്നും കുടുംബശ്രീയെ വ്യത്യസ്തമാക്കുന്നതും ഇതുതന്നെയാണ്. കുടുംബശ്രീ കുടുംബത്തിന്റെ വൈപുല്യം കണക്കിലെടുക്കുമ്പോൾ കുടുംബാംഗങ്ങൾ മനസ്സിലുള്ള ആശയവിനിമയത്തിന് പുതിയ മാർഗ്ഗങ്ങൾ തേടേണ്ടി വന്നു. അതിന്റെ ഫലമാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന ദ്വൈവാര വാർത്താപത്രിക. കേരളത്തിന്റെ കുടുംബശ്രീ എന്ന പേരിൽ ഒരു ത്രൈമാസികയും ന്യൂസ് പേപ്പർ രജിസ്ട്രാർ ഓഫ് ഇന്ത്യയുടെ രജിസ്ട്രേഷനോടെ ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്നു.

കുടുംബശ്രീയുടെ ദൃശ്യത കൂടുതൽ മിഴിവുറ്റതാകുന്നതിനീ പ്രസിദ്ധീകരണങ്ങൾ സഹായിക്കുന്നു. ഇത്തരത്തിൽ വളരെ വ്യക്തമായ ലക്ഷ്യബോധത്തോടെ കുടുംബശ്രീ പുത്തൻമാനങ്ങൾ കൈവരിച്ചു കൊണ്ട് മുന്നേറുന്നു. കേരളത്തിന്റെ വികസന ചരിത്രത്തിലെ സ്ത്രീപക്ഷമായ പുത്തൻ അധ്യായം രചിക്കുവാൻ കഴിഞ്ഞതിൽ 37 ലക്ഷം സ്ത്രീകൾക്കാണ് അഭിമാനിക്കുവാൻ അവകാശം. ■

*ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടറാണ്.*

പ്രൊഫ. എം.കെ. പ്രസാദ്




തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇ-ഗവേർണൻസ് നടപ്പാക്കുന്നതിനുള്ള കുതിപ്പിലേയ്ക്ക് നീങ്ങിക്കഴിഞ്ഞു. വിവിധതരത്തിലുള്ള രജിസ്ട്രേഷനുകൾ, റവന്യൂ സംവിധാനം, പെൻഷൻ വിതരണം, ഫയൽ മോണിറ്ററിംഗ് തുടങ്ങിയ മേഖലകളിൽ കമ്പ്യൂട്ടർവൽകൃത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഒരു പക്ഷെ മറ്റ് വകുപ്പുകളിൽ നിന്നും വിഭിന്നമായി 1223 തദ്ദേശഭരണ സ്ഥാപനങ്ങളും പഞ്ചായത്ത് - നഗരകാര്യവകുപ്പും ചേരുന്ന ബൃഹത്തായ ഇ-ഗവേർണൻസ് പരിപാടിയാണ് നമ്മുടെ സംസ്ഥാനത്ത് ഇതുവഴി പ്രവർത്തിപഥത്തിൽ എത്തിയിരിക്കുന്നത്. ഇ-ഗവേർണൻസിന്റെ ഭാഗമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതിനുള്ള 16 ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ ഇതിനകം വികസിപ്പിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലേയും ഭൗതികസൗകര്യങ്ങൾ പൂർത്തിയാക്കി, സോഫ്റ്റ്‌വെയർ വിന്യസിച്ച് ജീവനക്കാർക്ക് പരിശീലനം നൽകി പഞ്ചായത്ത് ഭരണസമിതിയുടെ മുൻകൈയ്യോടെയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്.

കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങ ളുടെ ഏറ്റവും പ്രധാനമായ ഘടകം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയാണ്. ഇതിനായി സർവർ മുറി തയ്യാറാക്കൽ, ഇലക്ട്രിക്കൽ വയറിംഗ്, നെറ്റ്‌വർക്കിംഗ്, എർത്തിംഗ് തുടങ്ങിയ സാങ്കേതിക പ്രവർത്തനങ്ങൾ 988 ഗ്രാമപഞ്ചായത്തുകളിൽ ഇതിനകം പൂർത്തികരിച്ചു കഴിഞ്ഞു. തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം ജില്ലകളിൽ സാങ്കേതികമായ ചില കാരണങ്ങളാൽ 11 പഞ്ചായത്തുകളിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇതുകൂടി പൂർത്തീകരിക്കുന്നതോടെ സാങ്കേതികത്തികവോടെയുള്ള ഭൗതിക സൗകര്യങ്ങളും, സർവർ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാകും.

**ഓൺലൈൻ സംവിധാനം**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായ പലകാര്യങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഇതുവഴി ജീവനക്കാരുടെ ജോലിഭാരം കുറയുന്നതു മാത്രമല്ല, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും, ചിട്ടകൈവരിക്കുന്നതിനും, സമയബന്ധിതമായി കാര്യങ്ങൾ നിർവഹിക്കുന്നതിനും കഴിയുന്നു. ചില ഉദാഹരണങ്ങൾ നമുക്ക് പരിശോധിക്കാം.

ജനകീയാസൂത്രണ പദ്ധതിയുടെ രൂപീകരണം, സാങ്കേതിക പരിശോധന, അംഗീകാരം, ചെലവു വിവരങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള സുലേഖ എന്ന സോഫ്റ്റ്‌വെയർ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും, ജില്ലാ ആസൂത്രണ സമിതി ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നു. ശരാശരി ഒരു വർഷം 1.50 ലക്ഷം പ്രോജക്ടുകൾ ഈ സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യുന്നു. മാത്രവുമല്ല, 9-ാം പദ്ധതിയിലും 10-ാം പദ്ധതിയിലും 11-ാം പദ്ധതിയിൽ ഇതുവരെയുള്ളതുമായ പദ്ധതി രൂപീകരണ-നിർവഹണ വിവരങ്ങൾ ക്രോഡീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഫ്രണ്ട് ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി, ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഓരോ അപേക്ഷയുടെയും. പരാതിയുടെയും സ്ഥിതി വിവരം അതത് സമയം ടച്ച് സ്ക്രീനിൽ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള സൂചിക സോഫ്റ്റ്‌വെയർ പൈലറ്റടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ വിന്യസിച്ചു. മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിൽ മാതൃകാപരമായ രീതിയിൽ ഇത് പ്രവർത്തിക്കുന്നുണ്ട്.**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ജനന/മരണ/വിവാഹ രജിസ്ട്രേഷൻ 937 ഗ്രാമപഞ്ചായത്തുകളിലും സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിർവഹിക്കുന്നത്. ആശുപത്രികളിൽ വെച്ച് തത്സമയ ജനന രജിസ്ട്രേഷൻ നടത്തുന്നതിനായി രൂപകൽപന ചെയ്ത ഹോസ്പിറ്റൽ കിയോസ്കുകൾ 37 ഗ്രാമപഞ്ചായത്തുകളിലും 23 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലുമായി 306 ആശുപത്രികളിൽ പ്രവർത്തിക്കുന്നു. ജനന/മരണ രജിസ്ട്രേഷനുകളുടെ മുൻകാല വിവരങ്ങൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കുന്ന മുറയ്ക്ക് ഈ വിവരങ്ങൾ തദ്ദേശഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്.

# ഇൻഫർമേഷൻ കേരള മിഷൻ

## ലക്ഷ്യപ്രാപ്തിയിലേയ്ക്ക്

**1223 തദ്ദേശഭരണ സ്ഥാപനങ്ങളും പഞ്ചായത്ത് – നഗരകാര്യവകുപ്പും ചേരുന്ന ബൃഹത്തായ ഇ–ഗവേർണൻസ് പരിപാടി പ്രവർത്തിപഥത്തിൽ**

### സാമൂഹ്യസുരക്ഷാ പെൻഷനുകൾ

കേരള സർക്കാർ അതീവ പ്രാധാന്യത്തോടെ നടപ്പാക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം 757 ഗ്രാമപഞ്ചായത്തുകളിലും നഗരസഭാ സ്ഥാപനങ്ങളിലും സേവന (പെൻഷൻ) എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴിയാണ് നടക്കുന്നത്. പെൻഷൻ അലോട്ട്മെന്റ് ലഭിച്ചു കഴിഞ്ഞാൽ മണിയോർഡർ എഴുതി തയ്യാറാക്കുക എന്ന ശ്രമകരമായ ഒരു ജോലി ഒഴിവാക്കുന്നതിനും, അതുവഴി പെൻഷൻ അയയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും കൃത്യമായി യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനും ഇപ്പോൾ സാധിക്കുന്നു. പോസ്റ്റാഫീസുകളിൽ ഇലക്ട്രോണിക് മണിഓർഡർ സമ്പ്രദായം, കമ്പ്യൂട്ടർവൽക്കൃത മണിഓർഡർ സംവിധാനം എന്നിവ വന്നതോടെ ഇക്കാര്യം ഒന്നുകൂടി എളുപ്പത്തിൽ നിർവ്വഹിക്കുന്നതിന് കഴിയുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുന്നതിനുള്ള സ്ഥാപന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ 982 ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തിക്കുന്നുണ്ട്. ശമ്പളത്തോടൊപ്പം പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിശദാംശങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് വെബ്സൈറ്റിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്. നഗരസഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കി വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രവർത്തനം സജീവമായി പുരോഗമിക്കുന്നു. പഞ്ചായത്ത് വകുപ്പിന്റെയും നഗരകാര്യവകുപ്പിന്റെയും കേന്ദ്രീകൃത ഡാറ്റാ ബേസിൽ ഇക്കാര്യം തയ്യാറാക്കുന്നതിനും, സമയാസമയം പുതുക്കുന്നതിനുമുള്ള നടപടികളും നടന്നുവരുന്നു.

### ടച്ച് സ്ക്രീൻ സംവിധാനം

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സ്ഥാപിച്ച് ഫയൽ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണല്ലോ. ഫ്രണ്ട് ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി, ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഓരോ അപേക്ഷയുടെയും. പരാതിയുടെയും സ്ഥിതി വിവരം അതത് സമയം ടച്ച് സ്ക്രീനിൽ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള സൂചിക സോഫ്റ്റ്‌വെയർ പൈലറ്റടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ വിന്യസിച്ചു. മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിൽ മാതൃകാപരമായ രീതിയിൽ ഇത് പ്രവർത്തിക്കുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റവന്യൂ, അക്കൗണ്ട് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക എന്നത് സുപ്രധാനമാണ്. തനത് വരുമാനം ആർജിക്കുന്നതിനും അതാത് ദിവസത്തെ സാമ്പത്തികസ്ഥിതിയും, ചെലവ് വിവരങ്ങളും ആസ്തി ബാധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് ഇടപെടുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. ഈ സാമ്പത്തിക വർഷം മുതൽ അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചി

**കേരള സർക്കാർ അതീവ പ്രാധാന്യത്തോടെ നടപ്പാക്കുന്ന സാമൂഹ്യ സു രക്ഷാ പെൻഷനുകളുടെ വിതരണം 757 ഗ്രാമപഞ്ചായത്തുകളിലും നഗരസഭാ സ്ഥാപനങ്ങളിലും സേവന (പെൻഷൻ) എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴിയാണ് നടക്കുന്നത്. പെൻഷൻ അലോട്ട്മെന്റ് ലഭിച്ചു കഴിഞ്ഞാൽ മണിയോർഡർ എഴുതി തയ്യാറാക്കുക എന്ന ശ്രമകരമായ ഒരു ജോലി ഒഴിവാക്കുന്നതിനും, അതുവഴി പെൻഷൻ അയയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും കൃത്യമായി യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനും ഇപ്പോൾ സാധിക്കുന്നു.**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ– ഗവേർണൻസ് നിർവഹണം ഇൻഫർമേഷൻ കേരള മിഷൻ മാത്രമോ അതത് തദ്ദേശഭരണ സ്ഥാപനം മാത്രമോ ചെയ്യേണ്ട കാര്യമല്ല. മറിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പും, പഞ്ചായത്ത് നഗരകാര്യ വകുപ്പും പ്രത്യേകമായ മോണിറ്ററിംഗും കോ–ഓർഡിനേഷനും നടത്തി നിർവഹിക്കേണ്ട ഭരണ പരിഷ്കാര പ്രവർത്തനമാണ്. അത്തരത്തിലുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട് എന്നത് വളരെ സന്തോഷകരമായ കാര്യമാണ്.**

ട്ടുണ്ട്. കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് മാനുവൽ അനുസരിച്ച് നഗരസഭകളിൽ ഇക്കാര്യം നടപ്പാക്കുന്നതിനായി സാംഖ്യ (KMAM) എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷനിലും, കണ്ണൂർ മുനിസിപ്പാലിറ്റിയിലും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മറ്റ് നഗരസഭകളിൽ ഏപ്രിൽ മാസം മുതൽ നടപ്പാക്കുന്നതിനായി കിലയും ഇൻഫർമേഷൻ കേരള മിഷനും സംയുക്തമായി ജീവനക്കാർക്ക് നൽകി വരുന്ന പരിശീലനത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. നഗരസഭകളെ തുടർന്ന് എല്ലാ പഞ്ചായത്തുകളിലും ഇക്കാര്യം നടപ്പിലാക്കുന്നതിനുള്ള കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് മാനുവൽ ചട്ടങ്ങളുടെ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുക എന്നത് ശ്രമകരമായ ജോലിയാണെന്നത് പറയേണ്ടതില്ലല്ലോ. അക്കൗണ്ട് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതോടൊപ്പം വസ്തുനികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, പി എഫ് എ ലൈസൻസ്, റെന്റ് ഓൺ ലാന്റ് & ബിൽഡിംഗ് തുടങ്ങിയ എല്ലാ റവന്യൂ സ്രോതസ്സുകളും ഡിജിറ്റൈസ് ചെയ്യേണ്ടതുണ്ട്. സഞ്ചയ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഇതിനായി തയ്യാറാക്കിയിട്ടുണ്ട്. റവന്യൂ വിവരങ്ങൾ കൂടി സമയബന്ധിതമായി കമ്പ്യൂട്ടർവൽക്കരിച്ചാൽ മാത്രമേ അക്കൗണ്ടിംഗ് സംവിധാനം പൂർണമാവുകയുള്ളൂ.

**വെബ്സൈറ്റ്**

എടുത്തുപറയേണ്ട മറ്റൊരുകാര്യം തദ്ദേശ സ്വയംഭരണവകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ്സൈറ്റിന്റെ നിർമ്മാണവും പരിപാലനവുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും വകുപ്പിലേയും ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കും, അക്കാദമിക സമൂഹത്തിനും ഏറെ പ്രയോജനം ചെയ്യുന്ന വിധത്തിലാണ് ഈ വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിവിധ സർക്കാർ ഉത്തരവുകളും പഞ്ചായത്ത് നഗരകാര്യ വകുപ്പുകളുടെയും നടപടിക്രമങ്ങളും ഇതിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണം, വിവിധ കമ്മീഷനുകൾ, പഠനങ്ങൾ എന്നിങ്ങനെയുള്ള സുപ്രധാന വിവരങ്ങളും ലഭ്യമാണ്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രത്യേകം വെബ് പേജുകൾ നൽകി പരിപാലിക്കുകയും അപ്ഡേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തന്നെ വിവരങ്ങൾ കൂട്ടിചേർക്കുന്നതിനും, പുതുക്കുന്നതിനുമുള്ള സൗകര്യം ഉടനെ ലഭ്യമാക്കാൻ കഴിയും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേർണൻസ് നിർവഹണം ഇൻഫർമേഷൻ കേരള മിഷൻ മാത്രമോ അതത് തദ്ദേശഭരണ സ്ഥാപനം മാത്രമോ ചെയ്യേണ്ട കാര്യമല്ല. മറിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പും, പഞ്ചായത്ത് നഗര കാര്യ വകുപ്പും പ്രത്യേകമായ മോണിറ്ററിംഗും കോ-ഓർഡിനേഷനും നടത്തി നിർവഹിക്കേണ്ട ഭരണ പരിഷ്കാര പ്രവർത്തനമാണ്. അത്തരത്തിലുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട് എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അക്രൂവൽ അടിസ്ഥാന അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കുന്നതിനായി നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളും, വിവിധ സോഫ്റ്റ്‌വെയറുകൾ വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ നൽകിയ നിർദ്ദേശങ്ങളും ഇതിന് ദൃഷ്ടാന്തങ്ങളാണ്. ഇത്തരത്തിൽ വകുപ്പുകളുടെ നിർദ്ദേശങ്ങളും മോണിറ്ററിംഗിനുമൊപ്പം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചേംബർ, മേയേഴ്സ് ചേംബർ, ബ്ലോക്ക് പ്രസിഡന്റുമാരുടെ അസോസിയേഷൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ എന്നിവയുടെ കൂട്ടായ്മയും മോണിറ്ററിംഗും കൂടി ഫലപ്രദമായി നിർവഹിക്കേണ്ടതുണ്ട്. അതോടൊപ്പം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കുള്ള പരിശീലനം കിലയുടെയും ഇൻഫർമേഷൻ കേരള മിഷന്റെയും സംയുക്ത സംരംഭമായി മാറണം. ഇത്തരത്തിൽ കൂട്ടായ്മയോടെയും, പരസ്പരബന്ധിതവുമായ പ്രവർത്തനം ശക്തമാക്കിയാൽ തദ്ദേശഭരണത്തെ അക്ഷരാർത്ഥത്തിൽ ഇ-ഗവേർണൻസിലേയ്ക്ക് മാറുന്നതിനും, കൂടുതൽ മെച്ചമായ സേവനം പൊതുസമൂഹത്തിന് നൽകാനും കഴിയും. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷനിൽ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ ആണ്*



**പ്രൊഫ. എൻ. രമാകാന്തൻ**

# പ്രാദേശ
# മികവ

അധികാരവികേന്ദ്രീകരണത്തിന്റെയും പ്രാദേശികാസൂത്രണത്തിന്റെയും ദർശനത്തിനും കാഴ്ചപ്പാടിനും മൂല്യങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്നതിന് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കിയത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടപ്പാക്കിയ വിപുലമായ പരിശീലനങ്ങളാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടെ ഓരോ പ്രദേശത്തിന്റെയും വികസന പ്രശ്നങ്ങൾ വിശകലനം ചെയ്ത് പ്രാദേശിക സാധ്യതകൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പരിശീലനങ്ങൾ സഹായിച്ചു. കേരളത്തിൽ നടപ്പാക്കിയ അധികാരവികേന്ദ്രീകരണവും പ്രാദേശികാസൂത്രണവും ദേശീയവും സാർവ്വദേശീയവുമായ അംഗീകാരം കൈവരിക്കുന്നതിന് ഇടയാക്കിയത് വിപുലവും ലക്ഷ്യാധിഷ്ഠിതവും ഫലക്ഷമത ഉളവാക്കിയതുമായ പരിശീലനങ്ങളാണ്. കേരളത്തിൽ നടപ്പാക്കിയ അധികാരവികേന്ദ്രീകരണം തികച്ചും സവിശേഷവും ജനാധിപത്യമൂല്യങ്ങളിൽ ഊന്നിയതുമായിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിലേയ്ക്ക് അധികാരവും വികസന നയരൂപീകരണത്തിനുള്ള ഉത്തരവാദിത്തവും കൈമാറുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള തികച്ചും ജനാധിപത്യപരമായ അധികാരവികേ



# ...ശിക ഗവണ്മെന്റുകളെ ...വിന്റെ കേന്ദ്രമാക്കാൻ

# കില

ന്ദ്രീകരണവുമായിരുന്നു കേരളം സ്വീകരിച്ച മാതൃക. അതുകൊണ്ടുതന്നെ പൂർണ്ണമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകമായ രീതിസമ്പ്രദായമാണ് ജനകീയാസൂത്രണ പ്രസ്ഥാനം മുന്നോട്ടുവെച്ചത്. ജനകീയ സംഘടനാ പ്രവർത്തകർക്കും അനുദ്യോഗസ്ഥ വിദഗ്ദ്ധർക്കും സന്നദ്ധപ്രവർത്തകർക്കുമെല്ലാം പങ്കാളികളാകുന്നതിനും നേതൃത്വപരമായ പങ്ക് വഹിക്കുന്നതിനും കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം ഏറെ ശ്രദ്ധിച്ചിരുന്നു. ഇതിനായി വിപുലവും നിരന്തരവുമായ പരിശീലനം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഒമ്പതാം പദ്ധതിക്കാലത്ത് കഴിഞ്ഞിരുന്നു. കേരളത്തിലെ ജനകീയാസൂത്രണത്തേയും അധികാരവികേന്ദ്രീകരണത്തേയും ജനപങ്കാളിത്തംകൊണ്ട് സമ്പന്നമാക്കാൻ കഴിഞ്ഞതും അക്കാലത്ത് സംഘടിപ്പിച്ച ബഹുജനവിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഇത്തരം പരിശീലനങ്ങൾ ഇന്ത്യയുടെ പരിശീലന ചരിത്രത്തിൽ തന്നെ സമാനതകൾ ഇല്ലാത്ത അനുഭവമായി മാറുകയുണ്ടായി.

### പരിശീലനം - വികസന സംസ്ക്കാരത്തിലൂന്നി

ജനകീയാസൂത്രണ കാലഘട്ടത്തിലെ പരിശീലന സമ്പ്രദായം തികച്ചും വ്യത്യസ്തമായിരുന്നു. സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനത്തിനും പുതിയൊരു വികസന സംസ്ക്കാരം വളർത്തിയെടുക്കുന്നതിനും പ്രസ്തുത പരിശീലനങ്ങൾ ഊന്നൽ നൽകി. ഉദ്യോഗസ്ഥമേധാവിത്വ സമീപനത്തിൽ നിന്നും വികസന ഭരണത്തെ വിമോചിപ്പിക്കുന്നതിനും ജനകീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ വികസന ഭരണം പ്രാദേശിക തലത്തിൽ സാധ്യമാക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിശീലനങ്ങളിലൂടെ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലും ഉദ്യോഗസ്ഥരിലും മാത്രം കേന്ദ്രീകരിച്ചുള്ള പരിശീലനങ്ങൾക്കപ്പുറം സമൂഹത്തിലെ ഇതര ജനവിഭാഗങ്ങളെയാകെ പരിശീലന പരിപാടികളിൽ ഉൾക്കൊളളിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമൊപ്പം സന്നദ്ധപ്രവർത്തകർ, സാങ്കേതിക വിദഗ്ദ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, മാധ്യമപ്രവർത്തകർ, സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ, ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബഹുജനസംഘടനാ പ്രവർത്തകർ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ എന്നിങ്ങനെ വിവിധ വിഭാഗം ആളുകളെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളിലും പരിശീലനങ്ങളിലും പങ്കാളികളാക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് ഏറെ ശ്രദ്ധേയമായത്.

### ജനകീയാസൂത്രണം - പത്താം പദ്ധതിയിലെ തിരിച്ചടികൾ

ജനകീയാസൂത്രണ പ്രസ്ഥാനം നിരവധി തിരിച്ചടികൾ നേരിട്ട കാലഘട്ടമായിരുന്നു പത്താം പദ്ധതിയിലേത്. പ്രാദേശിക വികസനത്തിലും ഭരണനിർവഹണത്തിലും ജനകീയ സംഘടനാ സംവിധാനങ്ങൾക്കുണ്ടായിരുന്ന സജീവമായ പങ്കാളിത്തം കുറയുകയുണ്ടായി. പ്രാദേശികാസൂത്രണത്തിൽ ജനപ്രതിനിധികൾക്കുണ്ടായിരുന്ന പിന്തുണാസംവിധാനങ്ങൾ കൂടുതൽ ദുർബലമായതിന്റെ ഫലമായി ഉദ്യോഗസ്ഥരുടെ മേധാവിത്വം മടങ്ങി വരുന്ന സ്ഥിതിയിലേയ്ക്ക് പ്രാദേശികഭരണ സ്ഥാപനങ്ങൾ മാറുകയുണ്ടായി. ജനകീയ സംഘടനാ സംവിധാനങ്ങൾ തികച്ചും നിർജ്ജീവമാക്കുകയോ പ്രവർത്തനരഹിതമാവുകയോ ചെയ്ത അനുഭവമാണ് മിക്ക സ്ഥലങ്ങളിലും ഉണ്ടായത്. എന്നാൽ ഉയർന്ന ഇച്ഛാശക്തിയോടെ ജനകീയ സംഘടനാ സംവിധാനങ്ങളെ പ്രവർത്തനക്ഷമമാക്കി വർദ്ധിച്ച തോതിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കിയ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പദ്ധതിക്കാലത്തും ഉണ്ടായിരുന്നു എന്നതും വിസ്മരിക്കാനാവില്ല.

അധികാരവികേന്ദ്രീകരണത്തിന്റെ സുസ്ഥാപനത്തിനായി സ്വീകരിച്ച പല

നടപടികളും ഉദ്യോഗസ്ഥരെ മാത്രം കേന്ദ്രീകരിച്ച് നടപ്പാക്കിയത് പ്രാദേശികാസൂത്രണത്തിന്റെ ജനകീയതയും സർഗ്ഗാത്മകതയും ചോർന്നുപോകുന്നതിന് വലിയൊരളവുവരെ ഇടയാക്കി എന്നത് കാണാതിരുന്നുകൂടാ. ജനകീയ പങ്കാളിത്ത വേദികൾ ദുർബലമായതിന്റെയും സന്നദ്ധ-സാങ്കേതിക വിദഗ്ദ്ധരുടെ ആത്മവിശ്വാസരാഹിത്യത്തിന്റെയും ഫലമായി പ്രാദേശിക വികസനത്തിൽ ഉദ്യോഗസ്ഥമേധാവിത്വം പുനഃസ്ഥാപിക്കുന്നതിലേയ്ക്ക് വഴിതെളിച്ചു എന്നത് തിരിച്ചറിയേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ഏറെയും സാമ്പ്രദായികമായി മാറുകയും സാമൂഹ്യശാക്തീകരണത്തിൽ ഊന്നിയ പരിശീലനങ്ങൾ കേവലം ഭരണനിർവഹണ വൈദഗ്ദ്ധ്യം വളർത്തുന്നതിലേയ്ക്ക് വഴിമാറുകയും ചെയ്തു. നിരന്തരവും വികേന്ദ്രീകൃതവുമായി സംഘടിപ്പിച്ചു വന്ന പരിശീലനങ്ങൾ കേന്ദ്രീകൃതവും സ്ഥാപനതലവുമായി മാറുന്ന സ്ഥിതിയാണ് പത്താം പദ്ധതിക്കാലത്തുണ്ടായത്.

### കില പരിശീലനത്തിന്റെ നോഡൽ ഏജൻസി

ഒമ്പതാം പദ്ധതിക്കാലത്ത് ഓരോ വർഷവും ശരാശരി ഒരു ലക്ഷത്തിലധികം പേർക്ക് പരിശീലനം നൽകാൻ കഴിഞ്ഞിരുന്നുവെങ്കിൽ പത്താം പദ്ധതിക്കാലത്ത് പരിശീലന പരിപാടികളുടെ എണ്ണം ഗണ്യമായി കുറയുകയും പരിശീലനം ജനപ്രതിനിധികളിലേയ്ക്കും ഉദ്യോഗസ്ഥരിലേയ്ക്കും മാത്രം പരിമിതപ്പെടുകയും ചെയ്തു. പത്താം പദ്ധതിക്കാലം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലനത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) നിക്ഷിപ്തമാവുകയും കില പരിശീലനത്തിന്റെ നോഡൽ സ്ഥാപനമായി അംഗീകരിക്കപ്പെടുകയും ചെയ്തു. 2001 മുതൽ 2006 വരെ കില നടപ്പാക്കിയ പരിശീലനങ്ങളുടെ വിശദവിവരങ്ങൾ പട്ടിക I ൽ കൊടുക്കുന്നു.

### ആസൂത്രണം വീണ്ടും ജനങ്ങളിലേയ്ക്ക്

2006ൽ അധികാരത്തിൽ വന്ന ഗവണ്മെന്റ് ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടം ആരംഭിക്കുന്നതിന് എടുത്ത തീരുമാനം തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ കർമ്മനിരതമാക്കുന്നതിന് സഹായിച്ചു. പ്രാദേശികാസൂത്രണത്തിൽ നിലനിന്നിരുന്ന ജനപങ്കാളിത്തത്തിന്റെ കുറവ് പരിഹരിക്കുന്നതിനും വിപുലമായ ജനപങ്കാളിത്തം വീണ്ടെടുക്കുന്നതിനുമാവശ്യമായ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകി. സാധാരണ ജനങ്ങൾക്കും ജനകീയ സംഘടനാ പ്രവർത്തകർക്കും അനുദ്യോഗസ്ഥ വിദഗ്ദ്ധർക്കും പ്രാദേശികാസൂത്രണത്തിൽ ഇടപെടുന്നതിന് സഹായകമായ ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങളാണ് പതിനൊന്നാം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയത്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനത്തോടൊപ്പം സന്നദ്ധസംഘടനാപ്രവർത്തകർക്കും വിദഗ്ദ്ധർക്കും ഇതര സാമൂഹ്യവിഭാഗങ്ങൾക്കുമെല്ലാം പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയുണ്ടായി. പരിശീലനത്തെ ജനകീയമാക്കി മാറ്റിയതിന്റെ ഫലമായി പ്രാദേശികാസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും വിപുലമായ പങ്കാളിത്തം വളർത്തിയെടുക്കുന്നതിന് വലിയൊരളവുവരെ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാല് വർഷക്കാലത്തെ 'കില'യുടെ പരിശീലന പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നു (പട്ടിക II).

**കേരളത്തിന്റെ സമകാലിക വികസന വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന സഹായം നിസ്തുലമാണ്. മുമ്പെത്തേക്കാളും ഉയർന്ന പദ്ധതി സഹായം പരിശീലനത്തിനായി ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്. 2001-02 ൽ 6 ലക്ഷം രൂപയുടെ പദ്ധതി സഹായം ലഭിച്ചിരുന്ന സ്ഥാനത്ത് 2010-11 ൽ 6 കോടി 5 ലക്ഷം രൂപയുടെ ധനസഹായമാണ് പരിശീലനത്തിനായി സംസ്ഥാന ഗവണ്മെന്റ് അനുവദിച്ചു നൽകിയിട്ടുള്ളത്.**

### ജനസൗഹൃദ, പങ്കാളിത്ത പഠനപരിശീലനങ്ങളിലൂടെ

കഴിഞ്ഞ നാല് വർഷക്കാലത്തെ പരിശീലനങ്ങളിൽ പ്രധാനമായും ഊന്നൽ നൽകിയത് തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സേവനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനുമായിരുന്നു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ആരംഭിക്കാൻ കഴിഞ്ഞ ഫ്രണ്ട് ഓഫീസ് സംവിധാനം ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ സഹായകമായി. തൊഴിലും വീടും ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച പരിശീലനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ പാവപ്പെട്ടവരുടെ ജീവിത പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കാണുന്നതിന് സഹായിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ കാർഷിക മേഖലയിൽ വളർച്ച കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സഹായകമായ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി സംഘടിപ്പിച്ച പരിശീലനങ്ങളുടെ സഹായത്തോടെ ഇതിനകം മുന്നൂറിലധികം പഞ്ചായത്തുകളിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കഴിഞ്ഞു എന്നതും അഭിമാനകരമായ നേട്ടമാണ്.

അധികാരവികേന്ദ്രീകരണത്തിലും

**പട്ടിക I**

| വർഷം | ബാച്ചുകൾ | പരിശീലന പങ്കാളിത്തം | പരിശീലന ദിനങ്ങൾ |
|---|---|---|---|
| 2001-02 | 118 | 14262 | 35655 |
| 2002-03 | 222 | 37824 | 75648 |
| 2003-04 | 245 | 14160 | 37073 |
| 2004-05 | 762 | 79438 | 99690 |
| 2005-06 | 637 | 40113 | 59269 |
| **ആകെ** | **1984** | **185797** | **307325** |

**പട്ടിക II**

| വർഷം | ബാച്ചുകൾ | പരിശീലന പങ്കാളിത്തം | പരിശീലന ദിനങ്ങൾ |
|---|---|---|---|
| 2006-07 | 789 | 37172 | 101779 |
| 2007-08 | 1198 | 110084 | 170882 |
| 2008-09 | 1279 | 97978 | 149767 |
| 2009-10 | 1137 | 92240 | 174350 |
| **ആകെ** | **4393** | **337474** | **596778** |

പ്രാദേശിക വികസനത്തിലും മികവ് തെളിയിച്ചതും ആവേശകരമായ അനുഭവങ്ങൾ പ്രദാനം ചെയ്തതുമായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 'കില' സംഘടിപ്പിച്ച പങ്കാളിത്ത പഠനപരമ്പര ശില്പശാലകൾ കേരളത്തിന്റെ പരിശീലന ചരിത്രത്തിൽ തന്നെ പുതിയൊരനുഭവമായിരുന്നു. ഫീൽഡ് പഠനത്തിൽ ഊന്നിയുള്ള പങ്കാളിത്ത ശില്പശാലകൾ വികസന പഠനത്തെ കൂടുതൽ അനുഭവ സമ്പുഷ്ടമാക്കാനും ഹൃദ്യമാക്കാനും സഹായിച്ചു. വിവിധ വികസന മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ ഡോക്യുമെന്റ് ചെയ്തുകൊണ്ട് ഇത്തരം അനുഭവങ്ങളും പാഠങ്ങളും ചർച്ച ചെയ്യുന്നതിന് സഹായകമായ വിവിധ ശില്പശാലകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് 'കില' ഇതിനകം രൂപം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികളുടേയും പഞ്ചായത്ത് അസോസിയേഷനുകളുടേയും സഹായത്തോടെയാണ് ഈ പരിപാടി 'കില' സംഘടിപ്പിക്കുന്നത് എന്നതുകൊണ്ടുതന്നെ ഉയർന്ന ഉടമസ്ഥതാബോധവും പങ്കാളിത്തവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഉറപ്പാക്കാൻ സഹായകമാവും.

### തദ്ദേശസ്വയംഭരണ വകുപ്പ് കിലയുടെ ഊർജ്ജം

കേരളത്തിന്റെ സമകാലിക വികസന വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന സഹായം നിസ്തുലമാണ്. മുമ്പെത്തെക്കാളും ഉയർന്ന പദ്ധതി സഹായം പരിശീലനത്തിനായി ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്. 2001-02 ൽ 6 ലക്ഷം രൂപയുടെ പദ്ധതി സഹായം ലഭിച്ചിരുന്ന സ്ഥാനത്ത് 2010-11 ൽ 6 കോടി 5 ലക്ഷം രൂപയുടെ ധനസഹായമാണ് പരിശീലനത്തിനായി സംസ്ഥാന ഗവണ്മെന്റ് അനുവദിച്ചു നൽകിയിട്ടുള്ളത്. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ഇതിന്റെ ഭാഗമായ പരിശീലന പരിപാടികളിലുമുള്ള ഗവണ്മെന്റിന്റെ ഉയർന്ന പ്രതിജ്ഞാബദ്ധതയാണ് ഇതിലൂടെ വെളിവാകുന്നത്. വിവിധ പരിശീലന സ്ഥാപനങ്ങളുടെ യോജിച്ച പ്രവർത്തനത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ മികവിന്റെ പ്രവർത്തനകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായകമായ പരിശീലനങ്ങൾ 'കില' ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. ■

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടറാണ്.*

## ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാന പദവിയിലേയ്ക്ക്

*പേജ് 9-ൽ നിന്ന്*

### ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നടത്തിപ്പ്

പദ്ധതിക്കു മുന്നോടിയായി നടത്തിയ കണക്കെടുപ്പിൽ 5 ലക്ഷം ഭവന രഹിത കുടുംബങ്ങളും 1.5 ലക്ഷം ഭൂരഹിത ഭവനരഹിത കുടുംബങ്ങളും ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇവരിൽ 2 ലക്ഷം കുടുംബങ്ങൾക്ക് പതിനൊന്നാം പദ്ധതിയുടെ ആദ്യ രണ്ടുവർഷങ്ങളിൽ വീടു നൽകിക്കഴിഞ്ഞിരുന്നു. അവശേഷിക്കുന്ന ഭൂരഹിത കുടുംബങ്ങളേയും ഭവനരഹിത കുടുംബങ്ങളേയും കണ്ടെത്തുന്നതിന് ചിട്ടയായ പരിശോധനയാണ് നടത്തിയത്. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ 3.75 ലക്ഷം ഭവനരഹിതരുടേയും 1.46 ലക്ഷം ഭൂരഹിതരുടെയും പട്ടികകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി അംഗീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.

### സാമ്പത്തികം

5000 കോടിയിലേറെ ചെലവു വരുന്നതാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി. തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പകളാണ് ഇതിന്റെ മുഖ്യ സ്രോതസ്സ്. 10 വർഷം കൊണ്ടു തിരിച്ചടയ്ക്കുന്ന ഈ വായ്പയുടെ പലിശ സംസ്ഥാന സർക്കാരാണ് നൽകുക. പൊതുജനങ്ങളുടെയും ഉദാരമതികളായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള സംഭാവന സ്വീകരിക്കാൻ ഇ.എം.എസ് ഭവനനിധി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിലും ഇത്തരത്തിൽ സംഭാവന സ്വീകരിക്കാനുള്ള സംവിധാനമുണ്ട്. നിരവധി പഞ്ചായത്തുകളിൽ നടന്ന ജനകീയ സംഗമങ്ങൾ ആവേശകരമായ അനുഭവങ്ങളാണ് നൽകുന്നത്. പണമായും നിർമ്മാണ വസ്തുക്കളായും സംഭാവനകൾ നൽകാൻ കക്ഷിജാതി ഭേദമില്ലാതെ ജനങ്ങൾ തയ്യാറാവുന്നതിന്റെ റിപ്പോർട്ടുകളാണ് ജനകീയ സംഗമങ്ങളിൽ നിന്നു കിട്ടുന്നത്. ഒരു ദിവസത്തെ ശമ്പളം ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കു സംഭാവന ചെയ്യാൻ സർക്കാർ ജീവനക്കാരും അധ്യാപകരുമെടുത്ത തീരുമാനം പൊതു സമൂഹത്തിൽ നിന്ന് പദ്ധതിക്കു ലഭിക്കുന്ന പിന്തുണയ്ക്ക് തെളിവാണ്.

### സാങ്കേതിക പിന്തുണ

ഭവനരഹിത കുടുംബത്തിന് വീട് ലഭ്യമാക്കുക എന്നത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് എന്ന ബോധ്യത്തിന്റെ പിൻബലത്തിലാണ് സമ്പൂർണ്ണ ഭവന പദ്ധതി ഒരു ജനകീയ പദ്ധതിയാകുന്നത്. അനുയോജ്യമായ പ്ലാൻ തെരഞ്ഞെടുക്കാൻ, സ്കെച്ച് തയ്യാറാക്കാൻ, രജിസ്റ്റർ ചെയ്യേണ്ട രേഖകൾ തയ്യാറാക്കാൻ ഒറ്റ ദിവസം കൊണ്ട് പെർമിറ്റ് ലഭ്യമാക്കാൻ എല്ലാം തന്നെ നിർവ്വഹണ ഉദ്യോഗസ്ഥരും വിവിധ സാങ്കേതിക മേഖലകളിലെ പ്രവർത്തകരുടെ സംഘടനകളും നൽകുന്ന സന്നദ്ധസേവനം പഴയകാലത്തെ സാക്ഷരതാപ്രവർത്തനത്തെ ഓർമ്മിപ്പിക്കുന്നതാണ്. ഇപ്പോൾ ലഭ്യമായ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ വേണ്ട ആവേശവും ആത്മധൈര്യവും ഗുണഭോക്താക്കൾക്കു നൽകാൻ കഴിയുന്നുണ്ട്.

### പ്രവർത്തന പുരോഗതി

മിക്കവാറും പഞ്ചായത്തുകളും ഭൂരിപക്ഷം നഗരസഭകളും വായ്പയെടുക്കുന്നതിനുള്ള സർക്കാർ അനുവാദം ലഭ്യമാക്കിക്കഴിഞ്ഞു. ഒരു ലക്ഷത്തിലേറെ വീടുകൾക്ക് ഒന്നാം ഗഡു തുക വിതരണം ചെയ്ത് ഭവന നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കാലവർഷത്തിനു മുൻപു തന്നെ കഴിയുന്നത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നത്. ഭൂരഹിത ഭവന രഹിതർക്ക് ഭൂമി നൽകുന്നതിനു വേണ്ട അക്വിസിഷൻ നടപടികളും പഞ്ചായത്തുകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 2011 മാർച്ചിനു മുൻപു തന്നെ പ്രഖ്യാപിതലക്ഷ്യം പൂർത്തീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ.

### പരിമിതികൾ

ഭൂ ഉടമസ്ഥത സംബന്ധമായ രേഖകൾ കൃത്യമല്ലാത്തത് നിരവധി പ്രദേശങ്ങളിൽ ഭവന നിർമ്മാണത്തിന് തടസ്സമാകുന്നുണ്ട്. തീരദേശ മേഖലയിൽ തീരദേശ സംരക്ഷണ നിയമം വീടുകൾക്ക് അനുമതി നൽകുന്നതിന് തടസ്സമാണ്. മണൽ ഉൾപ്പെടെയുള്ള നിർ മ്മാണ വസ്തുക്കളുടെ ലഭ്യതയും പ്രശ്നമാണ്. ഡാമുകളിൽ നിന്നും റിസർവോയറുകളിൽ നിന്നും മണൽ ശേഖരിക്കുന്നതിനു നടക്കുന്ന പ്രവർത്തനങ്ങളും ഇ.എം.എസ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി മണൽ ലഭ്യമാക്കുന്നതടക്കമുള്ള നടപടികളും ഈ പരിമിതികളെ ഒരു പരിധി വരെയെങ്കിലും മറികടക്കാൻ സഹായിക്കും. പ്രാദേശികമായ ജനകീയ പങ്കാളിത്തം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തും. ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞാൽ 2011 മാർച്ചിനു മുൻപു തന്നെ കേരളം ഭവനരഹിതരില്ലാത്ത ഏക ഇന്ത്യൻ സംസ്ഥാനം എന്ന പദവി നേടും എന്നതിന് ഇനി സംശയമില്ല. ■

*ലേഖകൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്*

ജനാധിപത്യഭരണ സമ്പ്രദായത്തിൽ ജനങ്ങൾക്കാണ് പ്രാധാന്യം. തീരുമാനമെടുക്കലിലും അതു നടപ്പാക്കുന്നതിലുമടക്കം ജനത്തിന് അവകാശാധികാരങ്ങൾ ലഭ്യമാകുമ്പോൾ ഭരണ സംവിധാനം കൂടുതൽ ജനാധിപത്യപരമാവുകയും അതു ജനഹൃദയങ്ങളിലേയ്ക്ക് സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. തങ്ങളാണ് യഥാർത്ഥ അധികാരികൾ എന്ന് ബോധ്യപ്പെടുന്നതിന് ഭരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ആസൂത്രണത്തിലും ഭരണനിർവഹണത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന സംവിധാനമാണ് പ്രാദേശിക ഭരണ സ്ഥാപനങ്ങൾ.

ജനാധിപത്യ അധികാരവികേന്ദ്രീകരണത്തോടെ ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളും ചുമതലകളും വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾക്ക് വേണ്ടി ജനം പഞ്ചായത്തുകളെ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളെ സമീപിക്കുന്നുണ്ട്. ജനനം രജിസ്റ്റർ ചെയ്യൽ മുതൽ പോഷകാഹാരം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സാമൂഹ്യസുരക്ഷ, കുടിവെള്ളം, പരിസര സംരക്ഷണം, സുരക്ഷിത ഭക്ഷണം, പാർപ്പിട സൗകര്യം, പ്രകൃതി വിഭവപരിപാലനം തുടങ്ങി വയോജനക്ഷേമം, മരണ വിവരങ്ങൾ രേഖപ്പെടുത്തുന്നതുവരെ മനുഷ്യന്റെയും പ്രകൃതിയുടെയും ജീവിത പ്രക്രിയയുമായി അതിന്റെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ ജനങ്ങളോട് ഏറ്റവും അടുത്തുനിൽക്കുകയും നിരന്തരമായി സംവദിക്കുകയും ചെയ്യുന്ന ഭരണ സംവിധാനമാണ് പ്രാദേശിക സർക്കാരുകൾ.

ജനങ്ങൾക്ക് അധികാരം ലഭിക്കുക എന്നാൽ അവർക്ക് അത് അനുഭവപ്പെടുക എന്നാണർത്ഥം. അത് ഓരോരുത്തരുടെയും സാമൂഹികവും വ്യക്തിപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് മുതൽ ജീവിത നിലവാരം ഉറപ്പുവരുത്തുന്നത് വരെ വിശാലമാണ്. ഈ ആവശ്യങ്ങളോട് പഞ്ചായത്തുകൾ എങ്ങനെ പ്രതികരിക്കുന്നു എന്നത് പരമപ്രധാനമാണ്. സേവനത്തിനായി സമീപിക്കുന്ന ജനത്തോട് പ്രതികരിക്കുന്നതിലും സേവനം വീട്ടുമുറ്റത്തെത്തിക്കുന്നതിലും കേരളത്തിലെ പഞ്ചായത്തുകൾ വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. ജനങ്ങളെ ആസൂത്രണത്തിലും നിർവഹണത്തിലും പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ജനങ്ങളുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനും അസമത്വം കുറയ്ക്കുന്നതിനും സൗഹൃദം വളർത്തുന്നതിനും ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഭരണസംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പഞ്ചായത്തുകളെ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**സ്വീകരണം**

ഗ്രാമീണ മേഖലയിലെ ഏറ്റവും ബൃഹത്തായ സേവന കേന്ദ്രമായ ഗ്രാമ പഞ്ചായത്തുകൾ മികച്ച സ്വകാര്യ സ്ഥാപനങ്ങളോട് കിടപിടിക്കും വിധം ജനസൗഹൃദ മുഖവും പ്രവർത്തനവും സാധ്യമാക്കിയെന്നത് വലിയൊരു നേട്ടമാണ്. ഒട്ടേറെ തവണ പഞ്ചായത്താഫീസിൽ കയറിയിറങ്ങിയാലും ആരുടെയടുത്ത് അപേക്ഷ നൽകണമെന്നോ എന്തൊക്കെ നിബന്ധനകളുണ്ടെന്നോ എപ്പോൾ കിട്ടുമെന്നോ അറിയാതെ വലഞ്ഞിരുന്ന ജനത്തിന് ലഭിച്ച അനുഗ്രഹമാണ് ഗ്രാമ പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം. 02.07.2009 ൽ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നത്. ഇന്ന് ഗ്രാമ പഞ്ചായത്തിലെത്തിയാൽ സേവനാവകാശികൾക്ക് ഇരിപ്പിടങ്ങളുണ്ട്. കുടി

**കെ. വിനോദ് കുമാർ**

# ജനസൗഹൃദ പഞ്ചായത്തുകൾ



ക്കാൻ ശുദ്ധജലമുണ്ട്. പ്രാഥമിക കൃത്യങ്ങൾക്ക് സൗകര്യങ്ങളുണ്ട്. മുൻഗണനാക്രമത്തിൽ അപേക്ഷ സ്വീകരിക്കുകയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. അപേക്ഷയിലെ അപാകങ്ങൾ ഉടൻ ശ്രദ്ധയിൽപ്പെടുത്തുന്നു. നൽകിയ അപേക്ഷകൾക്ക് രസീത് ലഭിക്കുന്നു. സേവന തീയതി രേഖാമൂലമറിയിക്കുന്നു. കഴിയുന്നതും വാഗ്ദാനം ചെയ്ത തീയതിയിൽ തന്നെ സേവനം ലഭ്യമാക്കുന്നു. ഇടനിലക്കാരുടെ ആവശ്യമില്ല. സർക്കാർ ഓഫീസുകൾ ഇങ്ങനെയായിരിക്കണം എന്ന് അഭിമാനത്തോടെ നാട്ടുകാർ പറയുന്ന തരത്തിൽ ഭരണഘടനയുടെ പീഠികയിൽ പ്രസ്താവിച്ചിട്ടുള്ള പൗരന്മാരുടെ അന്തസ്സ് പരിപാലിക്കുന്നതിനും സേവനം അവകാശമാണെന്ന വസ്തുത ഉറപ്പുവരുത്തുന്നതിനും ഫ്രണ്ട് ഓഫീസ് പ്രവർത്തനം വലിയ സംഭാവന നൽകിയിട്ടുണ്ട്.

**നടപടിക്രമങ്ങൾ**

ജനസൗഹൃദ മുഖത്തോടൊപ്പം പ്രധാനമാണ് ഭരണനിർവഹണത്തിനും സേവന പ്രദാനത്തിനുമുള്ള നടപടിക്രമങ്ങളും. നടപടിക്രമങ്ങൾ എപ്പോഴും ഏറ്റവും അവസാനത്തേയും ദുർബലരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും നിയമപരവും ജനപക്ഷവുമാകേണ്ടതുണ്ട്. നിയന്ത്രണങ്ങളും ക്രമീകരണങ്ങളും സമൂഹനന്മയ്ക്കു വേണ്ടി തന്നെയാണ് രൂപപ്പെടുത്തുന്നതും. നടപടിക്രമങ്ങൾ പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് നിയമവാഴ്ച ഉറപ്പുവരുത്തിക്കൊണ്ട് പരിഷ്കരിക്കുന്നതിനുള്ള കുറേയേറെ പ്രവർത്തനങ്ങൾ പഞ്ചായത്ത് സംവിധാനത്തിലുണ്ടായിട്ടുണ്ട്. അവയിൽ ചിലത് ഇനികൊടുക്കുന്നു.

- ജനന മരണ രജിസ്ട്രേഷനിലും രേഖകളുടെ തിരുത്തൽ വരുത്തുന്നതിലും നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടും അധികാരങ്ങൾ താഴേയ്ക്ക് നൽകികൊണ്ടുമുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപടിക്രമങ്ങളിലെ സങ്കീർണ്ണത വളരെയേറെ കുറയ്ക്കുകയും സുതാര്യത വർദ്ധിപ്പിക്കുകയും ചെയ്തു.
- 2007 മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചില ഭാഗങ്ങളെങ്കിലും സാധാരണക്കാർക്ക് പ്രയാസങ്ങളുണ്ടാക്കുന്നുവെന്ന് അഭിപ്രായങ്ങളുയർന്നു വന്നിരുന്നു. മഴവെള്ള സംഭരണിയുടെ നിർമ്മാണം നിർബന്ധിതമാക്കിയതും നിർമാണ പെർമിറ്റുകൾ സമയബന്ധിതമായി ലഭ്യമാകാത്തതും തുടങ്ങി ഇതുമായി ബന്ധപ്പെട്ട് നിരവധി പ്രതികരണങ്ങൾ ഉയർന്നു വന്നിരുന്നു. കെട്ടിടനിർമ്മാണ നിയന്ത്രണത്തിനുള്ള നടപടിക്രമങ്ങൾ ലക്ഷ്യം ഉറപ്പു വരുത്തുന്നതിനോടൊപ്പം സങ്കീർണ്ണത കുറയ്ക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ 2009 സെപ്തംബറിലും ഡിസംബറിലുമായി ചട്ടങ്ങൾ സർക്കാർ ഭേദഗതി ചെയ്യുകയുണ്ടായി. കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് തപാലിലയയ്ക്കാനുള്ള നിർദ്ദേശം അതിനു മുമ്പുതന്നെ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.
- ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിലോ മതാചാരങ്ങളുടെ അടിസ്ഥാനത്തിലോ നടന്ന വിവാഹങ്ങൾ ജാതിഭേദമന്യേ രജിസ്റ്റർ ചെയ്യുന്നതിനുള്ള പൊതുചട്ടങ്ങൾ പുറപ്പെടുവിച്ചത് 2008ലാണ്. പൊതുജനസൗകര്യം കണക്കിലെടുത്ത് നടപടിക്രമങ്ങളിൽ ഏറെ ലഘൂകരണങ്ങളും ചട്ടം വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയ പരിധി 2010 ഡിസംബർ 31 വരെ നീട്ടുകയും ചെയ്തു.
- അഗതി പെൻഷൻ തുടങ്ങിയ സാമൂഹ്യസുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങളിലെ വാർഷിക വരുമാനം കാലഹരണപ്പെട്ടതായിരുന്നു. വാർഷിക വരുമാന പരിധി യാഥാർത്ഥ്യബോധത്തോടെ ഉയർത്തിക്കൊണ്ടുള്ള സർക്കാർ നിർദ്ദേശം 2010 മാർച്ചിൽ പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കാലികമാക്കുന്നതിനും സുതാര്യമാക്കുന്നതിനും കൂടി നടപടികൾ സ്വീകരിക്കുകയും ചെയ്തു.

**അറിയാനുള്ള അവകാശം**

അടിസ്ഥാന മനുഷ്യാവകാശവുമായി ബന്ധപ്പെട്ട കാതലായ വിഷയമാണ് അറിയാനുള്ള അവകാശം. ഭരണ പ്രക്രിയയിൽ ഇടപെടാൻ ജനത്തിന് അവസരം ലഭിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും സേവനപ്രദാനം ജനപക്ഷമാക്കുന്നതിനും 'അറിവ്' വളരെ പ്രധാനമാണ്. പഞ്ചായത്തുകളുടെ പൗരാവകാശരേഖകൾ പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയും സേവന നിബന്ധന പട്ടികകൾ (checklist) തയ്യാറാക്കിയും മാതൃകാ അപേക്ഷാ ഫോറങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാക്കിയും പൊതുമരാമത്ത് പ്രവൃത്തികളടക്കമുള്ളവയുടെ വിശദാംശങ്ങൾ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിച്ചും ഗ്രാമസഭകൾ സമയബന്ധിതമായി നടത്തിയും ഭരണ നിർവഹണവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം തന്നെ ഗ്രാമസഭകളിൽ ചർച്ചചെയ്തും മാതൃകാപരമായ ജനസൗഹൃദ പ്രവർത്തനങ്ങളാണ് സംസ്ഥാനം തുടർന്നുവരുന്നത്.

**പരാതി പരിഹാര സംവിധാനം**

ഭരണ നിർവഹണത്തിനിടയിൽ ഉയർന്നു വരാവുന്ന പരാതികൾക്ക് സ്വീകാര്യവും പ്രായോഗികവുമായ പരിഹാരം ലഭ്യമാക്കാൻ ഭരണസംവിധാനത്തിന് കഴിയേണ്ടതുണ്ട്. പ്രാദേശിക സർക്കാരിനോട് ജനങ്ങൾക്കുള്ള സ്വീകാര്യതയനുസരിച്ചാണ് തർക്കങ്ങളും പരാതികളും അതതു തലത്തിൽ പരിഹരിക്കപ്പെടുക. കേരളത്തിലെ പഞ്ചായത്തുകളിലെ തർക്ക പരിഹാര സംവിധാനങ്ങളും പരാതി പരിഹാര അദാലത്തുകളും ഈ രംഗത്തെ മാതൃകാപരമായ മുന്നേറ്റങ്ങളാണ്. വ്യവഹാരരഹിത പഞ്ചായത്തുകൾ ഉണ്ടായി വരുന്നു എന്നതും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനൊപ്പം എം.എൻ.ആർ.ഇ.ജി.എസ് പ്രവർത്തനങ്ങളിൽമേൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പ്രത്യേക ഓംബുഡ്സ്മാൻ സംവിധാനവും സർക്കാർ ഏർപ്പെടുത്തി വരുന്നു എന്നത് പഞ്ചായത്തുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് പിന്തുണ നൽകുന്നു.

**ഭരണ സംവിധാനം ശക്തിപ്പെടുത്തൽ**

സമയബന്ധിതവും ഫലപ്രദവുമായ പ്രവർത്തനത്തിനും അതു ജനസൗഹൃദമാക്കുന്നതിനും കാര്യക്ഷമതയുള്ള ഭരണ നിർവഹണ സംവിധാനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിക്കുകയും സമഗ്രമായ പരിശീലനം നൽകുകയും ചെയ്തു. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ തുടർച്ചയായി മെയിൻ ഓഫീസ് സംവിധാനം കാര്യക്ഷമവും ഫലപ്രദവുമായി തീർക്കുന്നതിന് പ്രായോഗികാടിസ്ഥാനത്തിലുള്ള പരിശീലനം എല്ലാ പഞ്ചായത്ത് ജീവനക്കാർക്കും നൽകുകയുണ്ടായി. സൂപ്പർന്യൂമറി ആയി നിയമിക്കപ്പെട്ട ജീവനക്കാരുടെ സേവനവും ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കി.

**കമ്പ്യൂട്ടറൈസേഷൻ**

വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ ഫലക്ഷമതയ്ക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളും ഏറെ മുന്നോട്ട് പോയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനം ജനനമരണ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സാക്ഷ്യപത്രങ്ങൾ നൽകുന്നതിൽ കൃത്യത വർദ്ധിപ്പിക്കുകയും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും

ഒരുപോലെ സമയലാഭം ഉണ്ടാക്കുകയും ചെയ്യുന്നു. എം.എൻ.ആർ.ഇ.ജി.എസ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തതിലൂടെ പദ്ധതിനിർവഹണത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്താനും സാധിച്ചു.

**സേവനം വീട്ടുമുറ്റത്ത്**

വിവിധ ഘട്ടങ്ങളിലൂടെ സമഗ്രമായ ഗുണഭോക്തൃപട്ടിക തയ്യാറാക്കി ഇ.എം.എസ് ഭവന പദ്ധതിയിലൂടെ അർഹതപ്പെട്ട എല്ലാവർക്കും പാർപ്പിടം ഉറപ്പുവരുത്തിക്കൊണ്ട് സേവനം പൊതുസമൂഹത്തിന്റെ വീട്ടുമുറ്റത്തെത്തിക്കുകയാണ് ഇപ്പോൾ ത്രിതല പഞ്ചായത്തുകൾ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി സർക്കാരിനെയും പഞ്ചായത്തുകളെയും ജനഹൃദയങ്ങളിലെത്തിക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾക്കും മറ്റും സ്ഥാപനമാനേജ്മെന്റ് സമിതികൾ ഏർപ്പെടുത്തിയതിലൂടെ കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തവും പിന്തുണയും ഉറപ്പുവരുത്തുന്നതിനും ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സദ്ഭരണ പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കേണ്ടതും ജനസൗഹൃദ ഉപാധികൾ ശക്തിപ്പെടേണ്ടതും കാലഘട്ടത്തിന്റെ കൂടി ആവശ്യമാണെന്നത് തർക്കമറ്റ വസ്തുതയാണ്. എങ്കിലും ഇത്തരം പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുറ്റമറ്റ രീതിയിൽ സാധ്യമാകുന്നില്ല എന്നത് നിർഭാഗ്യകരമാണ്. അതിന് പല കാരണങ്ങൾ ഉണ്ടാകാം. സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യത്തിന് മനുഷ്യ വിഭവശേഷി ലഭ്യമാകാത്തതും കാരണങ്ങളിൽപ്പെടുന്നു. അതിനുമപ്പുറം ചിലരുടേയെങ്കിലും താല്പര്യങ്ങൾക്ക് വേണ്ടി ജനസൗഹൃദ പ്രവർത്തനങ്ങൾ ബോധപൂർവ്വം ദുർബലപ്പെടുത്തുന്നുണ്ട്. സുതാര്യതയും ജനപങ്കാളിത്തവും സ്ഥാപിത താല്പര്യങ്ങൾക്ക് വിരുദ്ധമാണല്ലോ. ഈ പ്രതിബന്ധങ്ങളെ മറികടക്കുന്നതിന് നിരന്തരമായ ജനകീയ ഇടപെടലും പിന്തുണാ പ്രവർത്തനങ്ങളും അനിവാര്യമാണ്. നിയമവാഴ്ചയിലധിഷ്ഠിതവും നീതിയുക്തവും ജനസൗഹൃദപരവുമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് ഓരോ വ്യക്തിക്കും കൂട്ടായ്മകൾക്കും ജനകീയ പ്രസ്ഥാനങ്ങൾക്കും അവരവരുടേതായ പങ്കുണ്ടെന്നത് നമ്മുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു. ■

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ അസിസ്റ്റന്റ് ഡയറക്ടറാണ്.*

**ടി. ഗംഗാധരൻ**

# നഷ്ടപ്പെടുത്ത

# ഈ സ

ഇന്ത്യൻ ഗ്രാമങ്ങൾക്ക് ഇന്ന് പ്രയോജനപ്പെടുത്താൻ കഴിയുന്ന സർക്കാർ പദ്ധതികളിൽ ഏറ്റവും സാധ്യതയുള്ള ഒന്നാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എന്ന് നിസ്സംശയം പറയാം. നടപ്പാക്കണമെന്ന് എത്രയോ കാലമായി നമ്മളൊക്കെ ആഗ്രഹിച്ചിരുന്ന നിരവധി വികസന പ്രവർത്തനങ്ങൾ, കേന്ദ്ര സർക്കാരിന്റെ ചെലവിൽ, എന്നാൽ പ്രാദേശികമായി വമ്പിച്ച സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ സാധ്യതകൾ ഉറപ്പുവരുത്തുന്ന രീതിയിൽ നടപ്പാക്കാനാവുമെന്ന് ഈ പദ്ധതിയെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ എളുപ്പം മനസ്സിലാക്കാം. ഇതിനായി നമ്മൾ ചെയ്യേണ്ടതെന്താണ്? ഈ പദ്ധതിയുടെ സത്ത മനസ്സിലാക്കി പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുക; അത്ര തന്നെ. ഇതിനാകട്ടെ, ഏറ്റവും അനുകൂലമായ അന്തരീക്ഷം നിലവിലുള്ള സംസ്ഥാനമാണ് നമ്മുടേത് എന്നും എടുത്തുപറയേണ്ടതുണ്ട്.

2005 ൽ തൊഴിലുറപ്പ് പദ്ധതി ആരംഭിക്കുമ്പോൾ തന്നെ ഉയർന്നുവന്ന ഒരു ആശങ്ക, കേരളത്തെപ്പോലൊരു സംസ്ഥാനത്ത്, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ വലിയ തോതിലൊന്നും ഇതിലേയ്ക്ക് ആകർഷിക്കപ്പെടുകയില്ല എന്നാണ്. ആ ധാരണ തെറ്റായിരുന്നുവെന്ന് ഇതിനകം തെളിഞ്ഞു കഴിഞ്ഞു. കേരളത്തിലെ 70 ലക്ഷത്തിൽപരം കുടുംബങ്ങളിൽ 4 ലക്ഷത്തിൽ കൂടുതൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനിടയില്ല എന്നായിരുന്നു മതിപ്പുകണക്ക്. എന്നാലിതിപ്പോൾ 7 ലക്ഷമായിരിക്കുന്നു. മിനിമം വേതനമായ 125 രൂപ, യഥാർത്ഥ ദിവസക്കൂലിയെക്കാൾ വളരെ കുറഞ്ഞതായതിനാൽ തൊഴിലാളികളെ കിട്ടാനിടയില്ല എന്നതായിരുന്നു മറ്റൊരാശങ്ക. ഇതിൽ വാസ്തവമുണ്ടെങ്കിലും തൊഴിലിനു വരുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുക തന്നെയാണ്. വനിതകളാണ് വരുന്നവരിൽ ഭൂരിഭാഗവുമെങ്കിലും തിരുവനന്തപുരം ജില്ലയിൽ പുരുഷ തൊഴിലാളികളുടെ പങ്കാളിത്തത്തിൽ കാണുന്ന വർദ്ധനവ് പ്രതീക്ഷയ്ക്കപ്പുറമാണ്. നന്നായി ആസൂത്രണം ചെയ്താൽ, പ്രതീക്ഷിച്ച പരിമിതികൾ പലതും മറികടന്ന് ഈ പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനാവുമെന്നാണ് കഴിഞ്ഞ നാല് വർഷത്തെ അനുഭവങ്ങൾ കാണിക്കുന്നത്.

ദേശീയ തലത്തിലുള്ള അനുഭവങ്ങൾ പരിഗണിക്കുമ്പോൾ, തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന് ചില മാതൃകകൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും മറ്റു പല സംസ്ഥാനങ്ങളും തുടർന്ന് ആ മാതൃകകൾ പിന്തുടർന്നു വരുന്നുണ്ടെന്നും കാണാം. എന്നാൽ പദ്ധതിയുടെ സാമ്പത്തിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലും കേരളത്തിൽ ഏറ്റവും പ്രസക്തമായ പാരിസ്ഥി



# ാരുത് ാധ്യതയെ

തിക പുനസ്ഥാപന സാധ്യതകൾ പ്രാവർത്തികമാക്കുന്നതിലും നാം വേണ്ടത്ര മുന്നേറിയിട്ടില്ല. ഇനിയങ്ങോട്ട് ഈ മേഖലകളിൽ കൂടുതൽ ശ്രദ്ധിക്കാൻ നമുക്കു കഴിയണം. അതിനായി പ്രായോഗികമായി എന്തൊക്കെ ചെയ്യാം എന്നു പരിശോധിക്കാം.

### വേണം നീർത്തട മാസ്റ്റർപ്ലാൻ

എന്തുകൊണ്ടാണ് തൊഴിലുറപ്പ് പദ്ധതിയിൽ സാധ്യമായത്ര പണം ചെലവു ചെയ്യാൻ കഴിയാത്തത്? രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങളിൽ നിന്നും തൊഴിൽ ആവശ്യപ്പെടുന്നില്ല, ആവശ്യപ്പെട്ടില്ലെങ്കിൽ തന്നെ, എല്ലാവർക്കും അങ്ങോട്ട് വിളിച്ചു തൊഴിൽ നൽകാൻ കഴിയുന്നില്ല, തൊഴിലിനു വന്നവർക്ക് എല്ലായ്പ്പോഴും മിനിമം വേതനമായ 125 രൂപ ഉറപ്പുവരുത്താൻ കഴിയുന്നില്ല, കൊടുക്കുന്ന കൂലി തന്നെ രണ്ടാഴ്ചയ്ക്കകം നൽകാൻ കഴിയുന്നില്ല, ഇങ്ങനെ പല കാരണങ്ങളും പറയാം. അടിസ്ഥാന പ്രശ്നം, ഇതിനൊക്കെ സഹായകമായ കുറ്റമറ്റ ഒരു പദ്ധതി പഞ്ചായത്തുകളുടെ കൈയ്യിലില്ല എന്നതാണ്. വർഷംതോറും പണമനുവദിക്കാനാവശ്യപ്പെടുന്നതിന് വേണ്ടി തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റ്, ആവശ്യമായത്ര വിശദാംശങ്ങളോടെ കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ കഴിയുന്നില്ല. സ്വകാര്യഭൂമിയിലടക്കം ഭൂവികസന പ്രവർത്തനങ്ങളേറ്റെടുക്കാൻ സഹായിക്കുന്ന വിധത്തിൽ നീർത്തട മാസ്റ്റർപ്ലാനുകളും ഭൂരിഭാഗം സ്ഥലത്തുമില്ല. അതിനാൽ, ധൃതിപിടിച്ചു തയ്യാറാക്കിയ ലേബർ ബഡ്ജറ്റിൽ നിന്ന്, എളുപ്പം നടപ്പാക്കാൻ കഴിയുന്ന ചില പ്രവൃത്തികൾ തെരഞ്ഞെടുത്ത് നടപ്പാക്കുന്നു; അതു കഴിഞ്ഞാൽ, ഇനി കൊടുക്കാൻ പണിയില്ലെന്നുള്ള നിലപാടു സ്വീകരിക്കുന്നു. ഫലത്തിൽ, നല്ലൊരുഭാഗം പഞ്ചായത്തുകളിൽ റോഡിന്റെ ഓട വൃത്തിയാക്കലും പുല്ലു ചെത്തലും ഏതാനും കുളങ്ങൾ വൃത്തിയാക്കലും മാത്രമായി തൊഴിലുറപ്പ് പദ്ധതി ഒതുങ്ങുന്നു. ഓരോ പഞ്ചായത്തിനും നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുകയല്ലാതെ, മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ എളുപ്പവഴികളില്ല. ഇതിനാകട്ടെ, പണം ചെലവഴിക്കാൻ സർക്കാർ അനുമതിയുണ്ട്; പരിശീലനങ്ങൾ നൽകാൻ സംവിധാനങ്ങളുണ്ട്. പക്ഷേ പലരും അതൊന്നും പ്രയോജനപ്പെടുത്തുന്നില്ല.

പണിയുടെ വേഗത വർദ്ധിപ്പിക്കുന്നതിൽ ആന്ധ്രാപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങൾ നമ്മളെക്കാൾ ബഹുദൂരം മുന്നിലാണ്. ഓരോ വർഷവും നാലോ അഞ്ചോ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വ്യാപകമായി മുൻഗണന നൽകുക, ചെയ്യുന്ന ജോലികളുടെ സാങ്കേതിക നിലവാരം ഉറപ്പുവരുത്തുന്നതിനും അളവുകൾ രേഖപ്പെടുത്തി പെട്ടെന്ന് വേതനം നൽകുന്നതിനുമായി എഞ്ചിനീയർമാരുടെ സഹായികളായി പ്രവർത്തിക്കാൻ ആവശ്യമുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുകയും അവർക്കു നിരന്തരമായി പരിശീലനങ്ങൾ നൽകുകയും ചെയ്യുക ഇതൊക്കെയാണ് അവർ സ്വീകരിച്ചിരിക്കുന്ന തന്ത്രങ്ങൾ. ഇവയൊക്കെ കേരളത്തിലും പരിഗണിച്ചുവരുന്നുണ്ടെങ്കിലും, ഏറെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

### പരിസ്ഥിതി പുനഃസ്ഥാപന സാധ്യതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ അന്തസ്സത്ത, എന്നെന്നും സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയെന്നതല്ല. ആഗോള സാമ്പത്തികമാന്ദ്യത്തെ നേരിടുന്നതിനുള്ള സർക്കാർ നടപടികളുടെ ഭാഗമായാണ് ഈ പദ്ധതിക്ക് വമ്പിച്ച പ്രാധാന്യം കൈവന്നിരിക്കുന്നത്. ഇതേ രീതിയിൽ തന്നെ എക്കാലവും ഈ പദ്ധതി തുടരുമെന്ന് പ്രതീക്ഷിക്കാവുന്നതല്ല. പദ്ധതിയുടെ അഭാവത്തിൽപോലും അർഹതയുള്ള എല്ലാവർക്കും സ്ഥിരമായി തൊഴിൽ ലഭിക്കണമെങ്കിൽ, ഓരോ പ്രദേശത്തെയും പ്രകൃതി വിഭവങ്ങൾ പരിരക്ഷിക്കപ്പെടുകയും അവയിൽ നിന്ന് സ്വാഭാവികമായും എല്ലാവർക്കും തൊഴിൽ ലഭിക്കുകയും വേണം. ഈ അർത്ഥത്തിലാണ് തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് എന്ന് അതിന്റെ ഉള്ളടക്കം പരിശോധിച്ചാൽ ബോധ്യമാകും. ചെയ്യാൻ അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ മുക്കാലേമുണ്ടാണിയും പ്രകൃതിവിഭവ പരിപാലനത്തിലൂന്നിയുള്ളതാണെന്നു കാണാം.

ഇതിലാണ് നമ്മുടെ ശ്രദ്ധ വേണ്ടത്ര പതിഞ്ഞിട്ടില്ലാത്തതും.

ഓരോ പഞ്ചായത്തിലും ലഭ്യമായ മണ്ണും വെള്ളവും സംരക്ഷിക്കാനും പരമാവധി സസ്യാവരണം സൃഷ്ടിക്കാനുമുള്ള നൂറുകണക്കിനു പ്രോജക്ടുകൾ അതാതിടത്ത് രൂപപ്പെടുത്തുക സാധ്യമാണ്. പഞ്ചായത്തിലെ കുളങ്ങളും തോടുകളും പുഴയുടെ ഭാഗങ്ങളും പരമാവധി ജലശേഖരണശേഷിയുള്ളതാക്കുകയും മഴക്കാലത്തെ അധിക ജലം തടസ്സമില്ലാതെ ഒഴുക്കി വിടാൻ പറ്റുകയും ചെയ്താൽ അത് കാർഷികവ്യവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കും. പൊതുസ്ഥലങ്ങളിൽ പൂർണ്ണമായും ഫലവൃക്ഷവൽക്കരണത്തിനും സ്വകാര്യഭൂമിയുടെ തുൾപ്പെടെ മുഴുവൻ ഭൂമിയുടേയും അതിരുകൾ മുഴുവൻ ജൈവ വേലികൾ സ്ഥാപിക്കുവാനും സാധിച്ചാൽ പഞ്ചായത്തിന്റെ പരിസ്ഥിതിയിലും ജൈവവ ളലഭ്യതയിലും അതുണ്ടാക്കാൻ പോകുന്ന മാറ്റം വളരെ നിർണായകമായിരിക്കും. വനവൽക്കരണ പ്രവർത്തനത്തിൽ മുള, ഈറ്റ, കൈത, കണ്ടൽ തുടങ്ങിയവ സാധ്യമായിടത്തൊക്കെ നട്ടുപിടിപ്പിക്കുകയാണെങ്കിൽ അത് പരമ്പരാഗത തൊഴിൽ മേഖലകളുടെ പുനരുജ്ജീവനത്തിന് പശ്ചാത്തലമൊരുക്കും. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയാത്തത് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുള്ളതുകൊണ്ടല്ല; മറിച്ച്; നാം തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിലും മാസ്റ്റർ പ്ലാനുകളിലും അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുന്നില്ല എന്നതാണ്. ഈവിധ ആശയങ്ങൾക്ക് പിന്തുണ നൽകുന്ന നദീതടവികസന സമീപനവും (River Basin Approach) നമുക്കില്ല.

പാരിസ്ഥിതിക പുനഃസ്ഥാപനത്തിനുള്ള കാഴ്ചപ്പാടില്ല എന്നതു പോലെ തന്നെ പ്രധാനാണ് നിലവിലുള്ള ജൈവ വൈവിധ്യത്തെ നശിപ്പിക്കുന്ന വിധത്തിൽ പ്രവർത്തിക്കരുത് എന്നതും. വ്യാപകമായി കേൾക്കുന്ന ഒരാക്ഷേപം, റോഡരുകിൽ കാണുന്ന ചെടികളൊന്നടങ്കം, ഒരാവശ്യവുമില്ലാതെ തുടച്ചു നീക്കപ്പെടുന്നു എന്നതാണ്. ഇക്കാര്യത്തിൽ നല്ല ബോധവൽക്കരണം ആവശ്യമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട എഞ്ചിനീയർമാർക്കും നിർവഹണത്തിനു നേതൃത്വം നൽകുന്ന മേറ്റുകൾക്കും മറ്റു കുടുംബശ്രീ പ്രവർത്തകർക്കും ഇക്കാര്യത്തിൽ പരിശീലനം നൽകേണ്ടതുണ്ട്. അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽ, ഒരു പക്ഷേ, തൊഴിലുറപ്പ് പദ്ധതിയുടെ ഏറ്റവും സുസ്ഥിരമായ മാതൃക രൂപപ്പെടുത്താൻ കേരളത്തിനു കഴിഞ്ഞേയ്ക്കാം. ■

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ കൺസൾട്ടന്റാണ്.*

പി. സുരേഷ്

# വീടെന്നാ

**ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ആശയങ്ങൾ ജനങ്ങളോട് പറയുന്നതിനായി സംഘടിപ്പിച്ച സഞ്ചരിക്കുന്ന നാടകവീട്ടിലെ വിശേഷങ്ങൾ**

*കണ്ടിട്ടുണ്ടോ പെരുമഴ.......?*
*കിണ്ണം, കിണ്ടി, ചട്ടി,*
*കടുക്ക, കലം, കോളാമ്പി*
*തകരപ്പാട്ടയുണക്കപ്പാളയടക്കം-*
*ഉള്ളുകുഴിഞ്ഞവ,*
*കണ്ടതുകണ്ടതെടുത്തു നിരത്തി*
*ഇനിയെന്തിനിയെന്തെന്നും തിരഞ്ഞും*
*കരഞ്ഞും പ്രാകിയും....*

എന്നിങ്ങനെ പെരുമഴയുടെ കെടുതിക്കിടയിൽ നിസ്സഹായതതയോടെ കണ്ണീരൊഴുക്കുന്ന ഒരു കുടുംബത്തെ ചിത്രീകരിക്കുന്ന "വീടെന്നാൽ സ്വാതന്ത്ര്യം" എന്ന നാടകത്തിലെ രംഗം ഹൃദയസ്പർശിയായി അവതരിപ്പിക്കുകയാണ് സഞ്ചരിക്കുന്ന നാടകവീട്. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഇ.എം.എസ്.സമ്പൂർണ്ണ ഭവന പദ്ധതിയുടെ ആശയങ്ങൾ ജനങ്ങളോടു പറയുന്നതിനായി സംഘടിപ്പിച്ചിട്ടുള്ള സഞ്ചരിക്കുന്ന നാടക വീട്ടിലെ ഒരു നാടകമാണ് വീടെന്നാൽ സ്വാതന്ത്ര്യം. മഴക്കെടുതിയിൽ ചോർന്നൊലിക്കുന്ന കൂര ഇടിഞ്ഞു വീഴുമ്പോൾ നനഞ്ഞൊലിച്ച് പരസ്പരം കെട്ടിപ്പിടിച്ച് കരഞ്ഞു തളർന്നു നിൽക്കുന്ന കുടുംബം വീടില്ലാത്തവരുടെ നൊമ്പരങ്ങൾ ശക്തമായി അവതരിപ്പിക്കുന്നു.

പെരുമഴയിൽ നനഞ്ഞൊലിച്ച് തണുത്തുവിറച്ചു നിൽക്കുന്ന കുടുംബത്തിലേയ്ക്ക് സന്നദ്ധ പ്രവർത്തകരെത്തുകയും സർക്കാർ പാവപ്പെട്ടവർക്കായി നടപ്പാക്കുന്ന ഭവന പദ്ധതിയുടെ സവിശേഷതകളെപ്പറ്റി കുടുംബത്തോട് പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു. ഒപ്പം അവരിൽ ഒരാളുടെ വീട്ടിലേയ്ക്ക് ഈ കുടുംബത്തെ കൂട്ടിക്കൊണ്ടു പോകുന്നു. പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റേയും ഇനിയും അസ്തമിക്കാത്ത മാതൃക അവതരിപ്പിച്ചു കൊണ്ട് വീട് ഇല്ലായ്മ ഒരു സാമൂഹ്യപ്രശ്നമാണെന്നും, അത് പരിഹരിക്കേണ്ടത് സമൂഹം കൂട്ടായിട്ടാണെന്നുമുള്ള സന്ദേശം നൽകുവാനാണ് നാടകത്തിലൂടെ ശ്രമിക്കുന്നത്. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിലൂടെ വീടില്ലാത്തവർക്ക് വീട് ലഭിക്കുമെന്നും അതു പ്രകാരം വീട് നിർമ്മിക്കുന്നതിനെന്തൊക്കെ ചെയ്യണമെന്നും പഞ്ചായത്ത് മെമ്പർ അടക്കമുള്ള ആളുകൾ പറഞ്ഞു കൊടുക്കുമ്പോൾ ഇ.എം.എസ്. ഭവന പദ്ധതിയെപ്പറ്റി ഗുണഭോക്താക്കളും ജനങ്ങളുമറിയേണ്ട വസ്തുതകൾ സമൂഹമധ്യത്തിൽ തുറന്നു വയ്ക്കുകയാണ് എം.എം. സചീന്ദ്രൻ എഴുതിയിട്ടുള്ള വീടെന്നാൽ സ്വാതന്ത്ര്യം എന്ന നാടകം.

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം വീട് ലഭിക്കാൻ അർഹതയുള്ള കുടുംബമാണിതെന്നും, നിങ്ങൾക്കതു ലഭിക്കുമെന്നും അതിനുള്ള പണം പഞ്ചായത്തിൽ നിന്നും ലഭിക്കുമെന്നും പഞ്ചായത്ത് മെമ്പർ പറയുന്നു. മാത്രമല്ല കൈയിലുള്ള പണം കൊണ്ട് വീട് പൂർത്തീകരിക്കുന്ന തരത്തിലാണ് പദ്ധതി നടത്തിപ്പെന്നും വിശദീകരിക്കുന്നു. ഭവനപദ്ധതിയുടെ എല്ലാ സവിശേഷതയും ജനങ്ങൾക്ക് പകർന്നു നൽകുന്ന അനുഭവമായി നാടകം മാറുന്നു.

വീട് ഒരു നാട് എന്ന നാടകത്തിലെ കുമാരനിലൂടെ എങ്ങിനെ ഒരു വീട് വയ്ക്കരുതെന്നു പറയാനാണ് ശ്രമിക്കുന്നത്. കേരളത്തിൽ വീടു നിർമ്മാണം മധ്യവർഗ ഡംഭിന്റെ പ്രതീകമാകുമ്പോൾ ശേഷിയില്ലാത്തവരും ശേഷിക്കപ്പുറമുള്ള സ്വപ്നങ്ങൾ കൊണ്ടു നടക്കുന്നു. വീടിനെപറ്റി ആലോചിക്കുമ്പോഴേ അയൽക്കാരുടെ വീടുകളുടെ മാതൃകകൾ കണ്ട് അതുപോലൊരെണ്ണം നിർമ്മിക്കണമെന്നാഗ്രഹിക്കുന്നു. പലരുടേയും പ്രേരണയും മറ്റുപല സ്വാധീനവും ചേർന്നൊടുവിൽ പൂർത്തിയാക്കാനാകാത്ത വീടുകളായി, തീരാത്ത ബാധ്യതകളിൽ വീടെന്ന സ്വപ്നം അവശേഷിക്കുന്നു. അതുകൊണ്ടാണ് വീടുവയ്ക്കാനൊരുങ്ങുന്ന

# ൽ സ്വാതന്ത്ര്യം



കുമാരൻ വിഭ്രാന്തിയിലേയ്ക്കെത്തുന്നത്. ഒടുവിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയിലെ സന്നദ്ധ സേനാംഗമായി മാറുന്നു കുമാരൻ. വീട് വയ്ക്കാനായി ഒക്കെയും ചെലവഴിച്ച് ഒരു വഴിയും കാണാത്ത പലരിൽ ഒരാളാണ് കുമാരൻ. നാടകം അവസാനിക്കുന്നത് ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി സന്നദ്ധ സേവനം നൽകുന്നതിന് അണിചേരുന്നതിന് ജനങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ടാണ്.

ഒമ്പതാം പദ്ധതിക്കാലത്ത് 5 ലക്ഷം വീട് നൽകി. പത്താം പദ്ധതിക്കാലത്ത് 3.5 ലക്ഷം വീടുകൾ. ഇപ്പോൾ പതിനൊന്നാം പദ്ധതിക്കാലത്ത് ആദ്യ രണ്ട് വർഷങ്ങളിൽ 2 ലക്ഷം വീടുകൾക്ക് ധനസഹായം നൽകിയിരുന്നു. ശേഷിക്കുന്ന അഞ്ച് ലക്ഷത്തോളം ദരിദ്ര കുടുംബങ്ങൾക്ക് വീടുണ്ടാക്കി കൊടുക്കണം. അതിനാണ് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി. വീട് ഒരു നാട് എന്ന നാടകത്തിൽ പഞ്ചായത്തിൽ നടക്കുന്ന യോഗത്തിൽ പ്രസംഗകൻ പറയുന്ന വാക്കുകളാണിത്. മുൻകാല പദ്ധതി നടപ്പാക്കുന്നതുപോലെയല്ല ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതി നടപ്പാക്കുന്നത്, അതിന്റെയൊക്കെ കുറവുകൾ പരിഹരിച്ചുകൊണ്ടാണ്. യോഗത്തിലെ കേൾവിക്കാരൊക്കെ താത്പ ര്യത്തോടെ ശ്രദ്ധിക്കുന്നു. പ്രസംഗകൻ തുടരുന്നു. ഇതിൽ ഭൂരഹിതർക്ക് മുൻഗണന നൽകുന്നു. അർഹതയുള്ള എല്ലാ ഭൂരഹിത-ഭവനരഹിതർക്കും ഭൂമിയും വീടും നൽകുന്നതാണീ പദ്ധതി. ഭവന നിർമ്മാണത്തെ സഹായിക്കാൻ സന്നദ്ധ പ്രവർത്തകരും, സന്നദ്ധസാങ്കേതിക പ്രവർത്തകരും കൂട്ടിനുണ്ടാകും. ഇങ്ങനെ ഒട്ടേറെ സവിശേഷതയുണ്ട് ഈ പദ്ധതിക്ക്. അതിനാൽ നിങ്ങളുടെ പിന്തുണ വേണം. ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. ഇങ്ങനെ നാടകം ഒരു ജനകീയ വിദ്യാഭ്യാസ പരിപാടിയായും ജനപിന്തുണ തേടുന്ന പ്രവർത്തനവുമായി മാറുന്നു.

സർക്കാർ നടപടിക്രമങ്ങളുടെയും സാങ്കേതികത്വത്തിന്റെയും ഇടയിൽ പ്പെട്ടുഴലുന്ന സാധാരണ മനുഷ്യന്റെ ദൈന്യത അവതരിപ്പിക്കുന്ന നാടകമാണ് തലചായ്ക്കാനൊരിടം. റെയിൽവേ പുറംപോക്കിൽ വീടു നമ്പരില്ലാത്ത കുടിലിൽ താമസിക്കുന്ന വൃദ്ധർ പഞ്ചായത്താഫീസിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള വീടിന് അപേക്ഷ നൽകാനെത്തുന്നതാണ് രംഗം, ഓഫീസിലെ ജീവനക്കാരുടെ നിഷേധാത്മകവും പരിഹാസത്തോടെയുമുള്ള അഭിപ്രായ പ്രകടനങ്ങൾക്കിടയിൽ തളർന്നുപോകുന്ന പാവപ്പെട്ട അപേക്ഷകനിലൂടെ സർക്കാർ സംവിധാനങ്ങൾ ജന സൗഹൃദപരമാകേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. അതോടൊപ്പം തന്നെ കൊട്ടാരം പോലുള്ള വീടു വയ്ക്കുകയും സർവ സൗകര്യങ്ങളും ഒരുക്കുകയും അതിനുള്ളിൽ എല്ലാം സുരക്ഷിതമാണെന്ന് കരുതുകയും ചെയ്യുന്ന കുടുംബത്തെ അവതരിപ്പിക്കുന്ന മറ്റൊരു രംഗവും ഈ നാടകത്തിലുണ്ട്. ഇതിൽ അയൽപക്കത്തുള്ള ചേരിയിലെ വൃത്തിയില്ലായ്മയെ ശപിച്ച് വാതിലും ജനലുകളും തുറക്കേണ്ടെന്നു ശപഥം ചെയ്യുകയും ചെയ്യുന്ന ഒരു കുടുംബത്തെ അവ







തരിപ്പിക്കുന്നു. ഈ ഘട്ടത്തിൽ അയൽ പക്കത്തുള്ള ആളുകൾ ചേരിയിലെ ജീവിതം മെച്ചപ്പെടുത്തുന്നതിന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്നാൽ നിഷേധാത്മകമായ സമീപനത്തോടെ പ്രതികരിക്കുന്ന കുടുംബനാഥനോട് ചേരിയിലെ വൃത്തിയില്ലായ്മയിൽ രോഗാണുക്കൾ ഉണ്ടായാൽ അത് ഈ വീടിന്റെ കരിങ്കൽ കെട്ടുകളെ ഭേദിച്ച് അകത്തു വന്ന് രോഗം പരത്തുക തന്നെ ചെയ്യുമെന്ന് ഓർമ്മിപ്പിക്കുന്നു. അവനവനുമാത്രമായ സുരക്ഷയെന്നത് ഒരു മിഥ്യയാണെന്നും സാമൂഹ്യസുരക്ഷയാണ് ശരിയായ മാർഗമെന്നും ചൂണ്ടികാട്ടുകയാണ് നാടകത്തിലൂടെ.

*പല പല പദ്ധതി വന്നു നാട്ടിൽ*
*പാവങ്ങൾക്കു പണം നൽകി*
*എന്നിട്ടെന്തേ നിങ്ങൾക്കിന്നും*
*വീടുണ്ടാക്കാനൊത്തില്ലേ ?*

എന്ന് പൂങ്കുയിൽ ചോദിക്കുന്നത് വീടില്ലാതെ തെരുവോരത്ത് അന്തിയുറങ്ങുന്ന കുടുംബത്തിലെ അമ്മയോടാണ്. ഒരു കാളവണ്ടി യാത്രയ്ക്കിടയിലെ ചില രംഗങ്ങൾ അവതരിപ്പിക്കുന്ന എം.എം. സചീന്ദ്രന്റെ വീട് എന്ന സംഗീത ശില്പത്തിലെതാണു രംഗം.

പല, പല പദ്ധതി വന്നിട്ടും വീടു വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ വീടു ലഭിക്കാത്ത കടുത്ത നിരാശയിൽ അമ്മ പൂങ്കുയിലിനോടു പറയുന്നത്.

*ഒത്തമരത്തിൻ കൊമ്പത്തല്ലേ*
*കൂടുണ്ടാക്കു പൂങ്കുയിലേ*
*സ്വന്തം പേരിൽ*
*സ്ഥലമുള്ളോർക്കേ*
*വീടുണ്ടാക്കാൻ തുണയുള്ളൂ*
*എന്നാണ്*

എന്നാൽ കാര്യങ്ങൾ എന്നും ഒരു പോലെയല്ലെന്ന് അമ്മയോട് പൂങ്കുയിൽ പറഞ്ഞു കൊടുക്കുന്നു. ഇപ്പോൾ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ സ്ഥലമില്ലാത്തവർക്ക് വീടു വയ്ക്കാൻ മുൻഗണന നൽകുന്നു എന്ന് പൂങ്കുയിൽ പറയുന്നതോടെ പ്രതീക്ഷയുടെ പുതിയ പ്രകാശം വിതറി നിൽക്കുന്ന സ്വപ്ന രംഗം അവതരിപ്പിക്കപ്പെടുകയാണ്. പുതുമയാർന്ന ദൃശ്യാവിഷ്ക്കാര രീതികളിലൂടെ നാടകാവതരണത്തിന് പുതിയ ഭാഷയൊരുക്കുയാണ് വീട് എന്ന സംഗീത ശില്പത്തിലൂടെ.

സഞ്ചരിക്കുന്ന നാടകവീടിൽ നൂതനമായ അവതരണ രീതിയാണ് ഉപയോഗിച്ചിട്ടുള്ളത്. നവീന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് പുതിയ രംഗഭാഷയിലാണ് നാടകം ആവിഷ്കരിച്ചിട്ടുള്ളത്. യഥാർത്ഥമായ സംവേദന ശൈലി സ്വീകരിക്കുന്നതിലൂടെ നാടകം ജനപ്രിയമായ രീതിയിലാണ് ഒരുക്കിയിട്ടുള്ളത്. ജനങ്ങളിൽ നിന്നും പഠിച്ച് ജനങ്ങളെ പഠിപ്പിക്കുക എന്ന ബ്രഹത്തിന്റെ ആശയം വളരെ ലളിതമായി ഈ നാടക പരീക്ഷണത്തിൽ ഉൾച്ചേർത്തിരിക്കുന്നുവെന്നതാണ് നാടകത്തിന്റെ പ്രധാന സവിശേഷത. ഒരു ലോറിയിൽ നാടകവേദി ഉറപ്പിച്ചിരിക്കുകയാണ്. സഞ്ചരിക്കുന്ന നാടകവീട് നാടകം അവതരിപ്പിക്കുന്ന ഒരു കേന്ദ്രത്തിലെത്തുമ്പോൾ വേദിയായി തുറക്കുന്നു. വീടും കിണറുമെല്ലാമുള്ള വീട്ടുമുറ്റത്താണ് നാടകം നടക്കുന്നത്. അവതരണത്തിന് ശേഷം വേദി മടക്കി വയ്ക്കാവുന്ന തരത്തിലാണ് ക്രമീകരണം.

സംസ്ഥാനത്ത് 14 സഞ്ചരിക്കുന്ന നാടകവീടുകളാണ് ഒരുക്കിയിട്ടുള്ളത്. ഒരു ജില്ലയ്ക്ക് ഒരു നാടകവീട്. കലാകാരൻമാരും കലാകാരികളും അടങ്ങിയ ഇരുപത് അംഗങ്ങളാണ് നാടകവീട്ടിലുള്ളത്. ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ ഒരു കേന്ദ്രം എന്ന നിലയിൽ നാടകവീട് പരിപാടി അവതരിപ്പിക്കുന്നുണ്ട്. സംസ്ഥാനത്താകെ ആയിരത്തിലേറെ കേന്ദ്രങ്ങളിൽ നാടകം അവതരിപ്പിക്കുന്നുണ്ട്. ഇതിനകം 11 ജില്ലകളിൽ പര്യടനം പൂർത്തിയാക്കിയിട്ടുണ്ട്. വലിയ വിഭാഗം ജനങ്ങൾക്കിടയിലേയ്ക്ക് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ആശയങ്ങൾ എത്തിക്കുന്നതിനും പുതിയ ഊർജ്ജം പകർന്നു നൽകുന്നതിന് സഞ്ചരിക്കുന്ന നാടക വീടിന് കഴിഞ്ഞിട്ടുണ്ട്.

തദ്ദേശസ്വയംഭരണവകുപ്പും സംസ്ഥാന യുവജനക്ഷേമബോർഡും ചേർന്നൊരുക്കുന്നതാണ് സഞ്ചരിക്കുന്ന നാടക വീട്. 4000 കോടി രൂപ മുതൽ മുടക്കി ഭൂമിയും വീടുമില്ലാത്ത ദരിദ്രരായ നാലര ലക്ഷം കുടുംബങ്ങൾക്ക് വീടു നൽകുന്ന ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതി കേരള സമൂഹത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു സുപ്രധാന വഴിത്തിരിവാണ്. സമ്പൂർണ പാർപ്പിട സംസ്ഥാന പദവിയിലേയ്ക്കാണ് നാടു വളരുന്നത്. സാമ്പത്തിക മാന്ദ്യത്തിന്റെ പ്രശ്നങ്ങൾ നേരിടുന്ന സമ്പദ് വ്യവസ്ഥയ്ക്ക് പുതിയ ഉണർവു പകരാൻ പര്യാപ്തമാണിത്. 5 കോടി തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. 1600 കോടി രൂപയാണ് കൂലിയിനത്തിൽ സാധാരണ തൊഴിലാളികൾക്ക് കിട്ടുന്നത്. അതോടൊപ്പം വലിയ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വീടു നിർമ്മാണത്തിനാവശ്യമായ സാധനങ്ങളുടെ ഉത്പാദനത്തിൽ വലിയ വർദ്ധനവുണ്ടാകുന്നു. ഇത് തൊഴിൽ സൃഷ്ടിക്ക് കാരണമാകും. ഇതെല്ലാം ചേർന്ന് സമ്പദ് വ്യവസ്ഥയിൽ പുതിയ ഉണർവ് ദൃശ്യമാകും. ഇതിനെയാകെ ബലപ്പെടുത്തുന്ന നിരവധി പ്രവർത്തന പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുകയാണ്. ഇതിനകം വീടുനൽകുന്നവരെ തെരഞ്ഞെടുത്തു കഴിഞ്ഞു. വീട് നിർമ്മിക്കാനുള്ള പണം സഹകരണ ബാങ്കുകൾ പഞ്ചായത്തുകൾക്ക് വായ്പയായി നൽകുന്ന നടപടിയും നടക്കുന്നു. അഞ്ഞൂറിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ വീടു നിർമ്മിക്കുന്നതിനുള്ള ഒന്നാം ഗഡു വിതരണം ചെയ്തു കഴിഞ്ഞു. ബാക്കിയുള്ള പഞ്ചായത്തുകളിൽ പ്രവർത്തനം മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിൽ ഈ പ്രവർത്തനങ്ങൾക്കാകെ ഊർജം പകർന്നുകൊണ്ട്, ജനങ്ങളെയാകെ ഈ പദ്ധതിയിൽ പങ്കാളികളാക്കുന്നതിനാണ് നാടകവീടിന്റെ സഞ്ചാരത്തിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രസക്തിയും, ഇത് വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ജനങ്ങളുമായി പങ്കുവച്ചുകൊണ്ട് ഗ്രാമങ്ങളിൽ നിന്നും ഗ്രാമങ്ങളിലേയ്ക്ക് സഞ്ചരിക്കുന്ന നാടകവീട് വെറുമൊരു പ്രചരണ പരിപാടി മാത്രമല്ല, നാടകമെന്ന കലാരൂപത്തിന്റെ സാധ്യതകൾ മഹത്തായ ഈ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

സഞ്ചരിക്കുന്ന നാടക വീടിന്റെ സംവിധാനം നിർവ്വഹിച്ചിട്ടുള്ളത് പ്രമോദ് പയ്യന്നൂരാണ്. ഈ നാടകവീടിന്റെ ഭാഗമായി 14 പാട്ടുകൾ അടങ്ങിയ ഒരു ആഡിയോ സി.ഡി. തയ്യാറാക്കിയിട്ടുണ്ട്. ഏഴാച്ചേരി രാമചന്ദ്രൻ, അനിൽ പനച്ചൂരാൻ, കൊടക്കാട് ശ്രീധരൻ, എം.എം. സചീന്ദ്രൻ, എൻ. വേണുഗോപാലൻ എന്നിവരാണ് ഗാനരചന നടത്തിയിട്ടുള്ളത്. സംഗീത സംവിധാനം നിർവഹി ച്ചിട്ടുള്ളത് വിശ്വജിത്തും ഗാനങ്ങൾ ആലാപനം നടത്തിയിട്ടുള്ളത് കാവാലം ശ്രീകുമാർ, മഞ്ജരി, ജി. വേണുഗോപാൽ നിഷാദ്, വിശ്വജിത്ത് തുടങ്ങിയവരുമാണ്. ■

*ലേഖകൻ ജനകീയാസൂത്രണം സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് അംഗമാണ്*



# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **11-ാം പദ്ധതിയുടെ ഇടക്കാല വിലയിരുത്തൽ**

അവതാരകൻ : **യാമിനി മിശ്ര & അമിതാബ് ബിഹാർ,** ന്യൂഡൽഹി

- സംസ്ഥാനതലത്തിലും അതിന് താഴെയും 11-ാം പദ്ധതിയുടെ ഇടക്കാല വിലയിരുത്തൽ വിശകലനം ചെയ്യേണ്ട 13 ഇനങ്ങളെ സംബന്ധിച്ച്
- സംസ്ഥാനതലത്തിലും, ഗ്രാമതലങ്ങളിലും ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകളോ ആധികാരിക രേഖകളോ തയ്യാറാക്കിയിട്ടുണ്ടോ?
- പഞ്ചവത്സര പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഇക്കാര്യങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനായി എടുക്കേണ്ട തന്ത്രങ്ങൾ എന്തെല്ലാമാണ്?

### പ്രതികരണങ്ങളുടെ ചുരുക്കം

11-ാം പദ്ധതിയുടെ ഇടക്കാല വിലയിരുത്തൽ സംബന്ധിച്ച് ഉയർന്നുവന്ന സംശയങ്ങൾക്ക് ബഹുജന സംഘടനകളിൽ നിന്നും പ്ലാനിംഗ് കമ്മീഷനിൽ നിന്നും ജനങ്ങളുടെ പ്രതികരണങ്ങളിലും അംഗങ്ങൾ സംതൃപ്തി രേഖപ്പെടുത്തി.

ദേശീയതലത്തിൽ അളക്കാവുന്ന 27 ഇനങ്ങൾ അംഗങ്ങൾ പരിഗണിച്ചു. എന്നാൽ സംസ്ഥാനതലത്തിൽ എത്തുമ്പോൾ ഇത് 13 എണ്ണമായി പരിമിതപ്പെടുന്നു. എന്നിരുന്നാലും പ്രധാന വെല്ലുവിളി ജില്ലാതലത്തിലും ഗ്രാമതലത്തിലും ഈ ഘടകങ്ങളെ നിർണ്ണയിക്കുക എന്നുള്ളതാണ്. ജില്ലാതലത്തിലും ബ്ലോക്ക് തലങ്ങളിലും ഗ്രാമതലങ്ങളിലും ഈ 13 ഘടകങ്ങൾക്കും വളരെ പരിമിതമായ പ്രസക്തിയാണ് ഉണ്ടാവുക. ഇതിന് അംഗങ്ങൾ രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി. മൊത്ത വികസന സൂചികയും കാർഷിക വികസന സൂചികയും ദേശീയതലത്തിലും, സംസ്ഥാന തലത്തിലും വളരെയെളുപ്പം തിട്ടപ്പെടുത്തുന്നതിന് കഴിയും. എന്നാൽ ജില്ലാതലത്തിലോ അതിന് താഴെയോ ഇത് എളുപ്പത്തിൽ തിട്ടപ്പെടുത്തുവാൻ സാധിക്കുന്നില്ല. ഇത് തന്നെയാണ് വികേന്ദ്രീകൃത ആസൂത്രണത്തിലെ വെല്ലുവിളിയും. അതുകൊണ്ട് തന്നെ 11-ാം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ വിലയിരുത്തൽ താഴെതട്ടിൽ എളുപ്പത്തിൽ വിലയിരുത്താവുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം എന്ന് അംഗങ്ങൾ നിർദ്ദേശിച്ചു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടതുമായിരിക്കണം.

ഉദാഹരണമായി അംഗങ്ങൾ ഒറീസ സംസ്ഥാനത്ത് തയ്യാറാക്കിയ ഇടക്കാല വിലയിരുത്തൽ റിപ്പോർട്ടിലേയ്ക്ക് വിരൽ ചൂണ്ടി. അവിടെ ബഹുജന സംഘടനകൾക്കോ, ജനപ്രതിനിധികൾക്കോ പദ്ധതികളെ ക്രിയാത്മകമായി വിലയിരുത്തുന്നതിന് സാധിച്ചില്ല. അതുകൊണ്ട് തന്നെ പദ്ധതി രൂപീകരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കണം. അത് പോലെ തന്നെ ബഹുജന സംഘടനകളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്. സംസ്ഥാന പദ്ധതികളുടെ വിലയിരുത്തലും ഇത്തരത്തിൽ തുടർച്ച

*ശേഷം പേജ് 31ൽ*



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 7



റോയ് ചാക്കോ ഇളമണ്ണൂർ

കേരളത്തിൽ രണ്ടാഴ്ചക്കാലം പകൽ താപനില 40 ഡിഗ്രി എത്തിയപ്പോൾ“സംസ്ഥാനം കൊടുംചൂടിന്റെ പിടിയിൽ’ എന്ന വിഷയത്തെ സംബന്ധിച്ചായിരുന്നു ഇവിടുത്തെ ചർച്ച. പാലക്കാട്ടും പുനലൂരുമൊക്കെ നട്ടുച്ച നേരത്ത് 40 ഡിഗ്രി ചൂടെത്തിയെങ്കിലും ഗ്രാമങ്ങളിൽ അത് ശരാശരി 35 ഡിഗ്രി ആയിരുന്നു. സാധാരണ എന്നപോലെ സൂര്യാസ്തമയത്തിനുശേഷവും അന്തരീക്ഷതാപനില ഗണ്യമായി കുറയുകയും ചെയ്തിരുന്നു. സാധാരണ വേനൽ ആരംഭിക്കുന്ന മാർച്ച് മാസം കേരളത്തിൽ ചൂട് ഇത്ര വർദ്ധിക്കാറില്ല എന്നത് ശരി തന്നെ. എന്നാൽ ഏപ്രിൽ ആയപ്പോഴേയ്ക്കും കേരളത്തിൽ വ്യാപകമായി വേനൽ മഴ ലഭിച്ചു. അങ്ങനെ കേരളത്തിന്റെ വേനൽക്കാലത്തിന് കാഠിന്യം കുറഞ്ഞ് സാധാരണപോലെയായി. എന്നാൽ വടക്കേന്ത്യയിൽ ഇതൊന്നുമല്ല സ്ഥിതി. അവിടെ വേനൽ ആരംഭിച്ചുകഴിഞ്ഞു. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ മധ്യ ഇന്ത്യയും വടക്കൻ ഇന്ത്യയും വടക്കു പടിഞ്ഞാറൻ മേഖലയായ ഗുജറാത്തുമൊക്കെ അക്ഷരാർത്ഥത്തിൽ അഗ്നികുണ്ഠമാകും. പകൽ താപനില ശരാശരി 40 ഡിഗ്രിയിൽ നിൽക്കും എന്നതല്ല വിഷയം. ഏറ്റവും കുറഞ്ഞ താപനില 30നു മുകളിൽ പോകും എന്നതാണ് ഗുരുതരം. അർദ്ധരാത്രിയായാൽ പോലും പകൽച്ചൂടുപോലുള്ള ഒരനുഭവം. ന്യൂഡൽഹിയിലെ വേനൽക്കാല കാഴ്ചകളിലേയ്ക്ക് കടന്നുചെല്ലാം.



സമ്മർ സീസണിൽ ഡൽഹിയിലെ ജനങ്ങൾ ഉറങ്ങുവാൻ തുടങ്ങുന്നത് രാത്രി 11 മണി കഴിഞ്ഞായിരിക്കും. അത്താഴം കഴിഞ്ഞ്11 മണിവരെ തൊട്ടടുത്ത പാർക്കുകളിൽ പോയിരുന്ന് കാറ്റുകൊള്ളുകയാണ് ചെയ്യുന്നത്. എല്ലാ റെസിഡെൻഷ്യൽ ഏരിയാകളിലും ചെറിയ പാർക്കുകളുണ്ട്. പ്രത്യേകിച്ചും ഗവൺമെന്റ് ക്വാർട്ടേഴ്സുകൾക്കു സമീപം. കുട്ടികൾക്കു കളിക്കാനുള്ള ക്രമീകരണവുമുണ്ട്. വേനൽക്കാലത്തെ അർദ്ധരാത്രികളിൽ പാർക്കുകളും മറ്റും ജനങ്ങളുടെ വിശ്രമകേന്ദ്രങ്ങളാകും. ഐസ്ക്രീം കച്ചവടക്കാർക്ക് നല്ല കൊയ്ത്താണ് ഈ സമയം. എല്ലാ പാർക്കുകളിലും ഐസ്ക്രീം കച്ചവടക്കാർ യഥേഷ്ടം ഉണ്ടാകും. ഡൽഹി സംസ്ഥാനത്തിലെ ഒന്നരക്കോടി ജനങ്ങളിൽ മഹാഭൂരിഭാഗവും ‘എയർ കൂളർ’ ഉപയോഗിച്ചാണ് ഈ മുന്നാലു മാസം രാത്രിയും പകലും കഴിച്ചുകൂട്ടുക. സാധാരണക്കാരനും വാങ്ങുവാൻ സാധിക്കുന്ന രീതിയിൽ പല വിലയ്ക്ക് കൂളറുകൾ ഡൽഹിയിൽ എല്ലായിടത്തും ലഭിക്കും. സീസണിൽ കൂളറുകൾ വാടകയ്ക്കും ലഭിക്കും. സാമ്പത്തികശേഷി ഉള്ളവർ എല്ലാ മുറികളിലും ഏസി ഫിറ്റ് ചെയ്യുകയും ഇവിടെ പതിവാണ്. ഏസിയും എയർകൂളറുമൊക്കെ ഇവിടെ ആഡംബരമല്ല, പിന്നെയോ നമ്മുടെ നാട്ടിൽ ഫാൻ എന്നപോലെ ജീവിതത്തിന് ആവശ്യമായ ഒരു കാര്യം തന്നെയാണ്. ചില സമയങ്ങളിൽ പ്രത്യേകിച്ചും മെയ്മാസം ഉച്ചസമയത്ത് 47 ഡിഗ്രിവരെ വടക്കേന്ത്യയിൽ പലയിടത്തും ചൂടെത്താറുണ്ട്. അതായത് പച്ച ഇലകൾ കരിയുന്ന ഒരവസ്ഥ. 1994 മെയ് 30–ാം തീയതി ന്യൂഡൽഹിയിലെ ചൂട് 46 ഡിഗ്രി ആയിരുന്നു. അതിന്റെ പിറ്റേന്ന് രാജസ്ഥാനിലെ Dholpur സിറ്റിയിൽ 50 ഡിഗ്രി

വരെയെത്തി. ആ വർഷം അതികഠിനമായ ചൂടുകാരണം രാജസ്ഥാനിൽ മാത്രം 210 പേർ മരിച്ചു. ഹരിയാന, പഞ്ചാബ്, ഉത്തർപ്രദേശ്, ഡൽഹി, മധ്യപ്രദേശ് എന്നിവിടങ്ങളിലായി 55 പേരാണ് ചൂടുകാരണം ആ വർഷം മരിച്ചത്. രണ്ടായിരത്തോളംപേർ രോഗബാധിതരാകുകയും ചെയ്തു. പിറ്റെവർഷം മഞ്ഞിന്റെ നാടായ ഹിമാചൽപ്രദേശിലെ സിംലയിൽപോലും അസഹനീയമായ അത്യുഷ്ണത്താൽ വടക്കേന്ത്യയിൽ അഞ്ഞൂറോളം പേർ കൊല്ലപ്പെട്ടു. 1994 മെയ്മാസത്തിൽ 30 ഡിഗ്രിക്കടുത്തുവരെ ചൂട് രേഖപ്പെടുത്തി. മെയ് മുതൽ ജൂൺ അവസാനംവരെയുള്ള 60 ദിവസങ്ങളിൽ ശരാശരി ചൂട് 42 ഡിഗ്രി ആകാറുണ്ട്. ഡൽഹിയിലെ തീക്കാലം എന്ന് ഈ സമയത്തെ വിശേഷിപ്പിക്കാം. കേരളത്തിലെ ശരാശരി താപനിലയായ 33 ഡിഗ്രിയിൽ വടക്കേന്ത്യൻ നഗരങ്ങൾ രാത്രികാലങ്ങളിൽ വെന്തുരുരുകും. അതായത് കേരളത്തിലെ ശരാശരി താപനില ന്യൂഡൽഹിയിൽ ഏറ്റവും ചെറിയ ശരാശരി താപനിലയായി മാറുന്നു. പകൽ സമയത്തെ കാറ്റ് തീക്കാറ്റ് തന്നെയാണ്. തണുപ്പുകാലത്തെന്നപോലെ വാഹനങ്ങൾ ഗ്ലാസിട്ടാണ് ഓടിക്കുന്നത്. വാഹനത്തിനുള്ളിൽ എവിടെ തൊട്ടാലും ചൂട്. ഇരുമ്പുകമ്പികൾ പഴുത്തിരിക്കുന്നതുപോലെ. കാറ്റ് കയറട്ടെ എന്നു കരുതി ഗ്ലാസ് മാറ്റിയാൽ തീക്കാറ്റ് അകത്തു കയറും. അത് അതിലും കഠിനം. ഏസി ഇല്ലാത്ത സാധാരണ ബസുകളിൽ ഈ സമയത്തെ യാത്ര ജീവിതത്തിലുണ്ടാകുന്ന വലിയൊരു ശിക്ഷതന്നെയാണ്. കേരളത്തിലേതുപോലെ ഹ്യൂമിഡിറ്റി ഇല്ലാത്തതിനാൽ വിയർത്തൊലിച്ച് നാറുകയില്ല എന്നത് ഒരു ആശ്വാസം തന്നെ.

ഗ്രീഷ്മത്താൽ തപിച്ചും തളർന്നും വരണ്ടും കിടക്കുന്ന വടക്കേന്ത്യയിൽ ആശ്വാസമായി മഴ എത്തുമ്പോഴേയ്ക്കും ജൂലൈ അവസാനമോ ഓഗസ്റ്റോ ആകും. ജൂണിൽ കേരളത്തിൽ കാലവർഷം ആരംഭിച്ചു എന്ന സദ്വാർത്ത കേൾക്കുവാൻ വടക്കേന്ത്യക്കാർ കാതോർത്തിരിക്കും. കാരണം, കേരളത്തിൽ പെയ്തു തുടങ്ങുന്ന മഴയാണ് ക്രമേണ വടക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിക്കുന്നത്. മഴക്കാലത്ത് മലയാളികൾ എല്ലാം കുട ഉപയോഗിക്കുന്നു. വേനൽക്കാലത്ത് ചിലർ കേരളത്തിൽ കുട ഉപയോഗിക്കാറുണ്ട്. എന്നാൽ ന്യൂഡൽഹിയിലെ മലയാളികൾ പോലും മഴക്കാലത്തോ വേനൽക്കാലത്തോ കുട ഉപയോഗിക്കാറില്ല എന്നത് ഒരു വൈചിത്ര്യം തന്നെ. കഠിനമായ ചൂടുകാരണം എത്രപേർ മരിച്ചാലും കുട പിടിച്ചു നടക്കുന്ന രീതി വടക്കേന്ത്യൻ ജനതയ്ക്കില്ല. എത്ര വെയിൽ വേണമെങ്കിലും ഇവർ കൊണ്ടുകൊള്ളും. അതുപോലെ മഴ ആസ്വാദിച്ച് നടന്നുകൊള്ളും. കുട എന്ന സാധനം ന്യൂഡൽഹിയിൽ ഒരപൂർവ്വ വസ്തുവാണ്. ഇതു ലഭിക്കുന്ന കടകളുടെ എണ്ണവും വളരെ വിരളം. നാട്ടിൽ ചെറിയ ചൂടത്തും ചാറ്റൽ മഴയത്തും കുടയുമായി നടക്കുന്ന മലയാളികൾ ഡൽഹിയിൽ എത്തിയാൽ പിന്നെ കുട ഉപയോഗിക്കാറില്ല എന്നതാണ് രസകരം. കുട പിടിച്ചു നടന്നാൽ മറ്റുള്ളവർ എന്തു വിചാരിക്കും എന്ന ചിന്തയാകാം ഇതിന്റെ പിന്നിൽ. നിരത്തിലൂടെ ഒരു പ്രത്യേക ജീവിയെപ്പോലെ കുടപിടിച്ചു നടക്കാനുള്ള ചങ്കൂറ്റവും പാവം മലയാളിക്കില്ല. നാട്ടിലവർ എപ്പോഴും കുടയുമായി നടക്കുന്നവരായാൽ പോലും. ആയിരത്തിൽ നാലോ അഞ്ചോ പേർ കുടപിടിച്ചു നടക്കുന്നതു കാണാം. ഈ അഞ്ചുപേരിൽ നാലുപേരും സ്ത്രീകളായിരിക്കും. അവർ കളർകുടകളാണ് ഉപയോഗിക്കുക. ചുരുക്കത്തിൽ കറുത്ത കുട അപൂർവം തന്നെ.

എന്നാൽ കുടയ്ക്കുപകരം ചൂടുകാലത്ത് അവർ സവാള ഏറെ ഉപയോഗിക്കുന്നു. സവാള ചൂട് പിടിച്ചെടുക്കുന്ന ഒരു ഭക്ഷ്യവിഭവമായി അവർ കരുതുന്നു. ന്യൂഡൽഹിയിലെ ജനങ്ങളിൽ ഭൂരിഭാഗവും സസ്യാഹാരികളായതിനാൽ പൊതുവെ അവിടെ ഉള്ളിയുടെ ഉപയോഗം വളരെ കൂടുതലാണ്. നമ്മൾ അരിക്കുകൊടുക്കുന്ന പ്രാധാന്യമാണ് അവർ ഉള്ളിക്കു കൊടുക്കുന്നത്. “ഉള്ളിയുടെ വില ഉയർന്നാൽ മന്ത്രിസഭകൾ മറിഞ്ഞു വീഴും” എന്ന് വടക്കേന്ത്യയിൽ ഒരു ചൊല്ലുണ്ട്. 17 വർഷം മുൻപ് ഡൽഹിയിൽ ആപ്പിളിന് കിലോയ്ക്ക് 10 രൂപയും ഉഴുന്നിന് 14 രൂപയും പഞ്ചസാരയ്ക്ക് 12 രൂപയും ഉണ്ടായിരുന്നപ്പോൾ സവാളയ്ക്കും ഏതാണ്ട് അതേ നിലവാരമായിരുന്നു. കിലോയ്ക്ക് 12 രൂപ അന്ന് കാബേജും തക്കാളിയുമൊക്കെ കിലോയ്ക്ക് 4 രൂപയ്ക്ക് ലഭിച്ചിരുന്നു.

മുണ്ടുടുക്കുന്നത് വ്യത്തികേടാണ്, വിവരമില്ലാത്തവരുടെ ലക്ഷണമാണ്, വെറും ‘ഗാവ്വാലാ’യാണ് (തനി ഗ്രാമീണർ) മുണ്ടുധാരികൾ എന്നു കരുതുന്ന ഡൽഹി നിവാസികൾക്ക് വേനൽക്കാലത്ത് ഒരു നിക്കറും (ബർമുഡ) ബനിയനും ഇട്ടു നടക്കുന്നതിൽ തെല്ലും സങ്കോചമില്ല. പയ്യൻ മുതൽ മുത്തച്ഛൻ വരെ നിക്കറിട്ടു നടന്നുകൊള്ളും. വേനൽക്കാലത്ത് പുരുഷന്മാരുടെ ഒരു ഫാഷനാണിത്. സ്ക്കൂൾ കുട്ടികൾ ഇടുന്ന നിക്കർമാതിരി തന്നെ ഉള്ളവയാണിത്. അതിന്റെ കാൽവട്ടം കീറി നൂല് തൂങ്ങിക്കിടന്നാൽ അത് മോഡേൺ ഫാഷനുമായി! ചില പെൺകുട്ടികളും നിക്കറിട്ടു നടക്കാറുണ്ട്.

മീൻ ചന്തകളിൽ വേനൽക്കാലത്ത് കച്ചവടം വളരെ കുറവാണ്. കഠിനമായ ചൂടായതിനാൽ മീൻ എളുപ്പം കേടാകും എന്നതിനാലാണിത്. നമ്മുടെ നാട്ടിലേതുപോലെ വലിയ മീൻചന്തകളല്ല അവിടുള്ളത്. ഓരോ റെസിഡെൻഷ്യൽ ഏരിയാകളിലും വൈകിട്ട് റോഡ് സൈഡിൽ അഞ്ചാറ് മീൻ കച്ചവടക്കാർ ഉണ്ടാകും. സ്ഥിരമായ മീൻ കടകളിൽ, സിഎഫ്എൽ ബൾബുകളുടെ വെളിച്ച പ്രഭാവത്തിൽ വൃത്തിയുള്ള അന്തരീക്ഷത്തിലാണ് കച്ചവടം. ബംഗാളികൾക്ക് ഏറ്റവും പ്രിയപ്പെട്ട ‘കട്‌ല’ അവിടെ ലഭിക്കുന്ന ഒരു പ്രധാന മത്സ്യമാണ്. അർദ്ധരാത്രി വരെ മീൻ ലഭിക്കും എന്നത് ഒരു പ്രത്യേകതയാണ്. കേരളത്തിൽ വളരെ അപൂർവ്വമായ ഒരു കാര്യമാണല്ലോ ഇത്. സന്ധ്യയാകുമ്പോൾ തന്നെ കടകളടച്ച് വീടുകളിൽ പോകുന്ന ഒരു രീതിയാണല്ലോ കേരളത്തിലുള്ളത്. രാത്രി കാല ഷോപ്പിംഗ് എന്തെന്ന് കേരളീയർ പഠിക്കേണ്ടിയിരിക്കുന്നു, അറിയേണ്ടിയിരിക്കുന്നു. സന്ധ്യകഴിഞ്ഞാൽ ബസ് സർവീസ് കേരളത്തിൽ കുറവാണ്; രാത്രിയാത്രയും. നട്ടുച്ചനേരത്ത് പൊള്ളുന്ന വെയിലിൽ, വേവുന്ന ആവിയിൽ ഷോപ്പിംഗ് നടത്തുന്ന ബുദ്ധിശൂന്യമായ ഒരു രീതിയാണ് കേരളത്തിൽ ഭൂരിഭാഗം ഇടങ്ങളിലും കണ്ടുവരുന്നത്.

പുതുതായി ഡൽഹിയിലെത്തുന്ന തെക്കെ ഇന്ത്യക്കാരെ, പ്രത്യേകിച്ചും കഠിനമായ ചൂടും തണുപ്പും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത മലയാളികളെ കാലാവസ്ഥയുടെ പേരിൽ ഭയപ്പെടുത്തുവാൻ ഡൽഹിയിലെ മലയാളികൾ വിരുതന്മാരാണ്. വേനൽക്കാലത്ത് കഠിനമായ ചൂടുമൂലം മരിച്ചവരുടെ കണക്ക് അവർ ആദ്യമേ നിരത്തും. ആ പട്ടികയിൽ ഇനിയും ഉൾപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഭയപ്പെടുത്തിയുള്ള ഒരു മുൻകരുതലും നൽകും. “മഴ മൂലം ജൂൺ, ജൂലൈ മാസങ്ങളിൽ കേരളത്തിലും മരണങ്ങൾ ഉണ്ടാകുന്നുണ്ടല്ലോ, ഭയപ്പെടുത്തരുതാശാനേ” എന്ന് നാം തിരിച്ചടിച്ചാൽ അവിടുത്തെ മലയാളികൾ ചില കാരണവന്മാരെപ്പോലെ പുതുതായി അവിടെത്തുന്നവരുടെ മുൻപാകെ നിർദ്ദേശങ്ങൾ നിരത്തും.

ചൂടുകാലത്ത് മുട്ട, ഇറച്ചി, മീൻ എന്നിവ കഴിക്കുന്നത് നല്ലതല്ല എന്ന ഉപദേശം പൊതുവെ സ്വീകാര്യമാക്കാം. എന്നാൽ തണുപ്പുകാലത്ത് പാദം വെടിച്ചുകീറി ചോരയൊലിക്കും, ചുണ്ട് വെടിച്ചുകീറി വേദനയുണ്ടാകും എന്നതൊക്കെ ഊതിവീർപ്പിച്ച കൊച്ചുകൊച്ചു യാഥാർത്ഥ്യങ്ങളാണ്.

*(തുടരും)*

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്.*




# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 4

# ഡെബിറ്റ് / ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമം

വിവിധ ഇടപാടുകളിൽ ഉൾപ്പെട്ട അക്കൗണ്ടുകളെ, സുവർണ്ണ നിയമങ്ങൾക്കനുസൃതമായി, ഡെബിറ്റും ക്രെഡിറ്റും എങ്ങനെ ബാധിക്കുന്നുവെന്ന് പരിശോധിക്കാം.

**സ്ഥാപനത്തിന്റെ അസ്തിത്വം**

സ്ഥാപനത്തിന്റെ അസ്തിത്വം എന്ന ആശയം (Entity Concept) അക്കൗണ്ടിംഗ് ആശയങ്ങളിൽ (Accounting Concepts) പ്രമുഖമാണ്. ഒരു ബിസിനസ്സും അതിന്റെ ഉടമസ്ഥനായ വ്യക്തിയും പ്രത്യേകമായ അസ്തിത്വമുള്ളവയാണ് എന്നതാണ് ഈ ആശയം. ഉടമസ്ഥന്റെ ആസ്തികളും ബാദ്ധ്യതകളുമായി സ്ഥാപനത്തിനു ബന്ധമില്ല. അതിനാൽ സ്ഥാപനത്തിന്റെ കണക്കും ഉടമസ്ഥനെന്ന വ്യക്തിയുടെ കണക്കും പ്രത്യേകം സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ കണ്ണിലൂടെ നോക്കി മാത്രമാണ് സ്ഥാപനത്തിന്റെ ഇടപാടുകൾ രേഖപ്പെടുത്തുന്നത്.

തുടക്കക്കാരെ സംബന്ധിച്ച് ഈ ആശയം പരമപ്രധാനമാണ്. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് പരിഗണിക്കുമ്പോൾ പഞ്ചായത്തിന്റെ കണ്ണിലൂടെ മാത്രമേ ഇടപാടു കളെ നോക്കിക്കാണാവൂ. പഞ്ചായത്തുമായി സാമ്പത്തികമായിത്തന്നെ ഇടപെടുന്ന പലരും ഉണ്ട്. ഉദാ. സർക്കാർ, ജനങ്ങൾ, ഗുണഭോക്താക്കൾ, കരാറുകാർ, പഞ്ചായത്തിന്റെ സാമ്പത്തിക ഇടപാടുകളുടെ കാര്യത്തിൽ ഓരോ ഡെബിറ്റു/ക്രെഡിറ്റും രേഖപ്പെടുത്തുന്നത്, പഞ്ചായത്തിന്റെ ലെഡ്ജറിലെ അക്കൗണ്ടുകളിലാണെന്ന് എപ്പോഴും ഓർമ്മിക്കണം.

**സുവർണ്ണ നിയമങ്ങൾക്കനുസൃതമായി ഡെബിറ്റ്/ക്രെഡിറ്റ് ചെയ്യുന്നത്**

പഞ്ചായത്തിന്റെ ലെഡ്ജറിൽ കുറെയേറെ അക്കൗണ്ടുകളുണ്ട്. സിംഗിൾ എൻട്രി കാഷ് അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിൽ പരിചയിച്ച ഹെഡ് ഓഫ് അക്കൗണ്ടുകൾ മാത്രമല്ല ഇവ. വരുമാനം, ചെലവ്, ബാദ്ധ്യത, ആസ്തി എന്നിങ്ങനെ നാലായി ഇവയെ വിഭജിച്ചിരിക്കുന്നു. ഇവയെ ഡെബിറ്റ്/ക്രെഡിറ്റ് ചെയ്യുന്നതെങ്ങനെ എന്ന് മനസ്സിലാക്കേണ്ടതുണ്ട്.

*ഉദാഹരണം1: ബിൽഡിംഗ് പെർമിറ്റ് ഫീസ് എന്ന ഇനത്തിൽ 50 രൂപ കാഷ് ആയി ലഭിച്ചു.*

പഞ്ചായത്തിന്റെ ലെഡ്ജറിൽ 'ബിൽഡിംഗ് പെർമിറ്റ് ഫീസ്' എന്ന പേരിലും 'കാഷ്' എന്ന പേരിലും ഓരോ അക്കൗണ്ടുകൾ ഉണ്ട്. ഈ രണ്ട് അക്കൗണ്ടുകളേയാണ് ഈ ഇടപാട് ബാധിക്കുന്നത്.

'കാഷ് അക്കൗണ്ട്' ഒരു ആസ്തിയാണ്; അതിനാൽ യഥാർത്ഥ അക്കൗണ്ട് (Real Account) ആണ്. യഥാർത്ഥ അക്കൗണ്ടിനെ സംബന്ധിച്ച സുവർണ്ണ നിയമം 'വരുന്നതിനെ ഡെബിറ്റ് ചെയ്യുക, പോകുന്നതിനെ ക്രെഡിറ്റ് ചെയ്യുക' എന്നതാണ് (Debit what comes in, credit what goes out). ഇവിടെ കാഷ് വരികയാണ്; അതിനാൽ കാഷ് അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു.

ബിൽഡിംഗ് പെർമിറ്റ് ഫീസ് അക്കൗണ്ട് ആകട്ടെ ഒരു വരുമാനമാണ്, അതിനാൽ നാമമാത്ര അക്കൗണ്ടാണ് (Nominal Account). നാമമാത്ര അക്കൗണ്ടിന്റെ നിയമം: എല്ലാ ചെലവുകളേയും നഷ്ടങ്ങളേയും ഡെബിറ്റ് ചെയ്യുക; എല്ലാ വരുമാനങ്ങളേയും നേട്ടങ്ങളേയും ക്രെഡിറ്റ് ചെയ്യുക (Debit all expenses and losses, credit all incomes and gains) എന്നതാണ്. 'ബിൽഡിംഗ് പെർമിറ്റ് ഫീസ്' അക്കൗണ്ട് എന്ന നാമമാത്ര അക്കൗണ്ട് വരുമാനം ആകയാൽ ഈ അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു.

ഈ ഇടപാട് താഴെ കാണിക്കുന്ന രീതിയിൽ ജേണൽ എൻട്രി ആയിട്ടായിരിക്കും രേഖപ്പെടുത്തുക:

| Particulars | Debit Amount Rs. | Credit Amount Rs. |
|---|---|---|
| Cash A/c Dr<br>To Building Permit Fees A/c<br>(being the receipt of cash towards building permit Fees) | 50 | 50 |

*ഉദാഹരണം 2 : തെരുവുവിളക്കുകളുടെ കറന്റ് ചാർജ് ഇനത്തിൽ 5000 രൂപ ചെക്ക് ആയി നൽകി.*

പഞ്ചായത്തിന്റെ ലെഡ്ജറിൽ 'തെരു

വുവിളക്കുകളുടെ കറന്റ് ചാർജ്' എന്ന പേരിലും 'ബാങ്ക്' എന്ന പേരിലും ഓരോ അക്കൗണ്ടുകളുണ്ട്. (യഥാർത്ഥത്തിൽ 'ബാങ്ക്' എന്ന പേരിൽ ഒരു അക്കൗണ്ട് അല്ല ഉണ്ടായിരിക്കുക. ഓരോ ബാങ്ക് അക്കൗണ്ടിനുവേണ്ടിയും ഒരു അക്കൗണ്ട് ഉണ്ടായിരിക്കും. തല്ക്കാലം സൗകര്യത്തിനുവേണ്ടി പൊതുവേ, 'ബാങ്ക് അക്കൗണ്ട് ' എന്ന പേരിടാം.) ചെക്ക്/ഡിഡി ആയി ലഭിക്കുന്ന തുകകളും ചെക്ക് ആയി നൽകുന്ന തുകകളും ബാങ്ക് അക്കൗണ്ടിലാണ് രേഖപ്പെടുത്തുക.

തെരുവുവിളക്കുകളുടെ കറന്റ് ചാർജ് ഒരു ചെലവാണ്. അതിനാൽ അത് ഒരു നാമമാത്ര അക്കൗണ്ട് (Nominal Account) ആണ്. ബാങ്ക് അക്കൗണ്ട് എന്നതു കൊണ്ടുദ്ദേശിക്കുന്നത് ബാങ്കിംഗ് സ്ഥാപനവുമായിട്ടുള്ള ഇടപാടുകളാണ്. അതിനാൽ ബാങ്ക് അക്കൗണ്ട് ഒരു വ്യക്തിഗത അക്കൗണ്ട് (Personal Account) ആണ്.

നാമമാത്ര അക്കൗണ്ടിന്റെ കാര്യത്തിൽ Debit all expenses and losses, credit all incomes and gains എന്നതാണ് നിയമം. തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജ് അക്കൗണ്ട് ഒരു ചെലവായതിനാൽ ആ അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു. വ്യക്തിഗത അക്കൗണ്ടിന്റെ കാര്യത്തിലുള്ള നിയമം ഇതാണ് : Debit the receiver, credit the giver. ഇവിടെ ബാങ്ക് അക്കൗണ്ട് പണം നൽകുകയാണ്. അതിനാൽ ആ അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു.

'തെരുവു വിളക്കുകളുടെ കറന്റ് ചാർജ് അക്കൗണ്ട് ' എന്ന അക്കൗണ്ടിന് ഡെബിറ്റും, 'ബാങ്ക് അക്കൗണ്ട് ' എന്ന അക്കൗണ്ടിന് ക്രെഡിറ്റും നൽകി 5000 രൂപയുടെ ഇടപാട് രേഖപ്പെടുത്തുന്നു. അത് താഴെപറയുന്ന രീതിയിലായിരിക്കും.

| Particulars | Debit Amount Rs. | Credit Amount Rs. |
|---|---|---|
| Current charge Dr of Street Lights A/c To Bank A/c (being the payment of current charges by cheque) | 5000 | 5000 |

*ഉദാഹരണം 3 : സപ്ലൈയറിൽ നിന്ന് 2 ലക്ഷം രൂപ വിലയുള്ള ട്രാക്ടർ ലഭിച്ചു.*

സപ്ലൈയർ അക്കൗണ്ട്, ട്രാക്ടർ അക്കൗണ്ട് എന്നിങ്ങനെ രണ്ട് അക്കൗണ്ടുകളാണ് ഈ ഇടപാടിലുള്ളത്. 'സപ്ലൈയർ അക്കൗണ്ട്' വ്യക്തിഗത അക്കൗണ്ടാണ്. 'സ്വീകരിക്കുന്ന വ്യക്തിയെ ഡെബിറ്റ് ചെയ്യുന്നു നൽകുന്ന വ്യക്തിയെ ക്രെഡിറ്റ് ചെയ്യുന്നു.' എന്നതാണ് നിയമം. ഇവിടെ സപ്ലൈയർ നൽകുന്ന വ്യക്തിയാണ്. അതിനാൽ ക്രെഡിറ്റ് ചെയ്യുന്നു.

'ട്രാക്ടർ അക്കൗണ്ട് ' ആസ്തിയാണ്; അതിനാൽ യഥാർത്ഥ അക്കൗണ്ടാണ്. വരുന്നതിനെ ഡെബിറ്റ് ചെയ്യുന്നു. പോകുന്നതിനെ ക്രെഡിറ്റ് ചെയ്യുന്നു എന്നതാണ് നിയമം. ട്രാക്ടർ പഞ്ചായത്തിലേയ്ക്കു വരികയാണ്. അതിനാൽ ട്രാക്ടർ അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു.

താഴെപറയുന്ന പ്രകാരമായിരിക്കു ഇടപാട് രേഖപ്പെടുത്തുക

| Particulars | Debit Amount Rs. | Credit Amount Ps. |
|---|---|---|
| Tractor A/c Dr To Supplier A/c (being the receipt of Tractor from supplier) | 2,00,000 | 2,00,000 |

*ഉദാഹരണം 4 : സപ്ലൈയർക്ക് ട്രാക്ടറിന്റെ വില ചെക്ക് ആയി നൽകി*

ഇവിടെ 'സപ്ലൈയർ അക്കൗണ്ട് ' എന്ന വ്യക്തിഗത അക്കൗണ്ടും 'ബാങ്ക് അക്കൗണ്ട്' എന്ന മറ്റൊരു വ്യക്തിഗത അക്കൗണ്ടുമാണുള്ളത്. സുവർണനിയമം അവലംബിക്കുമ്പോൾ, സപ്ലൈയർ അക്കൗണ്ട് പണം സ്വീകരിക്കുന്ന അക്കൗണ്ട് ആകയാൽ, ആ അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു. പണം നൽകുന്ന ബാങ്ക് അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു

താഴെ കാണിക്കുന്ന രീതിയിലായിരിക്കും ഇടപാട് രേഖപ്പെടുത്തുക.

| Particulars | Debit Amount Rs. | Credit Amount Ps. |
|---|---|---|
| Supplier A/c Dr To Bank A/c (being the payment made to the supplier by cheque) | 2,00,000 | 2,00,000 |

**ജേണലിൽ രേഖപ്പെടുത്തുന്ന രീതി**

ഡെബിറ്റ് ചെയ്യുന്ന അക്കൗണ്ടിന്റെ പേര് എഴുതുന്നത് ഇടതുവശം ചേർന്നാണ്. Dr (ഡെറ്റർ) എന്ന പദം എഴുതുന്നത് മാർജിനോട് ചേർന്നായിരിക്കും.

ക്രെഡിറ്റ് ചെയ്യുന്ന അക്കൗണ്ടിന്റെ മുമ്പിൽ To എന്നു ചേർക്കും. ഇടതുവശം മാർജിനിൽ നിന്ന് അല്പം വിട്ടു മാത്രമേ എഴുതിത്തുടങ്ങാവൂ.

ഇടപാട് എന്താണ് എന്നതിനെപ്പറ്റി ചെറുകുറിപ്പ് (Narration) താഴെയായി നൽകണം. ■

*ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*

**അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്...**

പേജ് 27ൽ നിന്ന്

യായി നടത്തേണ്ടതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തൽ പുതിയതല്ലെന്ന് അംഗങ്ങൾ വിലയിരുത്തി. ഇത് വകയിരുത്തിയ പണം ലക്ഷ്യസ്ഥാനത്ത് എത്തിചേർന്നോ എന്ന് കണ്ടെത്തുന്നതിനുള്ള ഉപാധി മാത്രമാണ്. വകയിരുത്തിയ പണം ലക്ഷ്യസ്ഥാനത്ത് എത്തി എന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ ഫലത്തേക്കുറിച്ച് ചിന്തിക്കാനാകൂ. ഈ സാഹചര്യത്തിൽ ഇടക്കാല വിലയിരുത്തലിൽ അഴിമതി എന്ന ഘടകം കൂടി ഉൾപ്പെടുത്തണമെന്ന് അംഗങ്ങൾ നിർദ്ദേശിച്ചു. അത് പോലെ തന്നെ ഇടക്കാല വിലയിരുത്തലിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കണമെന്നും അംഗങ്ങൾ നിർദ്ദേശിച്ചു.

വസ്തുതകളുടെയും യഥാർത്ഥമായ യാന്ത്രിക പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ എങ്ങനെയാണ് ഉൾക്കൊള്ളൽ എന്നത് വളർച്ചയിലേയ്ക്ക് രൂപാന്തരം പ്രാപിക്കുന്നതിനെക്കുറിച്ച് പദ്ധതിയിൽ വിശദീകരിച്ചിട്ടില്ല എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. പിൻചിന്തയേക്കാൾ ഉൾക്കൊള്ളലാണ് പ്രകടമാക്കുന്നത് എന്നതാണ് പദ്ധതിയുടെ അടിസ്ഥാനപരമായ വിമർശനം എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും വളർച്ചയിലേയ്ക്ക് എത്തിച്ചേരപ്പെടുന്നില്ല. ഗവൺമെന്റ് പിൻതുടർന്ന വളർച്ചാമാതൃകയുടെ ദോഷഫലങ്ങൾക്ക് ഇവ ആശ്വാസം നൽകുന്നു എന്ന് അംഗങ്ങൾ വിലയിരുത്തി.

ഇടക്കാല വിലയിരുത്തൽ മികച്ചതാക്കാൻ ലോകബാങ്ക് പല രാജ്യങ്ങളിലും നടത്തിയിട്ടുള്ള പങ്കാളിത്തപരമായ ദാരിദ്ര്യ വിലയിരുത്തൽ പഠനങ്ങൾ പ്രമാണമായി ഉപയോഗിക്കുകയോ പണ്ഡിതനായ അനിരുദ്ധ്കൃഷ്ണയുടെ പ്രവർത്തനങ്ങൾ ഉപയോഗിച്ച് ചോദ്യങ്ങൾ തയ്യാറാക്കുകയോ ചെയ്യണമെന്ന് അംഗങ്ങൾ വിലയിരുത്തി.

ചുരുക്കത്തിൽ, അംഗങ്ങളുടെ അഭിപ്രായത്തിൽ ജനങ്ങളുടെ ഇടക്കാല വിലയിരുത്തൽ പ്രാദേശിക ഭരണകൂടങ്ങളെയും വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുന്ന ഉപകരണമാണ്. ■

*(തയ്യാറാക്കിയത് ഡോ. ജോയ് ഇളമൺ, ഡീസെന്‍ട്രലൈസേഷൻ കമ്മ്യൂണിറ്റി സൊല്യൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്). മലയാളത്തിലേക്ക് പരിവർത്തനം നടത്തിയത് കോട്ടയത്തുള്ള സെന്റർ ഫോർ റൂറൽ മാനേജ്മെന്റാണ്.*

ആരോഗ്യം

ഡോ. ജോസ്മോൻ ജോർജ്ജ്

# രോഗ പ്രതിരോധ കുത്തിവയ്പുകൾ
## (വാക്സിനുകൾ - VACCINES)

*(അവസാനഭാഗം)*

സർ എന്തൊക്കെ തരത്തിലുള്ള പാർശ്വഫലങ്ങളാണ് പ്രതിരോധ മരുന്നുകൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാവുന്നത്? ഗ്രൂപ്പ് D യിൽ നിന്നായിരുന്നു ചോദ്യം.

ഞാൻ തൊട്ടുമുമ്പു സൂചിപ്പിച്ചതുപോലെ ആന്റിസിറം, പ്രതിവിഷങ്ങൾ എന്നീ വിഭാഗങ്ങളിൽപെടുന്ന പ്രതിരോധ മരുന്നുകൾ കുത്തിവയ്ക്കുമ്പോഴാണ് പാർശ്വഫലങ്ങൾ (റീയാക്ഷൻസ്) കൂടുതലായി കാണപ്പെടുന്നത്. മിക്കപ്പോഴും ചെറിയ തോതിലുള്ള റീയാക്ഷൻസ് മാത്രമേ കാണപ്പെടാറുള്ളൂ. ഇൻജക്ഷൻ എടുക്കുന്ന സ്ഥലത്ത് ഉണ്ടാവുന്ന വേദന, നീർക്കെട്ട്, ചുവപ്പ് തുടങ്ങിയവ കൂടാതെ പനി, ശരീരവേദന, വയറ്റിലുണ്ടാവുന്ന അസ്വസ്ഥത; ക്ഷീണം, തലവേദന മുതലായവയാണ് സാധാരണയായി കാണപ്പെടുന്ന റീയാക്ഷൻസ്. അപൂർവ്വമായി ചില ആളുകളിൽ പ്രതിരോധമരുന്നുകൾക്കെതിരെ ശക്തമായ അലർജി (anaphylaxis) കാണപ്പെടുന്നു. ഇത്തരം ആളുകളിൽ ഈ കുത്തിവയ്പുകൾ മാരകമായ പാർശ്വഫലങ്ങൾ ഉണ്ടാക്കിയേയ്ക്കാം. ചിലപ്പോൾ ഇത് മരണത്തിനുവരെ കാരണമായേക്കാം. അതുകൊണ്ട് ഒരിക്കൽ അലർജിയുണ്ടാക്കിയ പ്രതിരോധ കുത്തിവയ്പുകൾ പിന്നീട് ഒഴിവാക്കുന്നതാണ് അഭികാമ്യം.

കൂടാതെ ക്ഷയരോഗത്തിനെതിരെയുള്ള BCG വാക്സിനുശേഷം ശരീരത്തിലാകമാനം ബാധിക്കുന്ന ക്ഷയരോഗബാധ, കുത്തിവയ്പ് എടുക്കുന്ന സ്ഥലത്തുണ്ടാകുന്ന പഴുപ്പ്, കഴലവീക്കം, എല്ലുകളിലുണ്ടാകുന്ന അണുബാധ, പഴുപ്പ് തുടങ്ങിയവയും, മീസിൽസ്, വില്ലൻചുമ എന്നിവയ്ക്കെതിരെയുള്ള വാക്സിനുകൾക്കുശേഷം തലച്ചോറിനെ ബാധിക്കുന്ന encephalopathy, അപസ്മാരം അഥവാ ജന്നി എന്നിവയും, DTP വാക്സിനുശേഷം ഒരു മിനിട്ടുതൊട്ട് മണിക്കൂറുകൾവരെ നീളാവുന്ന hypotonic hyporesponsive episode (ശരീരത്തിന് തളർച്ച, പ്രതികരണശേഷി കുറവ്, വിളർച്ച, നീലനിറം തുടങ്ങിയവ കാണപ്പെടുന്നു.) നിർത്താതെയുള്ള അമിതമായ കരച്ചിൽ തുടങ്ങിയവയും MMR വാക്സിനുശേഷം രക്തത്തിലെ പ്ലേറ്റ്ലെറ്റിലുണ്ടാവുന്ന കുറവും, അപൂർവ്വമായി മാത്രം കാണപ്പെടുന്ന മറ്റു ചില പാർശ്വഫലങ്ങളാണ്.

ഈ പാർശ്വഫലങ്ങൾ തടയാൻ പ്രത്യേക മാർഗ്ഗങ്ങൾ ഒന്നുമില്ലേ സർ? ഗ്രൂപ്പ് C യിലെ സരളയുടേതായിരുന്നു ചോദ്യം.

ഉണ്ട്. തീർച്ചയായും ഉണ്ട്. പ്രധാനമായും 3 കാര്യങ്ങളാണ് നാം ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്.

1. പാർശ്വഫലങ്ങൾ കൂടുതലായി കാണപ്പെടുന്ന പ്രതിരോധകുത്തിവെയ്പുകൾ ടെസ്റ്റ് നടത്തി റിയാക്ഷൻ/അലർജി ഇല്ല എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ഉപയോഗിക്കുക.
2. മുൻപ് ഉപയോഗിച്ചപ്പോൾ പാർശ്വഫലങ്ങൾ ഉണ്ടാക്കിയ പ്രതിരോധമരുന്നുകൾ വീണ്ടും ഉപയോഗിക്കാതിരിക്കുക.
3. ഗുണമേന്മയുള്ള കമ്പനികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന പ്രതിരോധമരുന്നുകൾ മാത്രം ഉപയോഗിക്കുക.

പാർശ്വഫലങ്ങൾ ഉണ്ടായാൽ ഉടനെ തന്നെ ചികിത്സ തേടേണ്ടതാണ്. ഇതുമൂലം കൂടുതൽ മാരകമായ അനന്തരഫലങ്ങൾ ഉണ്ടാവുന്നത് തടയാൻ സാധിക്കും.'‘

ശരിയാ, കഴിഞ്ഞാഴ്ച എന്റെ കുഞ്ഞിന് DTP കുത്തിവയ്പ് എടുത്ത ശേഷം 2 ദിവസം പനിയുണ്ടായി. മരുന്നു കൊടുത്തപ്പോൾ തന്നെ അത് കുറയുകയും ചെയ്തു.” B ഗ്രൂപ്പിലെ രുഗ്മിണി തന്റെ അനുഭവം പങ്കുവച്ചു.

മിക്കവാറും എല്ലാ പ്രതിരോധകുത്തിവയ്പുകളും, അലർജി (ശ്വാസം മുട്ടൽ, ശ്വാസതടസം, ശരീരത്തിലാകെ ചൊറിച്ചിൽ, നീരുവയ്ക്കൽ തുടങ്ങിയവ) anaphylaxis (ശക്തമായ അലർജി), പനി, കുത്തിവയ്പെടുത്ത സ്ഥലത്തുണ്ടാവുന്ന പഴുപ്പ്, അപസ്മാരം, ശരീരത്തിലാകമാനമുണ്ടാവുന്ന അണുബാധ, കുത്തിവയ്പ് എടുത്ത സ്ഥലത്തുണ്ടാവുന്ന ചൊറിച്ചിൽ, ചുവപ്പ് നിറം, തടിപ്പ് തുടങ്ങിയവ, TOXIC Shock Syndrome (പെട്ടെന്നുണ്ടാവുന്ന പനി, ഛർദ്ദി, വയറിളക്കം) തുടങ്ങിയ പാർശ്വഫലങ്ങൾ ഉണ്ടാക്കാവുന്നതാണ്.

എല്ലാ രോഗങ്ങളും നമുക്ക് പ്രതിരോധ കുത്തിവയ്പുകൾകൊണ്ട് തടയാൻ സാധിക്കുമോ? A ഗ്രൂപ്പിലെ ലാലിയുടേതായിരുന്നു സംശയം.

ഇല്ല. ഏകദേശം 24 രോഗങ്ങൾക്കെതിരെ മാത്രമാണ് ഫലപ്രദമായ പ്രതിരോധ മരുന്നുകൾ ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

ഈ പ്രതിരോധമരുന്നുകൾ എടുത്താൽ രോഗം വരുന്നത് 100ശതമാനം തടയാൻ സാധിക്കുമോ? ലാലിയുടെ സംശയം തീർന്നിരുന്നില്ല.

ഇല്ല. വിവിധ പ്രതിരോധമരുന്നുകൾക്കുള്ള പ്രതിരോധശേഷി വ്യത്യസ്തമാണ്. 40 ശതമാനം മുതൽ 100 ശതമാനംവരെ പ്രതിരോധശേഷിയുള്ള മരുന്നുകളുണ്ട്. ഉദാഹരണത്തിന് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് പേവിഷബാധ ഉണ്ടാവുന്നത് 100 ശതമാനം തടയാൻ ശേഷിയുള്ളതാണ്.

സാറെ, കുഞ്ഞിന് ചെറിയ പനിയുള്ളപ്പോൾ പ്രതിരോധ മരുന്നുകൾ കൊടുക്കാമോ? ഗ്രൂപ്പ് E യിലെ സരസമ്മയ്ക്കും ഒരു സംശയം.

തീർച്ചയായും കൊടുക്കാം. അതുകൊണ്ട് കുഴപ്പമൊന്നും ഉണ്ടാവില്ല.‘

അപ്പോൾ നമ്മൾ എപ്പോഴെങ്കിലും പ്രതിരോധ മരുന്നുകൾ എടുക്കുന്നത് ഒഴിവാക്കേണ്ടതുണ്ടോ? സരസമ്മയ്ക്ക് സംശയം തീർന്നില്ല.

ചില സാഹചര്യങ്ങളിൽ നാം പ്രതിരോധ മരുന്നുകൾ കൊടുക്കുന്നത് ഒഴിവാക്കാറുണ്ട്. ഉദാഹരണത്തിന്, മുൻപ്

പാർശ്വഫലങ്ങളുണ്ടാക്കിയ പ്രതിരോധ മരുന്നുകൾ നാം പിന്നീട് ആ വ്യക്തിക്ക് നല്കാറില്ല. കൂടാതെ ശരീരത്തിന്റ രോഗ പ്രതിരോധശേഷി കുറയ്ക്കുന്ന HIV അണുബാധയുള്ളവരിൽ BCG, Yellow fever (മഞ്ഞപ്പനി) തുടങ്ങിയ പ്രതിരോധ മരുന്നുകളും. ഗർഭിണികൾക്കും, ശരീരം മുഴുവനും റേഡിയേഷന് വിധേയരാകുന്ന രോഗികൾക്കും, BCG, മഞ്ഞപ്പനി വാക്സിൻ MMR തുടങ്ങിയ മരുന്നുകൾ നല്കാറില്ല. അതുപോലെതന്നെ മുട്ടയ്ക്ക് അലർജിയുള്ളവർക്ക് മഞ്ഞപ്പനി വാക്സിൻ, ഇൻഫ്ളുവൻസ വാക്സിൻ തുടങ്ങിയവ നല്കാറില്ല. നിയന്ത്രണ വിധേയമല്ലാത്ത അപസ്മാര രോഗം, encephalopathy തുടങ്ങിയ തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങൾ ഉള്ളവർക്ക് വില്ലൻചുമയ്ക്കെതിരെയുള്ള വാക്സിനുകൾ അടങ്ങിയ കുത്തിവയ്പുകൾ നല്കാതിരിക്കേണ്ടതാണ്.

വാക്സിനുകൾ മൂലം തടയാവുന്ന, തൊണ്ടമുള്ള് (Diphtheria), വില്ലൻചുമ (Whooping Cough Pertussis), കുതിരച്ചന്നി (Tetanus), പോളിയോ, ക്ഷയരോഗം (Tuberculosis). മീസിൽസ് എന്ന ആറ് പ്രധാനരോഗങ്ങളിൽ നിന്നും ലോകത്തിലെ എല്ലാ കുട്ടികളേയും സംരക്ഷിക്കുന്നതിനും പ്രതിരോധിക്കുന്നതിനും വേണ്ടി 1974 മേയ് മാസത്തിൽ ലോകാരോഗ്യ സംഘടന (WHO) ആവിഷ്ക്കരിച്ച പദ്ധതിയാണ് Expanded Programme on Immunization (EPI). ഈ പ്രോഗ്രാം 1990 മുതൽ Universal Child Immunization എന്നാണറിയപ്പെടുന്നത്. EPI യുടെ ഇൻഡ്യൻ രൂപത്തെ Universal Immunization Programme (UIP) എന്നു വിളിക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചത് 1985 November 19നാണ്. UIP ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേരിലാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

UIP പ്രകാരം ഒരു ദേശീയ പ്രതിരോധ പട്ടിക (National Immunization Schedule) തയ്യാറാക്കിയിട്ടുണ്ട്. ഈ പട്ടികയിലുള്ള എല്ലാ പ്രതിരോധ മരുന്നുകളും ഇൻഡ്യയിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. കേരളത്തിൽ ബുധനാഴ്ചകളിലാണ് സാധാരണയായി പ്രതിരോധ മരുന്നുകൾ നല്കുന്നത്.

ശിശുരോഗവിദഗ്ദ്ധരുടെ ദേശീയ സംഘടനയായ Indian Academy of Paediatrics കൂടുതൽ പ്രതിരോധ മരുന്നുകൾ കുട്ടികൾക്കായി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതിനാൽ ഇവ National Immunization Schedule-ൽ ഉൾപ്പെടുത്തിയിട്ടില്ല.

നോക്കൂ ഈ ചാർട്ടിൽ നോക്കിയാൽ Indian National Immunization Schedule കാണാം. നമുക്കതൊന്നു പരിശോധിക്കാം.

| | | |
|---|---|---|
| a. | *For Infants (ശിശുക്കൾക്ക്)*<br>ജനിച്ച ഉടനെ (ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക്) | - BCG, OPV (Oral polio Vaccine പോളിയോ തുള്ളിമരുന്ന്, 0 ഡോസ്. |
| | *6 ആഴ്ച* (1½ മാസം) *പ്രായമുള്ളപ്പോൾ* | - BCG (ജനിച്ച ഉടനെ *കൊടുത്തില്ലെങ്കിൽ മാത്രം)*<br>DPT ഒന്നാമത്തെ ഡോസ്<br>OPV ഒന്നാമത്തെ ഡോസ്<br>ഹെപ്പറ്റൈറ്റിസ് B-ഒന്നാമത്തെ ഡോസ് |
| | *10 ആഴ്ച* (2½ മാസം) *പ്രായമാകുമ്പോൾ* | - DPT രണ്ടാമത്തെ ഡോസ്<br>OPV രണ്ടാമത്തെ ഡോസ്<br>ഹെപ്പറ്റൈറ്റിസ് B രണ്ടാമത്തെ ഡോസ് |
| | *14 ആഴ്ച* (3½ മാസം) *പ്രായമാകുമ്പോൾ* | - DPT, OPV ഹെപ്പറ്റൈറ്റിസ് B എന്നിവയുടെ മൂന്നാമത്തെ ഡോസ്) |
| | *9 മാസം പ്രായമാകുമ്പോൾ* | - മീസിൽസ് |
| *b* | *16–24 മാസം* (1½-2 വർഷം) *പ്രായമാകുമ്പോൾ* | - DPT, OPV എന്നിവയുടെ ബൂസ്റ്റർ ഡോസ് |
| *c* | *5–6 വയസ്സാകുമ്പോൾ* | - DT (മുൻപ് DPT എടുത്തതിന്റെ തെളിവുകൾ ഇല്ലെങ്കിൽ-1 മാസത്തിനുശേഷം രണ്ടാമത്തെ ഡോസ് DT നല്കേണ്ടതതാണ്.) |
| *d.* | *10–16 വയസ്സാകുമ്പോൾ* | - TT (മുൻപ് DPT, DT, TT എന്നിവ എടുത്തതിന്റെ രേഖകളില്ലെങ്കിൽ ഒരുമാസത്തിനുശേഷം രണ്ടാമത്തെ ഡോസ് TT നല്കേണ്ടതാണ്.) |
| *e.* | *ഗർഭിണികൾക്ക് ഗർഭാവസ്ഥയുടെ ആദ്യനാളുകളിൽ* | - ഒന്നാമത്തെ ഡോസ് TT അല്ലെങ്കിൽ TT ബൂസ്റ്റർഡോസ്. |
| | ഒന്നാമത്തെ ഡോസ് TT എടുത്തതിന് ഒരുമാസത്തിനു ശേഷം | - രണ്ടാമത്തെ ഡോസ് TT |

| | |
|---|---|
| BCG | - ക്ഷയരോഗത്തിനെതിരെയുള്ള കുത്തിവയ്പ് |
| OPV | - പോളിയോ തുള്ളിമരുന്ന് |
| DPT | - ഡിഫ്തീരിയ (തൊണ്ടമുള്ള്, പെർടൂസിസ് (വില്ലൻചുമ), ടെറ്റനസ് (കുതിരച്ചന്നി) എന്നിവയ്ക്കെതിരെയുള്ള വാക്സിൻ. |
| ഹെപ്പറ്റൈറ്റിസ് B | - B വിഭാഗത്തിൽപെടുന്ന മഞ്ഞപിത്തത്തിനെതിരെയുള്ള വാക്സിൻ |
| DT | - ഡിഫ്തീരിയ, ടെറ്റനസ് എന്നീ രോഗങ്ങൾക്കെതിരെയുള്ള കുത്തിവയ്പ് |
| TT | - ടെറ്റനസ് ട്രോക്സോയിഡ്-ടെറ്റനസ് രോഗത്തിനെതിരെയുള്ള കുത്തിവയ്പ് |

ഇനി എന്തൊക്കെ കാര്യങ്ങളാണ് പ്രതിരോധകുത്തിവയ്പുകൾ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്നു നോക്കാം.

i. DPT, OPV, ഹെപ്പറ്റൈറ്റിസ് B എന്നീ കുത്തിവയ്പുകളുടെ രണ്ട് ഡോസുകൾ തമ്മിൽ ഒരു മാസത്തിൽ കൂടുതൽ ഉണ്ടായിരിക്കണം. അതായത് ഒരു ഡോസ് എടുത്തതിനുശേഷം ഒരു മാസമെങ്കിലും കഴിഞ്ഞുമാത്രമെ അടുത്ത ഡോസ് നല്കാവൂ.

ii. ചെറിയ ജലദോഷം, ചുമ, പനി എന്നിവയുണ്ടെങ്കിൽ പോലും പ്രതിരോധമരുന്നുകൾ നിർബന്ധമായും നല്കേണ്ടതാണ്.

iii. 9, 8, 24, 30, 36 മാസങ്ങളിൽ വൈറ്റമിൻ A യുടെ ഡോസുകൾ നല്കേണ്ടതാണ്.

iv. കുഞ്ഞിന് വയറിളക്കമുള്ളപ്പോൾ സമയത്തുള്ള OPV കൊടുക്കേണ്ടതും 4 ആഴ്ചയ്ക്കുശേഷം ഒരു അധിക ഡോസ് OPV കൂടി നല്കേണ്ടതുമാണ്.

മുകളിൽ പറഞ്ഞ വാക്സിനുകൾ കൂടാതെ ഈ ഷെഡ്യൂളിൽ പെടാത്ത ചില വാക്സിനുകളും നല്കാവുന്നതാണ്. എന്നാൽ ഇവ സൗജന്യമായി കുട്ടികൾക്ക് ലഭിക്കില്ല. മുണ്ടിനീര്, മീസിൽസ്, റൂബെല്ല എന്നിവയ്ക്കെതിരെയുള്ള MMR



**ലോകത്തിൽ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നൈജീരിയ എന്നീ രാഷ്ട്രങ്ങളൊഴിച്ച് മറ്റെല്ലാ രാജ്യങ്ങളിൽ നിന്നും പോളിയോ രോഗം (Poliomyelitis) നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തിൽ നിന്നും പോളിയോ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക ഊർജ്ജിത പദ്ധതിയാണ് പൾസ്പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം. ഈ മരുന്ന് കഴിക്കുന്ന വ്യക്തികളിൽ ഇത് രോഗപ്രതിരോധശേഷി ഉണ്ടാക്കുകയും ആ വ്യക്തിയുടെ മലത്തിലൂടെ വാക്സിനിൽ ഉപയോഗിച്ചിരിക്കുന്ന പോളിയോ രോഗാണു നിർഗ്ഗമിക്കപ്പെടുകയും ചെയ്യുന്നു.**

വാക്സിൻ 15 മാസം പ്രായമാകുമ്പോഴും, ഹീമോഫിലസ് ഇൻഫ്ളുവൻസെയ്ക്കെതിരെയുള്ള Hib Conjugate വാക്സിൻ 6, 10, 14 ആഴ്ചകളിലും 2, 5, 8, 12 വയസ്സുകളിൽ ടൈഫോയ്ഡിനെതിരെയുള്ള പ്രതിരോധ മരുന്നും നല്കാവുന്നതാണ്.

കൂടാതെ ചിക്കൻപോക്സിനെതിരെയുള്ള വാക്സിൻ 15 മാസം പ്രായമാകുമ്പോഴും, ഹെപ്പറ്റൈറ്റിസ് A-യ്ക്ക് എതിരെയുള്ള വാക്സിൻ 18 മാസം പ്രായമാകുമ്പോഴും തുടർന്ന് 6 മാസത്തിനുശേഷവും (രോഗം വരാൻ സാധ്യത കൂടുതലുള്ള കുട്ടികൾക്ക് മാത്രം), ന്യൂമോകോക്കസ് എന്ന ബാക്ടീരിയയ്ക്കെതിരെയുള്ള pneumococcal conjugte വാക്സിൻ 6 ആഴ്ച പ്രായമാകുമ്പോഴും ആവശ്യമെങ്കിൽ മാത്രം എടുക്കാവുന്നതാണ്.

സാറെ ഈ സ്വകാര്യ ആശുപത്രികളിൽ സാറ് പറഞ്ഞ ഷെഡ്യൂളിൽപെടാത്ത വാക്സിനുകളും എടുക്കുന്നുണ്ടല്ലോ. എന്റെ അയൽപക്കത്തെ അനു പറഞ്ഞു, ഈ കുത്തിവയ്പിനൊക്കെ നല്ല വിലയാകുമെന്ന്. ഈ കുത്തിവയ്പുകളൊക്കെ നിർബന്ധമായും നല്കേണ്ടതാണോ? 'ഇ' ഗ്രൂപ്പിലെ റൂബി ആകാംക്ഷയോടെ ചോദിച്ചു.

'സ്വകാര്യ ആശുപത്രികളിൽ National Immunization Schedule-ൽ പെടാത്ത വാക്സിനുകൾ കൂടി നല്കുന്നുണ്ട്. ഇവ കൊടുക്കുന്നത് നല്ലതാണ്. പക്ഷെ നിർബന്ധമില്ല. നമ്മുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് നമുക്ക് തീരുമാനിക്കാവുന്നതാണ്.

കഴിഞ്ഞ കുറെ വർഷങ്ങളായി വർഷത്തിൽ രണ്ടുതവണ വീതം 5 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോതുള്ളി മരുന്ന് നല്കാറുണ്ട്. എന്തിനാണ് സാറെ ഇങ്ങനെ നല്കുന്നത്? ഇതുകൊണ്ടെന്താണ് പ്രയോജനം? 'ബി' ഗ്രൂപ്പിലെ ലിയ ചോദിച്ചു.

1996–ൽ തുടങ്ങിയ ഈ പ്രോഗ്രാമിനെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം എന്നാണ് പറയുന്നത്. ലോകത്തിൽ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നൈജീരിയ എന്നീ രാഷ്ട്രങ്ങളൊഴിച്ച് മറ്റെല്ലാ രാജ്യങ്ങളിൽ നിന്നും പോളിയോ രോഗം (Poliomyelitis) നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തിൽ നിന്നും പോളിയോ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക ഊർജ്ജിത പദ്ധതിയാണ് പൾസ്പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം. ഈ മരുന്ന് കഴിക്കുന്ന വ്യക്തികളിൽ ഇത് രോഗപ്രതിരോധശേഷി ഉണ്ടാക്കുകയും ആ വ്യക്തിയുടെ മലത്തിലൂടെ വാക്സിനിൽ ഉപയോഗിച്ചിരിക്കുന്ന പോളിയോ രോഗാണു നിർഗ്ഗമിക്കപ്പെടുകയും ചെയ്യുന്നു. ഈ വാക്സിൻ രോഗാണു സമൂഹത്തിലുള്ള മറ്റാളുകളുടെ ശരീരത്തിൽ കടക്കുകയും രോഗപ്രതിരോധശേഷി ഉണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഏകദേശം 66 ശതമാനം ആളുകൾക്ക് പോളിയോ വാക്സിൻ നല്കുവാൻ കഴിഞ്ഞാൽ ആ സമൂഹത്തിലെ എല്ലാ ആളുകൾക്കും (100%) പ്രതിരോധശേഷി ലഭിക്കും. അതുകൊണ്ടാണ് എല്ലാവർഷവും ഈ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം നടത്തുന്നത്.

സർ, എനിക്കൊരു സംശയമുണ്ട്. ഞാനൊരു തോട്ടംതൊഴിലാളിയാണ്. ഇടയ്ക്കിടെ ശരീരത്തിൽ മുറിവുകളുണ്ടാവും. ഈ മുറിവുകൾ ഉണ്ടാകുമ്പോഴൊക്കെ ഞാൻ TT ഇൻജക്ഷൻ എടുക്കണമോ?

വേണ്ട. ഒരിക്കൽ TT ഇൻജക്ഷൻ എടുത്താൽ 6 മാസംവരെ രോഗപ്രതിരോധശേഷി ലഭിക്കും. അതുകൊണ്ട് മുറിവുണ്ടാകുമ്പോൾ എല്ലാം TT ഇൻജക്ഷൻ എടുക്കേണ്ടതില്ല.' ആ ഗ്രൂപ്പിലെ മഞ്ചുവിന്റെ സംശയത്തിന് ഞാൻ മറുപടി നല്കി. ഇനി ആർക്കെങ്കിലും എന്തെങ്കിലും സംശയങ്ങൾ ഉണ്ടോ? ഞാൻ ചോദിച്ചു. "ഇല്ല" എന്ന മറുപടിയൊടൊപ്പം കരഘോഷവും ഉയർന്നു.

ഒരിക്കൽകൂടി സംഘാടകർക്കും പങ്കെടുത്ത ആളുകൾക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ തിരികെ പോന്നു. ഉച്ചസൂര്യന്റെ ശോഭ ഉഗ്രമായിരുന്നു. തിരികെ വീണ്ടും തിരക്കിലേയ്ക്ക്... ■

*ലേഖകൻ*
*കോട്ടയം ഗവ: മെഡിക്കൽ കോളേജിൽ*
*മെഡിസിൻ വിഭാഗം ലക്ചററാണ്*

**വാക്സിനുകൾ മൂലം തടയാവുന്ന, തൊണ്ടമുള്ള് (Diphtheria), വില്ലൻചുമ (Whooping Cough Pertussis), കുതിരച്ചന്നി (Tetanus), പോളിയോ, ക്ഷയരോഗം (Tuberculosis). മീസിൽസ് തുടങ്ങിയ ആറ് പ്രധാനരോഗങ്ങളിൽ നിന്നും ലോകത്തിലെ എല്ലാ കുട്ടികളേയും സംരക്ഷിക്കുന്നതിനും പ്രതിരോധിക്കുന്നതിനും വേണ്ടി 1974 മേയ് മാസത്തിൽ ലോകാരോഗ്യ സംഘടന (WHO) ആവിഷ്ക്കരിച്ച പദ്ധതിയാണ് Expanded Programme on Immunization (EPI). ഈ പ്രോഗ്രാം 1990 മുതൽ Universal Child Immunization എന്നാണറിയപ്പെടുന്നത്. EPI യുടെ ഇൻഡ്യൻ രൂപത്തെ Universal Immunization Programme (UIP) എന്നു വിളിക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചത് 1985 നവംബർ 19നാണ്.**

# ഗ്രാമങ്ങൾക്കൊരു ടെലിവിഷൻ കണ്ണ്

സാജു. കെ



ആദിവാസി മൂപ്പൻ അയ്യപ്പൻ ജൂറി അംഗം ഡോ. ബി. ഇക്ബാലിനൊപ്പം

പാർലൈറ്റുകളും ജിമ്മി ജിബ്ബും ആക്ഷനും കട്ടുമൊന്നും റിയാലിറ്റി ഷോയിലെ ഈ അപൂർവ്വ അതിഥിയെ പരിഭ്രാന്തനാക്കിയില്ല. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം പഞ്ചായത്തിലെ അയ്യപ്പൻ ഒരു പക്ഷേ ടെലിവിഷൻ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്ന ആദ്യത്തെ ആദിവാസി മൂപ്പൻ ആയിരിക്കും. പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവരുടെ സമഗ്ര വികസനത്തിനുവേണ്ടി പുതുപരിയാരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഗുണഭോക്താവെന്ന നിലയിലാണ് അയ്യപ്പൻ ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റി ഷോയിൽ പങ്കെടുക്കാനെത്തിയത്.

ആഗോളതാപനവുമായി ബന്ധപ്പെട്ട് ലോകത്തെമ്പാടും നടക്കുന്ന ചർച്ചകളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മികച്ച സുസ്ഥിര വികസന മാതൃകകൾ കണ്ടെത്തുകയാണ് ഇൻഡ്യയിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ ആയ ഗ്രീൻ കേരള എക്സ്പ്രസിന്റെ ലക്ഷ്യം. അധികാരവികേന്ദ്രീകരണവും വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കിയ ജനകീയാസൂത്രണ പരിപാടിയുടെ ഒരു വ്യാഴവട്ടക്കാലത്തെ വികസന ശ്രമങ്ങൾ കേരളീയ ഗ്രാമങ്ങളെ എങ്ങനെയെല്ലാം മാറ്റി പണിഞ്ഞു എന്ന അന്വേഷണം കൂടിയാണ് ഈ പരിപാടി. ലോകശ്രദ്ധ പിടിച്ചു പറ്റാവുന്ന നിരവധി പദ്ധതികളുടെ അനുഭവങ്ങളുമായാണ് 150ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ റിയാലിറ്റി ഷോയിൽ മത്സരിക്കാനെത്തിയിരിക്കുന്നത്. കൃഷി, മാലിന്യ സംസ്കരണം, പരിസ്ഥിതി പുന:സ്ഥാപനവും ജൈവവൈവിധ്യ സംരക്ഷണവും, നീർത്തട വികസനം, ഊർജ്ജ സംരക്ഷണം, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസവും സംസ്കാരവും എന്നിങ്ങനെ 15ഓളം മേഖലകളിലായി ഓരോ പദ്ധതികളാണ് ഗ്രാമപഞ്ചായത്തുകൾ അവതരിപ്പിക്കുന്നത്.

ആലപ്പുഴ ജില്ലയിലെ പാലമേൽ, കരുവാറ്റ, മാന്നാർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, എറണാകുളം ജില്ലയിലെ കാഞ്ഞൂർ, കണ്ണൂർ ജില്ലയിലെ പുഴാതി തുടങ്ങിയ പഞ്ചായത്തുകൾ തരിശു നിലങ്ങൾ വീണ്ടെടുത്ത് നെൽകൃഷിക്ക് ഉപയുക്തമാക്കുന്ന പദ്ധതികളുമായാണ് ഷോയിൽ പങ്കെടുക്കാനെത്തിയത്. 11 വർഷമായി തരിശ്ശായി കിടന്ന 500 ഏക്കറോളം വരുന്ന കരിങ്ങാലിച്ചാൽ പുഞ്ച കൃഷിയോഗ്യമാക്കിയ പാലമേൽ പഞ്ചായത്തിന്റെ പ്രവർത്തനം വയൽ നികത്തലിനെതിരെ രൂപപ്പെടുത്തിയ ജനകീയ കൂട്ടായ്മയുടെ കഥ കൂടിയാണ്. നാല് വർഷം മുമ്പ് 3750 ടൺ നെല്ലുത്പാദനമുണ്ടായിരുന്ന തൃശ്ശൂർ ജില്ലയിലെ തോളൂർ പഞ്ചയത്തിൽ ഇപ്പോൾ 5500 ടൺ നെല്ലാണ് ഉത്പാദിപ്പിക്കുന്നത്. ഉത്പാ

ഗ്രീൻ കേരള എക്സ്പ്രസ്







ദനക്ഷമത കൂടിയും കൂടുതൽ നിലങ്ങളിൽ കൃഷിയിറക്കിയുമാണ് തങ്ങൾ ഈ നേട്ടം കൈവരിച്ചതെന്ന് തോളൂർ പഞ്ചായത്ത് സാക്ഷ്യപ്പെടുത്തുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് നടത്തുന്ന ഈ പദ്ധതികൾ ഒരേ സമയം ഭക്ഷ്യ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ജൈവ ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുകയാണ് തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമ പഞ്ചായത്തിന്റെ ലക്ഷ്യം. 3000 ഏക്കർ കോൾ പാടങ്ങളുള്ള ഈ പഞ്ചായത്തിൽ 300 ഏക്കർ പ്രദേശത്ത് പൂർണ്ണമായും ജൈവ രീതിയിലാണ് നെൽ കൃഷി നടത്തുന്നത്. ജൈവ അരിയായ ആടാട്ട് റൈസും കേരശ്രീ വെളിച്ചെണ്ണയും തങ്ങളുടെ ഗ്രാമത്തിന്റെ ഉത്പന്നമായി വിപണിയിലിറക്കി പുതിയ കാർഷിക വിപണന സംസ്കാരത്തിന് തുടക്കം കുറിക്കുകയാണ് ഈ പഞ്ചായത്ത്. കാർഷിക മേഖല നേരിടുന്ന തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കാൻ കാർഷിക കർമ്മ സേനയെ അവതരിപ്പിക്കുകയാണ് തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്. അഗ്രികൾച്ചർ ടെക്നീഷ്യൻസ് എന്ന് വിളിക്കുന്ന ഇവർ പ്രതിമാസം 7000 രൂപ വരെ ശമ്പളം വാങ്ങുന്ന ശമ്പളക്കാരാണ്. കൊല്ലം ജില്ലയിലെ ക്ലാപ്പന പഞ്ചായത്തിലെ ഡോ. പി പത്മകുമാർ എന്ന അദ്ധ്യാപകൻ വികസിപ്പിച്ചെടുത്ത വിത്തിടീൽ യന്ത്രവും തിരുവനന്തപുരം ജില്ലയിലെ കിഴുവിലം പഞ്ചായത്ത് നടത്തുന്ന യന്ത്രവത്കരണശ്രമങ്ങളും കാലത്തിനനുസരിച്ച് മാറാൻ ശ്രമിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഉദാഹരണങ്ങളാണ്. പച്ചക്കറി ഉത്പാദനത്തിൽ നിശ്ശബ്ദ വിപ്ലവമാവുകയാണ് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക്, കണ്ണൂർ ജില്ലയിലെ ചേമ്പിലോട്, കോഴിക്കോട് ജില്ലയിലെ കടലുണ്ടി തുടങ്ങിയ ഗ്രാമ പഞ്ചായത്തുകൾ.

**ഫെബ്രുവരി 15ന് മുഖ്യമന്ത്രി വി.എസ്. അച്ച്യുതാനന്ദൻ ഉത്ഘാടനം ചെയ്ത റിയാലിറ്റി ഷോ മാർച്ച് 1 മുതൽ ദൂരദർശനിൽ സംപ്രേഷണം ചെയ്ത് വരികയാണ്. വൈകിട്ട് 5.05നും രാത്രി 8.30 നും 11.30നുമാണ് സംപ്രേഷണം.**

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് അവതരിപ്പിക്കുന്ന പദ്ധതിയാണ് മാതൃകാ ക്ഷീരഗ്രാമം. സംസ്ഥാനത്ത് ഏറ്റവും അധികം പാൽ സൊസൈറ്റികളുള്ള ഈ പഞ്ചായത്ത് 3 വർഷംമുൻപ് 2200 ലിറ്റർ പാലാണ് പ്രതിദിനം ഉത്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ ഇത് 10,000 ലിറ്റർ ആയി ഉയർത്താൻ ഗ്രാമ പഞ്ചായത്തിനു കഴിഞ്ഞതിനു പിന്നിൽ സഹകരണ ബാങ്ക്, നബാർഡ്, മൃഗസംരക്ഷണ - ക്ഷീര വകുപ്പുകൾ, മിൽമ എന്നീ സ്ഥപനങ്ങളുടേയും വകുപ്പുകളുടേയും മികച്ച ഏകോപനമാണ്. കൂടാതെ തീറ്റപ്പുൽകൃഷി, വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വ്യാപിപ്പിക്കുന്നതിലൂടെ അനുബന്ധ മേഖലകളുടെ വളർച്ചയും ഈ പദ്ധതിയിലൂടെ സാധ്യമാക്കാൻ ഗ്രാമ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്ത് ഒരു ലക്ഷം വൃക്ഷത്തൈകൾ നടുക മാത്രമല്ല ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് അതിന്റെ പരിപാലനവും ഉറപ്പ് വരുത്തുന്നു. തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്ത് ഗാർഹിക മാലിന്യ സംസ്കരണത്തിന് വ്യത്യസ്ത മാതൃകയാണ് അവതരിപ്പിക്കുന്നത്. 500ഓളം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളാണ് ഗുണഭോക്താക്കൾക്ക് ഇവിടെ നൽകിയിരിക്കുന്നത്. ഓരോ വീട്ടിലും രണ്ട് മണിക്കൂർ പാചകം ചെയ്യേണ്ട ബയോഗ്യാസാണ് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാട് പഞ്ചായത്തിന്റെ ക്ലീൻ കോങ്ങാട് പദ്ധതി,



ഇടുക്കി ജില്ലയിലെ കുമളി പഞ്ചായത്തിന്റെ ക്ലീൻ കുമളി ഗ്രീൻ കുമളി പദ്ധതി തുടങ്ങിയവ മാലിന്യസംസ്കരണത്തിന്റെ വിജയകരമായ മാതൃകകളാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗ് നടത്തി ഓഫീസ് ആവശ്യങ്ങൾക്കുള്ള സുത്തലി ടാഗുകൾ നിർമ്മിക്കുന്നതിലൂടെ സുസ്ഥിര വികസന പ്രവർത്തനങ്ങൾക്ക് പുത്തൻ മാതൃകയാണ് കണ്ണൂർ ജില്ലയിലെ ചെമ്പിലോട് പഞ്ചായത്ത് മുന്നോട്ട് വയ്ക്കുന്നത്.

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് 'തെളിച്ചം' സമഗ്രവിദ്യാഭ്യാസ പദ്ധതിയിലൂടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുസ്ഥിര നിലനിൽപ്പ് തന്നെയാണ് ലക്ഷ്യമിടുന്നത്. ശിശുസൗഹൃദ സ്മാർട്ട് ക്ലാസ് മുറികൾ, ബാല പ്രസിദ്ധീകരണമായ 'കുരുവികൾ', സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങൾ സന്ദർശിച്ച് മാതൃകാ പദ്ധതികളെക്കുറിച്ച് മനസ്സിലാക്കാനുള്ള എക്സ്പോഷർ ട്രിപ്പ്, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ, പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ സായാഹ്ന ക്ലാസ്, അയൽക്കൂട്ട ക്ലാസ്, നൈറ്റ് ക്ലാസ്, മോട്ടിവേഷൻ ക്ലാസ് എന്നിങ്ങനെ അംഗൻവാടി തലം തൊട്ട് ഹയർ സെക്കന്ററി തലം വരെ നീളുന്ന സമഗ്രമായ പദ്ധതികളാണ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നത്. പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി വയനാട് ജില്ലയിലെ വെള്ളമുണ്ട പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾ, കുട്ടികളുടെ കായികവും കലാപരവുമായ ശേഷികൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന്, തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളും പുതിയ തലമുറയുടെ സമഗ്ര വികസനത്തിനുവേണ്ടി ഗ്രാമ പഞ്ചായത്തുകൾ നടത്തുന്ന മികച്ച ഇടപെടലുകൾക്ക് ഉദാഹരണങ്ങളാണ്.

എറണാകുളം ജില്ലയിലെ ഏലൂർ ഗ്രാമപഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ ഊർജ്ജ സേന , മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമപഞ്ചായത്തിന്റെ സ്ത്രീധന രഹിത ഗ്രാമം, ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ വ്യവഹാര നിയന്ത്രിത ഗ്രാമം, കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ റേഡിയോ, എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര പഞ്ചായത്തിന്റെ ബഡ്സ് സ്കൂൾ, ആലപ്പുഴ ജില്ലയിലെ മുഹമ്മ, കോട്ടയം ജില്ലയിലെ കൊഴുവനാൽ എന്നീ പഞ്ചായത്തുകൾ നടത്തുന്ന സാന്ത്വന ചികിത്സാ പദ്ധതികൾ തുടങ്ങിയവ ഗ്രീൻ കേരള എക്സ്പ്രസിൽ അവതരിപ്പിക്കുന്ന വ്യത്യസ്തമായ വികസന മാതൃകകളാണ്.



പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുൻ ഡയറക്ടറുമായ ഡോ. കെ.പി. കണ്ണൻ, സാമൂഹ്യ നിരീക്ഷകനായ ഡോ. ആർ.വി.ജി. മേനോൻ, നരവംശശാസ്ത്രജ്ഞയായ ഡോ. വിനീതാ മേനോൻ , പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫ. എം കെ. പ്രസാദ്, കൃഷി വിദഗ്ധനായ ആർ. ഹേലി, ഡവലപ്മെന്റ് എക്സ്പേർട് നിർമല സാനു ജോർജ് എന്നിവരടങ്ങുന്നതാണ് പ്രധാന ജൂറി. കൂടാതെ അതിഥി ജൂറിയായി പ്രമുഖ ചലച്ചിത്ര താരങ്ങളായ പത്മപ്രിയ, മധുപാൽ, കൽപ്പന എന്നിവരും കവയിത്രി സുഗതകുമാരി, സി.പി. നായർ, ജോർജ് ഓണക്കൂർ, കെ.എൽ. മോഹന വർമ്മ, ജി. വിജയരാഘവൻ, ഡോ. അച്യുത് ശങ്കർ, ഡോ. ശങ്കർ റാം, ഡോ. വിജയകുമാർ, മാധ്യമ പ്രവർത്തകരായ സി. ഗൗരീദാസൻ നായർ, എം.ജി. രാധാകൃഷ്ണൻ, വെങ്കിടേഷ് രാമകൃഷ്ണൻ തുടങ്ങി വിവിധ മേഖലകളിലുള്ള പ്രമുഖർ പങ്കെടുക്കുന്നു.

ഫെബ്രുവരി 15ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉത്ഘാടനം ചെയ്ത റിയാലിറ്റി ഷോ മാർച്ച് 1 മുതൽ ദൂരദർശനിൽ സംപ്രേഷണം ചെയ്ത് വരികയാണ്. വൈകിട്ട് 5.05നും രാത്രി 8.30നും 11.30നുമാണ് സംപ്രേഷണം. ജി. സാജൻ (അസിസ്റ്റന്റ് സ്റ്റേഷൻ ഡയറക്ടർ, ദൂരദർശൻ), കെ. മോഹൻ കുമാർ (ഡെപ്യൂട്ടി ഡയറക്ടർ, സി-ഡിറ്റ്) എന്നിവരാണ് ഇതിന്റെ സംവിധായകർ. തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും കിലയുടെയും സഹകരണത്തോടെ ശുചിത്വ മിഷൻ, സി-ഡിറ്റ്, ദൂരദർശൻ എന്നിവർ സംയുക്തമായാണ് ഈ പരിപാടി തയ്യാറാക്കുന്നത്. ■

*ലേഖകൻ ഗ്രീൻ കേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റി ഷോയുടെ ഗവേഷക വിഭാഗത്തിൽ റിസർച്ചറാണ്.*

**ജൂറി അംഗങ്ങൾ**














# പടരട്ടെ മടിക്കൈ മാതൃക

ആർ. ഹേലി

വിജ്ഞാനത്തിന്റെ കുറവോ അഭാവമോ അല്ല, സുലഭമായി ലഭിക്കുന്ന ഇവ രണ്ടും വിജയകരമായി ഗ്രാമഗ്രാമാന്തരങ്ങളിൽ ജീവിക്കുന്ന കർഷക സമൂഹത്തിന് അവ സ്വീകരിച്ച് നടപ്പാക്കുന്നതിന് നൽകുന്നതിൽ ഉണ്ടാകുന്ന വമ്പിച്ച പാളിച്ചകാരണമാണ് നമ്മുടെ ഉൽപാദനം വിശേഷിച്ചും കാർഷികമേഖലയിൽ ഉയരാത്തത് എന്ന ഒരു ചിന്താഗതി പലമേഖലകളിലും ഉയർന്ന് കേൾക്കാറുണ്ട്.

തിരുവനന്തപുരം ദൂരദർശനിൽ സംപ്രേഷണം ചെയ്യുന്ന 'ഗ്രീൻകേരള എക്സ്പ്രസ്' എന്ന നൂതന ടി.വി. പരിപാടി വെളിച്ചത്തു കൊണ്ടുവരുന്ന ഒരു വലിയ സത്യം എവിടെയെല്ലാം കർഷകരെ ഒരുമിപ്പിക്കുകയും മുൻപന്തിയിൽ നിന്ന് അവർക്ക് നേതൃത്വവും സാങ്കേതിക വൈദഗ്ദ്ധ്യവും ധനപരമായ പിന്തുണയും ലഭ്യമാക്കുന്നുണ്ടോ അവിടെയെല്ലാം അസാദ്ധ്യമെന്ന് കരുതി എഴുതിതള്ളിയിരുന്ന കാര്യങ്ങളിൽ അൽഭുതകരമായ നേട്ടങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നതാണ്.

കാസർഗോഡ് ജില്ലയിലെ ഒരു പ്രകൃതി മനോഹരമായ പഞ്ചായത്തിന്റെ കൃഷിയുടെ ജീവനായ ജലസംരക്ഷണമേഖലയിലെ നേട്ടങ്ങൾ ആരേയും ആവേശംകൊള്ളിക്കും. പഞ്ചായത്തിന്റെ സൗന്ദര്യത്തിന്റെ ഒരു രഹസ്യം 25% നിറഞ്ഞുനിൽക്കുന്ന വിശാലമായ ചെറു കുന്നുകളും പാറകളുമാണ്. അവയുടെ നെറുകയിൽ ഉള്ള പ്രകൃതിദത്ത ജലസംഭരണ കേന്ദ്രങ്ങളായ കുളങ്ങളെ സംരക്ഷിക്കാനും നീർത്തടവികസനത്തിനും ജലസംരക്ഷണത്തിനും അതുവഴി കാർഷികോൽപാദനം ഉയർത്താനും 'മടിക്കൈ' പഞ്ചായത്ത് നടത്തിയ യത്നങ്ങൾ തികച്ചും ശ്ലാഘനീയം.

അവർ ഇതിനുവേണ്ടി പതിനായിരക്കണക്കിന് തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ലക്ഷക്കണക്കിന് രൂപ തൊഴിൽ ഉറപ്പ്പദ്ധതി വഴിയായി ജനങ്ങൾക്ക് ലഭ്യമാക്കി. മഴവെള്ള കൊയ്ത്തിനും, പാടങ്ങൾ സംരക്ഷിക്കാനും, പൊതുസ്ഥലങ്ങളിലെ മണ്ണ് സംരക്ഷണത്തിനും, സ്ക്കൂൾ–പൊതുസ്ഥാപന കേന്ദ്രങ്ങളിലും മണ്ണുസംരക്ഷണം മെച്ചപ്പെടുത്താനും അവർക്ക് കഴിഞ്ഞു. 2008–09ൽ 3204 കുടുംബങ്ങൾ തൊഴിൽ ഉറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. 47.54 ആണ് ശരാശരി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയത്.

കേരളത്തിന്റെ വടക്കെ അറ്റത്ത് കിടക്കുന്ന ഈ പഞ്ചായത്തിന് സൃഷ്ടിക്കാൻ കഴിഞ്ഞ നിരവധി നേട്ടങ്ങൾ അധികാരവികേന്ദ്രീകരണ പ്രസ്ഥാനത്തിന്റെ സംഭാവനകളാണ് എന്നത് ഒരു വെറും അവകാശവാദമല്ലെന്ന് പരിശോധിക്കുമ്പോൾ തെളിയുന്നു.

- 35000 ത്തോളം തെങ്ങുകൾക്ക് തടമെടുക്കാൻ കഴിഞ്ഞത് കേരകർഷകർക്ക് മഹാ അനുഗ്രഹമായി. 15ലക്ഷത്തോളം രൂപ ഇതിന് തൊഴിൽ ഉറപ്പ് പദ്ധതിയിൽ നിന്ന് ചെലവഴിച്ചു. കേരകൃഷി പ്രധാന പഞ്ചായത്തുകൾ ഇത് കണ്ടു പഠിക്കണം.!
- വെള്ളം ഒലിച്ചുപോകാതിരിക്കാൻ ഇതേ പദ്ധതിയിൽ 75000 മഴക്കുഴികൾ തൊഴിൽ ഉറപ്പ് പദ്ധതി അനുസരിച്ച് തയ്യാറാക്കി. 21 ലക്ഷം രൂപയാണ് ഇതിന് ചെലവഴിച്ചത്. മഴവെള്ളം ഒഴുകിപോകാതെ 'തറയിലേയ്ക്ക്' കടത്തിവിടുന്നതു വഴി കിണറുകളിലെ ജലനിരപ്പ് ഉയരുകയും കരകൃഷി മെച്ചപ്പെടുകയും ചെയ്തു.
- 'കപ്പ ചുവട്' നിർമ്മാണ പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത് ഒരു പുതിയ കേരള മാതൃകയായി ഈ പഞ്ചായത്ത് ആവിഷ്ക്കരിച്ചു. 9 ലക്ഷത്തോളം രൂപ ചെലവാക്കി കർഷകരുടെ കപ്പകൃഷി വിപുലീകരിക്കാൻ കഴിഞ്ഞത് മികച്ച നേട്ടമായി.
- ഈ യത്നങ്ങൾക്ക് പദ്ധതി തയ്യാറാക്കാനും പഠന സർവ്വേ നടത്താനും പരിപാടികൾ രൂപപ്പെടുത്താനും പഞ്ചായത്തധികൃതർ മികച്ച രീതിയിൽ സാങ്കേതിക–ശാസ്ത്ര മേഖലകളുമായി ബന്ധം പുലർത്തിയതാണ് വളരെ മാതൃകാപരമായ ഒരു സുപ്രധാന ഘടകം.

കാസർഗോഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനവുമായി (CPCRI) പഞ്ചായത്തിന് വളരെ നല്ല ബന്ധമുണ്ട്. പത്താം പദ്ധതിക്കാലത്ത് തന്നെ ഈ ബന്ധം തുടങ്ങാൻ പഞ്ചായത്തിന് കഴിഞ്ഞിരുന്നു. നീർത്തടാടിസ്ഥാനത്തിലുള്ള കൃഷിവികസനത്തിന് CPCRIയും സംസ്ഥാന സോയിൽ സർവ്വേ വിഭാഗവും ചേർന്ന് പരിശീലനങ്ങൾ - പലതരത്തി



*മടിക്കൈ പഞ്ചായത്തിലെ ഒരു ജലസംഭരണ വർദ്ധനവിനുള്ള പരിപാടി CPCRI ഡയറക്ടർ ഡോ. ജോർജ് പി. തോമസ് ഉദ്ഘാടനം ചെയ്യുന്നു.*

**സ്വാതന്ത്ര്യം നമുക്കു നൽകുന്ന അവകാശങ്ങൾ സമൂഹത്തിന് വളരാൻ ലഭിക്കുന്ന വരദാനങ്ങളാണ്. അവ യാഥാർത്ഥ്യമാക്കാനുള്ള ജീവസുറ്റ വികസന മാതൃകകൾ ജനസമക്ഷം ഈ പുതിയ ചൈതന്യം തുളുമ്പുന്ന ടി.വി. പരിപാടി വഴി നമ്മുടെ മുമ്പിലോട്ട് ആനയിക്കുകയാണ് ഗ്രീൻകേരള എക്സ്പ്രസ്! നീർത്തടവികസനത്തിനും അതിലൂടെയുള്ള കൃഷിവികസനത്തിനും സർവ്വ ഏജൻസികളേയും കൂട്ടിയിണക്കി നാടിന് നന്മ പകരുന്നത് പഠിക്കാൻ ഇനി മടിക്കൈ പഞ്ചായത്തിലേയ്ക്ക് ചെന്നാൽ മതി.**

ലുള്ളവ-പഞ്ചായത്തിലെ അംഗങ്ങൾക്കും കൃഷിക്കാർക്കും ജീവനക്കാർക്കും നൽകി. അതിന്റെ പ്രവർത്തന സർവ്വേ സംഘടിപ്പിക്കാനും ഇതു വളരെ പിന്തുണ നൽകി. 2.75 കോടി രൂപയുടെ സമഗ്ര നീർത്തട വികസനപദ്ധതി പശ്ചിമഘട്ട വികസന പരിപാടിയുടെ ഭാഗമായി ലഭിക്കുന്നതിന് ഈ പങ്കാളിത്തം വഴിതെളിച്ചു. പഞ്ചായത്തിന്റെ മൊത്തം പ്ലാൻഫണ്ട് 88 ലക്ഷം മാത്രമാണ്. എത്രയോ ദേശീയ സംസ്ഥാന വികസനപദ്ധതികൾ ഈ രീതിയിൽ പഞ്ചായത്തുകൾക്ക് ഉപയോഗപ്പെടുത്താം. പണം വികസനത്തിന് ലഭ്യമാണ്. അത് സമാഹരിക്കാനുള്ള ഇച്ഛാശക്തി വേണം എന്നുമാത്രം.

CPCRIയുടെ കൃഷി വിജ്ഞാനകേന്ദ്രം കുടുംബശ്രീകൾക്കും കർഷകർക്കും കൃഷിസംബന്ധമായ കാര്യങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്. ന്യൂട്രിമിക്സ് തയ്യാറാക്കുക തുടങ്ങി തെങ്ങ്, അടയ്ക്ക, പച്ചക്കറി, കുരുമുളക് തുടങ്ങിയവയുടെ കൃഷിസംബന്ധിച്ച കാര്യങ്ങൾ ഇവയ്ക്കെല്ലാം കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയോടൊപ്പം ചേർന്ന് നിരവധി പരിശീലനങ്ങൾ സംഘടിപ്പിക്കുക മാത്രമല്ല വികസനപദ്ധതികളുടെ നടത്തിപ്പിൽ പിന്തുണയും പഞ്ചായത്ത് നേടുന്നു.

ദേശീയതലത്തിൽ ആരംഭിച്ചിരിക്കുന്ന മൂല്യാധിഷ്ഠിത നാളികേര വികസന പദ്ധതിയിൽ പഞ്ചായത്തിലെ 500 കൃഷിക്കാരെ ഉൾപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. 5 വനിതാ സംഘങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നാളികേരം, വറ്റൽ, സ്ക്വാഷ്, പിക്കിൾ തുടങ്ങിയവ ഉൽപ്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയിരിക്കുകയാണ്. ഇതിന് വേണ്ട സാങ്കേതിക പിന്തുണ CPCRI യിൽ നിന്നും ലഭിക്കുന്നു.

ഇതിനുപുറമേ പഞ്ചായത്തിന് വിവിധ കാർഷിക വികസന പദ്ധതികൾ -മണ്ണ് സംരക്ഷണം മുതൽ വിവിധ വിളകളുടെ കൃഷിമേഖലയിലെ ഉൽപ്പന്നങ്ങളുടെ സംസ്കരണ വിപണനം വരെ- തയ്യാറാക്കാനും പരിശീലനം നൽകാനും സി.പി.സി.ആർ. ഐയ്ക്കു കഴിയുന്നു. ആരോഗ്യം, അഗതി സംരക്ഷണം തുടങ്ങിയ രംഗങ്ങളിലും പഞ്ചായത്ത് നടത്തുന്ന പദ്ധതികൾക്കും വമ്പിച്ച ജനപിന്തുണ കിട്ടുന്നു.

മടിക്കൈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ നേട്ടം പ്ലാൻ ഫണ്ട് ചെലവാക്കുന്നതിന്റെ 100% ബഹുമതി സമ്പാദിക്കുന്നതിൽമാത്രം ഒതുങ്ങുന്നില്ല. അതിന്റെ എത്രയോ ഇരട്ടി ഗുണഫലങ്ങളാണ് അവർ പല പരിപാടികൾവഴി സമൂഹത്തിനും നാട്ടിനും ഉണ്ടാക്കുന്നത് എന്നത് പ്രസിഡന്റ് എം. രാജനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ഗ്രീൻകേരള എക്സ്പ്രസ് ജൂറിയുമായിട്ടുള്ള ചർച്ചകളിൽ വ്യക്തമാക്കിയത് ശ്രദ്ധേയമായി. വളരെ ആവേശകരമായ പ്രസ്തുത അനുഭവം ചില പുതിയ കാര്യങ്ങൾ വെളിച്ചത്ത് കൊണ്ടുവന്നു.

വികസന മേഖലയിലെ വിശേഷിച്ചും കൃഷി, ജലസേചനം, മൃഗസംരക്ഷണം, ഡയറി, സഹകരണം, ഫിഷറീസ്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ സർക്കാർ വകുപ്പുകൾ മാത്രമല്ല കോർപ്പറേഷനുകൾ, ബോർഡുകൾ, വിദ്യാഭ്യാസകേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയെല്ലാം പഞ്ചായത്തുകളെ 'സഹായിക്കാൻ' പരിശ്രമിക്കണം എന്ന പഴയകാല കാഴ്ചപ്പാടിൽ ഒരു വലിയ മാറ്റം വരുത്തണം.

ഈ സംഘടനകളുടെയെല്ലാം ഏറ്റവും വലിയ സ്വത്തായിട്ടുള്ള വിജ്ഞാനം, സാങ്കേതിക വൈദഗ്ദ്ധ്യം, മറ്റു പലവിധ വികസന സംവിധാനങ്ങളെല്ലാം തന്നെ അത് ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവരുടെ സമീപം എത്തിക്കുകയും അവ ഫലപ്രദമായി പ്രവർത്തിക്കാനുള്ള മുൻകൈ അവർ ഏറ്റെടുക്കുകയും വേണം. 'ദത്തെടുക്കൽ' പോലുള്ള പിന്നണിയിലുള്ള യത്നങ്ങൾ പ്രതീക്ഷിക്കുന്ന ഗുണഫലങ്ങൾ സൃഷ്ടിക്കുകയില്ല എന്നത് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ബാങ്കുകൾ ഗ്രാമങ്ങളെ ദത്തെടുത്തതിന്റെ അവസാനഘട്ടം 71000 കോടിരൂപയുടെ കൃഷി കടം എഴുതി തള്ളുന്നതിലാണ് അവസാനിച്ചത്!

ഇന്നത്തെ സാഹചര്യത്തിൽ ഗ്രാമീണ ജനതയെ-പദ്ധതിയുടെ ലക്ഷ്യവും മാർഗ്ഗദർശനവും സുവ്യക്തമാണെങ്കിൽ- അണിനിരത്താൻ പഞ്ചായത്തുകൾക്ക് പുതിയ അധികാരവികേന്ദ്രീകരണത്തിലൂടെ കഴിയും. ജനപിന്തുണയിൽ അധിഷ്ഠിതമായിട്ടുള്ള പദ്ധതികൾ കാണിക്കുന്ന വിജയവും - അതേ സമയം ഇതേ സാദ്ധ്യതയുള്ളയിടങ്ങളിൽ അതു നടക്കാതെ പോകുന്നതും ജനങ്ങളുടെ ചോദ്യമായി ഉയരുന്നതും, ഗ്രീൻകേരളാ എക്സ് പ്രസ് വെളിച്ചത്തു കൊണ്ടുവരുന്നു!

അതിനാൽ വികസനവകുപ്പുകളും മറ്റു ഗവേഷണ ഏജൻസികളും പൊതുമേഖലയിലെ വിവിധ വികസന സംവിധാനങ്ങളും സ്ഥാപനങ്ങളും ഗ്രാമതല പദ്ധതികളുടെ മുൻപന്തിയിൽ പഞ്ചായത്തുകളോടൊപ്പംനിന്ന് പ്രവർത്തിക്കണം. അപ്പോൾ മാത്രമേ സ്വന്തം പാടവങ്ങളും വൈദഗ്ദ്ധ്യങ്ങളും സമൂഹ നന്മയ്ക്കും സാമ്പത്തിക വളർച്ചയ്ക്കും നൽകുന്ന വമ്പിച്ച സംഭാവനകൾ നേരിൽ കാണാനും ആനന്ദിക്കാനും അവസരം ലഭിക്കുകയുള്ളൂ! വേഗം യാഥാർത്ഥ്യമാക്കാൻ പ്രയാസമുള്ള കാര്യമായിരിക്കാം ഇത്. അതു സാധിച്ചില്ലെങ്കിൽ കോടിക്കണക്കിന് പൊതുപ്പണം നിക്ഷേപിക്കുന്ന മേഖലകൾ കൂടുതൽ ജനോപകാരപ്രദമാക്കാനുള്ള യത്നങ്ങൾ നടത്തുന്നില്ല എന്ന തോന്നൽ പടർന്നുകൊണ്ടിരിക്കും.

'ഗ്രീൻകേരള എക്സ്പ്രസ്' തുറന്നിടുന്നത് ഇത്തരം പുതിയ വികസന സാദ്ധ്യതകൾ ഒരുമിച്ച് കൂടുമ്പോൾ നാട്ടിൽ ഉണ്ടാകുന്ന മോഹിപ്പിക്കുന്ന മാറ്റങ്ങളുടെ യഥാർത്ഥ രൂപമാണ്.

സ്വാതന്ത്ര്യം നമുക്കു നൽകുന്ന അവകാശങ്ങൾ സമൂഹത്തിന് വളരാൻ ലഭിക്കുന്ന വരദാനങ്ങളാണ്. അവ യാഥാർത്ഥ്യമാക്കാനുള്ള ജീവസുറ്റ വികസന മാതൃകകൾ ജനസമക്ഷം ഈ പുതിയ ചൈതന്യം തുളുമ്പുന്ന ടി.വി. പരിപാടികൾ വഴി നമ്മുടെ മുമ്പിലോട്ട് ആനയിക്കുകയാണ് ഗ്രീൻകേരള എക്സ്പ്രസ്! മടിക്കൈ ഗ്രാമപഞ്ചായത്ത് കേര ളത്തിലെ മുഴുവൻ പഞ്ചായത്തുകളൂടെയും ശ്രദ്ധ വിനയപൂർവ്വം ക്ഷണിക്കു കയാണ്. മാതൃകാപരമായ പ്രവർത്തന മേഖലയിലൂടെ-നീർത്തടവികസനത്തിനും അതിലൂടെയുള്ള കൃഷിവികസനത്തിനും സർവ്വ ഏജൻസികളേയും കൂട്ടിയിണക്കി നാടിന് നന്മ പകരുന്നത് പഠിക്കാൻ ഇനി മടിക്കൈ പഞ്ചായത്തിലേയ്ക്ക് ചെന്നാൽ മതി. മടിക്കൈയുടെ മാതൃക കേരളമാകെ പടരട്ടെ.! ■

*ലേഖകൻ കൃഷി ശാസ്ത്രജ്ഞനും ഗ്രീൻകേരള എക്സ്പ്രസ് സോഷ്യൽ റിയാലിറ്റി ഷോയുടെ ജൂറി അംഗവുമാണ്*





# വേറിട്ട ചിന്തകളുമായി ഒന്നാമത് കുട്ടികളുടെ



എസ്. ജയകുമാർ

കേരളത്തിന്റെ കാർഷിക ചരിത്രത്തിലാദ്യമായി സംഘടിപ്പിച്ച; കുട്ടികളുടെ കൃഷി ശാസ്ത്ര കോൺഗ്രസ്സ് വേറിട്ട ചിന്തകളും, കാർഷിക കണ്ടെത്തലുകളും കൊണ്ട് ശ്രദ്ധേയമായി. പരിസ്ഥിതി സൗഹൃദ കൃഷി എന്നതായിരുന്നു ഒന്നാം കൃഷി ശാസ്ത്ര കോൺഗ്രസ്സിന്റെ മുഖ്യവിഷയം. സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷൻ (സിസ്സ), കൃഷി പാഠം സംഘാടകരായ അഗ്രിഫ്രണ്ട്സ്, കൃഷി ഗവേഷകരുടെയും ഉദ്യോഗസ്ഥരുടെയും സംഘടനയായ ഇന്ത്യൻ അഗ്രിക്കൽച്ചറൽ അസോസിയേഷനും ചേർന്നാണ് കാർഷിക മേഖലയിലെ ഈ ചരിത്രസംഭവത്തിന് വേദിയൊരുക്കിയത്. ജനുവരി 22,23 തീയതികളിൽ തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ നടന്ന കുട്ടികളുടെ കൃഷിവേദിയിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി 72 കാർഷിക പ്രബന്ധങ്ങളാണ് അവതരിപ്പിക്കപ്പെട്ടത്. കാർഷിക ഗവേഷകരും, ശാസ്ത്രജ്ഞരും, കൃഷി ഉദ്യോഗസ്ഥരും, കർഷകരും, രക്ഷാകർത്താക്കളും, മാധ്യമപ്രതിനിധികളും 262 കുട്ടികളുമാണ് ഈ പ്രഥമ സംരംഭത്തിൽ പങ്കെടുത്തത്. ഗവേഷണ പ്രബന്ധങ്ങൾ, വിദ്യാലയങ്ങളിൽ കൃഷി, കർഷക ശാസ്ത്രം എന്നിങ്ങനെ മൂന്നു മേഖലകളിലായിരുന്നു മത്സരസ്വഭാവത്തിൽ കുട്ടികൾ പ്രബന്ധമവതരിപ്പിച്ചത്. ഒന്നാം കൃഷിശാസ്ത്ര കോൺഗ്രസ്സിലെ കുട്ടികളുടെ വേറിട്ട ചിന്തകളിലും, പ്രവർത്തനങ്ങളിലും ചിലതാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

**തെരഞ്ഞെടുത്ത 6 പ്രബന്ധ സംഗ്രഹങ്ങൾ**

**1. പരിസ്ഥിതി സൗഹൃദത്തിന് ജൈവകൃഷി**

എള്ളുമന്ദം എക്കോഫാം പരിധിയിലെ ജൈവകൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരുമായി നേരിട്ട് അഭിമുഖത്തിലേർപ്പെട്ടും മണ്ണ് പരിശോധിച്ചും കാർഷിക പ്രവർത്തനങ്ങൾ ഓരോന്നായി ചെയ്തു നോക്കിയും ഗവേഷണപഠനത്തിലേർപ്പെട്ട വയനാട് കല്ലോടിസെന്റ് ജോസഫ് യു.പി.എസ്സിലെ ഏഴാം ക്ലാസ്സ് വിദ്യാർത്ഥി പി.ജെ. സജിത്തും കൂട്ടുകാരും തങ്ങളുടെ കണ്ടെത്തലായി അവതരിപ്പിക്കുന്നു. ഇന്ന് നിലവിലുള്ള കൃഷിരീതികളിലേറെയും പരിസ്ഥിതിക്ക് ദോഷകരമെന്ന്, മണ്ണിനും കാലാവസ്ഥയ്ക്കും ഇണങ്ങാത്ത വിളകളുടെ കൃഷി, കാലം തെറ്റിയുള്ള കാർഷിക ഇടപെടലുകൾ, ഏകവിള കൃഷി സമ്പ്രദായം, രാസകീടനാശിനികളുടെ പ്രയോഗം തുടങ്ങിയവയാണ് ഇതിന് കാരണങ്ങൾ.

ജൈവകൃഷിയിലാണ് ഈ കൊച്ചു കൂട്ടുകാർ പരിസ്ഥിതി സൗഹൃദം കാണുന്നത്.

**2. ജെ.സി.ബി.ക്കു മുന്നിൽ മൺവെട്ടികൾ മായരുത്**

ഈ വീട്ടിൽ മൺവെട്ടി ഉണ്ടോ? എന്ന ചോദ്യവുമായി കേരളത്തിലാദ്യമായി ഒരു സ്കൂൾ മൺവെട്ടി സർവെ എന്ന ഒരു നൂതനകൃഷി പഠനം നടത്തിയിരിക്കുന്നു.

തൊളിക്കോട്, തേവൻപാറ ക്രിസ്തുകിരൺ റസിഡൻഷ്യൻ സ്കൂളിലെ കുട്ടികൾ 100 വീടുകൾ സർവെ ചെയ്ത്; തങ്ങളുടെ കണ്ടെത്തലായി അവതരിപ്പിക്കുന്നു; 100% വീടുകളിലും മൺവെട്ടികളുണ്ടെങ്കിലും നിത്യേന ഉപയോഗിക്കുന്നവരുടെ എണ്ണം കുറവ്. ഭക്ഷ്യവിളകൾ റബ്ബർ പോലുള്ള നാണ്യവിളകൾക്ക് വഴിമാറുന്നത് കൊണ്ടുതന്നെ മൺവെട്ടിയുടെ പണി ആവശ്യമായിവരുന്നില്ല. നഗരത്തിൽ മാത്രമല്ല നാട്ടിൻപുറങ്ങളിലും ജെ.സി.ബി. എത്തിയതോടെ മൺവെട്ടിയും മൺവെട്ടി പണിക്കാരും ആർക്കും വേണ്ടാതായി എന്ന് വേദനയോടെ പറയുന്ന കുട്ടികൾ. ഒരു മറുചോദ്യമുതിർക്കുന്നു. ആയിരം മൺവെട്ടികൾക്കു തുല്യം ഒരു ജെ.സി.ബി.

എന്നാൽ ഒരു മൺവെട്ടിയുടെ മൂല്യം ഈ പുതു ജെ.സി.ബിക്കുണ്ടോ? പരിസ്ഥിതി സൗഹൃദവേദിയിൽ ഏവരെയും ചിന്തിപ്പിച്ച ഒരു ചോദ്യമായിരുന്നു അത്.

**3. തേൻ പ്രകൃതിയുടെ അമൃത്**

തേനും വയമ്പും, തേൻവിള, തേൻപൊലിമ, തേനിലെ ജീവിതങ്ങൾ, തേൻ കൊയ്ത്ത്, തേൻ വൈദ്യം, തേൻ നിറവ്, തേൻ രുചി, തേൻ തുള്ളി തേടി എന്നിങ്ങനെ പത്തു ഘട്ടങ്ങൾ തിരിച്ച് വയനാട് പുല്പള്ളിയിൽ നിർമ്മല എച്ച്.എസിലെ കുട്ടികൾ നടത്തിയ കൃഷി പഠനത്തിലൂടെ കുട്ടികൾ പറയുന്നു; കേരളത്തിൽ ഏറ്റവും കൂടുതൽ തേൻകൃഷി സാധ്യതയുള്ള സ്ഥലം വയനാടാണെന്ന്. കേരളത്തിൽ മറ്റു സ്ഥലങ്ങളിൽ തേൻ സീസൺ മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങൾ ആകുമ്പോൾ വയനാട്ടിൽ ഒക്ടോബർ മുതൽ തേൻ സീസണാണ്. കൂടാതെ മറ്റ് സ്ഥലങ്ങളിൽ റബ്ബർമരങ്ങളിലെ തേൻ ശേഖരിക്കപ്പെടുമ്പോൾ, വയനാട്ടിൽ ഇവിടുത്തെ സമ്പന്നമായ കാടുകളിലെ ഔഷധഗുണമുള്ള വൃക്ഷങ്ങളിലെ തേൻ ശേഖരിക്കപ്പെടുന്നു. വയനാട്ടിലെ പുൽപ്പള്ളി മേഖലയിൽ പൊതുവേ കർണ്ണാടക വനങ്ങളോട് ചേർന്നു കിടക്കുന്ന അതിർത്തി സ്ഥലങ്ങളിലെ തേൻ കൃഷിയുടെ സാധ്യതയാണ് കുട്ടികളന്വേഷിച്ചത്. 100% ആളുകൾക്കും തേൻ ഇഷ്ടമാണ്. എന്നാൽ വിവിധ തേനുകളെ കുറിച്ചറിയുന്നവർ 76% മാത്രം, തേൻ മെഴുകിന്റെ ഉപയോഗത്തെക്കുറിച്ച് 59% പേർക്കുമറിയില്ല, തേൻ കൃഷിയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവ്, ഇങ്ങനെ പോകുന്നു കുട്ടികളുടെ കണ്ടെത്തലുകൾ. നിർമ്മൽ പെയ്ൻ ബാം എന്ന തേൻ വിഭവം കുട്ടികൾ നിർമ്മിച്ചത് ഏറെ ശ്രദ്ധേയമായി.

**4. പരിസ്ഥിതി സൗഹൃദകൃഷിയുമായി ഇടുക്കിയിലെ രാമക്കൽമേട്**

ഇടുക്കി ജില്ലയിൽ കേരള തമിഴ്നാട് അതിർത്തിയിൽ സമുദ്രനിരപ്പിൽ നിന്നും 2400 മീറ്ററിലധികം ഉയരമുള്ള സഹ്യപർവത ശിഖരങ്ങൾ. പ്രകൃതിയുടെ സൗന്ദര്യം ഒന്നിച്ചൊപ്പിയെടുത്ത സഞ്ചാരികളുടെ ടൂറിസം മാപ്പിലെ സ്വപ്നഭൂമി. ചുറ്റും കാറ്റാടി പാടങ്ങൾ. ഇവിടെയാണ് രാമക്കൽമേട് സേക്രട്ട് ഹാർട്ട് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങളും: സ്വാർത്ഥതയും കാലാ

# കൃഷി ശാസ്ത്ര കോൺഗ്രസ്സ്

വസ്ഥയെ മാറ്റി മറിച്ചപ്പോൾ ഇവിടം ഒരു മഴനിഴൽ പ്രദേശമായി മാറ്റി. മൺസൂൺ അറച്ചപ്പോൾ ലഭിച്ചത് 100 സെ.മീറ്ററിൽ താഴെ മഴ മാത്രം. കാലാവസ്ഥ മാറിയപ്പോൾ ഏത് ഊഷര ഭൂമിയിലും വളരാൻ കെല്പുള്ള ആസ്മച്ചെടി എന്നു വിളിക്കുന്ന പാർത്തേനിയം ഹിസ്റ്ററോഹോൺസ് എന്ന കളജന്യങ്ങളെ നിത്യരോഗികളാക്കി കൊണ്ടിരിക്കുന്നുവെന്ന്... പരിസ്ഥിതി സൗഹൃദ സർവെയിലൂടെ ഇവിടുത്തെ കുട്ടികൾ കണ്ടെത്തി.

മഴനിഴൽ പ്രദേശത്ത് കരനെൽക്കൃഷി 50 സെന്ററിൽ പച്ചക്കറി, ആര്യവേപ്പും തുളസിയും ഔഷധത്തോട്ടത്തിൽ, ഫലവൃക്ഷ സസ്യകൃഷി തുടങ്ങി പരിസ്ഥിതി സൗഹൃദത്തിന്റെ ഒരു സുന്ദരകാഴ്ച തന്നെ രാമക്കൽ മേടിലെ ഗവേഷണസംഘം തീർത്തു.

## 5. ചക്ക ഒരു പരിസ്ഥിതി ഉൽപ്പന്നം

കേരളീയർക്ക് ഏറ്റവും പരിചിതമായ ചക്ക ഫലവർഗ്ഗങ്ങളിൽ ഏറ്റവും ഭാരമേറിയ ഒന്നാണ്. ചക്കയിലുള്ള ചുളയിൽ നിന്നും പ്രോട്ടീൻ, കൊഴുപ്പ്, കാർബോഹൈഡ്രേറ്റ്, ഫൈബർ, കാത്സ്യം, അയൺ, വിറ്റാമിൻ-എ എന്നിവയും ചക്കക്കുരുവിൽ നിന്ന് പ്രോട്ടീൻ, കാത്സ്യം, അയൺ, ഫൈബർ, അന്നജം, വിറ്റാമിൻ-1 തുടങ്ങിയവയും ലഭിക്കുന്നു. ഏറ്റവും പോഷകസമൃദ്ധമായ ചക്കയ്ക്ക് പരിസ്ഥിതി സൗഹൃദ കൃഷിയിൽ പ്രഥമസ്ഥാനം നല്കണമെന്ന് വിവിധ ചക്ക ഉല്പന്നങ്ങളും, ചക്കയുടെ ഗുണമേന്മകളും ഉയർത്തികാട്ടി വിതുര ഗവ. പി.എച്ച് എസിലെ പ്രോജക്ട് ടീം വാദിക്കുന്നു. ഈ ഗവേഷണ സംഘം വളരെ ലാളിത്യത്തോടെ പറയുന്നു; വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുമെന്ന്. അതിനാൽ പരിസ്ഥിതി സൗഹൃദത്തിനിന്നേ ചുവട് വയ്ക്കാമെന്ന്.

## 6. പരിസ്ഥിതി സൗഹൃദത്തിന് മണ്ണിരകൾ

തീക്കോയി പഞ്ചായത്തിൽപ്പെടുന്ന വാഗമൺ പ്രദേശത്തെ ചോലവനങ്ങൾ, പുൽമേടുകൾ എന്നിവയും ജൈവകൃഷി, രാസവളകൃഷി നടത്തുന്നതുമായ പ്രദേശങ്ങളിലുമാണ് മണ്ണിന്റെ ആരോഗ്യം മണ്ണിരകളെ ആധാരമാക്കി പഠിക്കാൻ, കോട്ടയം തീക്കോയി സെന്റ് മേരീസ് എച്ച്.എസ്സിലെ കുട്ടികൾ സാമ്പിൾ തെരഞ്ഞെടുത്തത്. ഓരോ പ്രദേശത്തെയും അഞ്ച് സാമ്പിൾ പ്ലോട്ടുകളിലെ ഒരു നിശ്ചിത അളവ് സ്ഥലത്തെ മണ്ണിരകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തി. കൂടാതെ ഓരോ സാമ്പിൾ പ്ലോട്ടുകളിലേയും മണ്ണിന്റെ PH, ജൈവാംശം, ഈർപ്പം, ജലവാഹക ശേഷി, താപം, അന്തരീക്ഷ താപം, മഴ എന്നിവയും രേഖപ്പെടുത്തി.

നിരീക്ഷണം നടത്തിയ പ്രദേശങ്ങളിൽ നിന്ന് നാല് ഇനം മണ്ണിരകളെ കുട്ടികൾ കണ്ടെത്തി. ചോലവനത്തിലെ മണ്ണിൽ നിന്നും മൂന്ന് ജനുസ്സുകൾ; ഗ്രവിഡ, ഫെർട്ടിമ ഹെറ്ററോകിറ്റോ, മെഗാസ് കോലസ് എന്നിവ. മണ്ണിരകളുടെ എണ്ണവും മറ്റ് പ്രദേശങ്ങളെക്കാൾ ചോലവനത്തിലാണ് കൂടുതൽ കണ്ടത്. മണ്ണിന്റെ ജൈവാംശം, ഈർപ്പം എന്നിവ ചോലവനത്തിലും പുൽമേടിലും കൂടുതലായിരുന്നു. രാസവളം ഉപയോഗിക്കുന്ന കൃഷിസ്ഥലങ്ങളിൽ ഇത് വളരെ കുറവായിരുന്നു. മണ്ണിരകളുള്ള മണ്ണിലാണ് ഈ കൂട്ടുകാർ പരിസ്ഥിതി സൗഹൃദത്തിന്റെ പൊരുൾ കണ്ടത്.

## *കൃഷി ശാസ്ത്ര കോൺഗ്രസ്സിലെ ബാലവിശേഷങ്ങൾ*

### ജസ്റ്റിനും സിസിലും ജാൻസിയും തെങ്ങിൽ കയറി

കോഴിക്കോട് ചാവൽത്തോട്ടം പത്താം ക്ലാസുകാരൻ ജസ്റ്റിനും, സിസിലും ആറാം ക്ലാസുകാരി ജാൻസിയും കോക്കനട്ട് ക്ലൈംബ്ബർ ഉപയോഗിച്ച് തെങ്ങിൽ കയറി കൂട്ടുകാരുടെ കൈയടി നേടി. തെങ്ങു കയറാൻ ആളില്ലെന്നു കരുതി വിഷമിക്കണ്ട. ക്ലൈംബ്ബർ ഉണ്ടെങ്കിൽ ഞങ്ങൾ കുട്ടികൾ തയ്യാറെന്ന് വിളിച്ചറിയിക്കുന്ന തരത്തിലായിരുന്നു കുട്ടികളുടെ പ്രകടനം.

### ജിബിനിന്റെ കൃഷി തോട്ടം

ബാലരാമപുരം മുത്താരമ്മൻ കോവിൽ ഹയർ സെക്കന്ററി സ്കൂളിലെ ഒൻപതാം ക്ലാസുകാരൻ ജിബിൻരാജ്; പത്തു സെന്റിൽ ചീര, 20 സെന്റിൽ വാഴ ഒരു പശുവിനെയും സ്വന്തമായി പരിപാലിക്കുന്നു. ഈ ബാലകർഷകന്റെ കൃഷിത്തോട്ടത്തിൽ നിന്നുമാണ് ഒന്നാം കൃഷി ശാസ്ത്ര കോൺഗ്രസ്സിന്റെ വിളംബരം ആരംഭിച്ചത്. കാർഷിക സർവകലാശാല റിട്ട. റിസർവ് ഡയറക്ടർ ഡോ.പി.കെ. പീതാംബരൻ ജിബിന്റെ കൃഷിത്തോട്ടത്തിൽ നേരിട്ടെത്തി വിളംബരം ഉദ്ഘാടനം ചെയ്തു.

### അലക്സിന്റെ മട്ടുപാവ് കൃഷി

ചുള്ളിമാനൂർ എസ്.എച്ച്.യു.പി. എസിലെ ഏഴാം ക്ലാസുകാരൻ അലക്സിന് പച്ചക്കറി മാത്രമല്ല; മട്ടുപ്പാവിൽ അരസെന്റ് കരനെൽകൃഷിയും ഉണ്ട്. ഈ കൊച്ചു കൃഷിതോട്ടത്തിലും കൃഷി സുഹൃത്തുക്കളെത്തി അലക്സിനെ കൃഷിശാസ്ത്രവേദിയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി.

### ജൈവസന്ദേശവുമായി രണ്ടാം കൃഷി ശാസ്ത്രകോൺഗ്രസ്സ്

2010 അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷത്തിന്റെ പ്രാധാന്യം മുൻനിർത്തി രണ്ടാം കൃഷി ശാസ്ത്ര കോൺഗ്രസ്സിന്റെ മുഖ്യവിഷയം; ജൈവം... ജൈവം... ജൈവകൃഷി എന്നാണ് തെരഞ്ഞെടുത്തിരിക്കുന്നത്. അതിന്റെ പ്രഖ്യാപനവുമായി വിശിഷ്ടാതിഥികളും സദസ്യരും കൈകളിൽ തൈകളേന്തി നടത്തിയ പ്രതിജ്ഞ ഏവരെയും ആവേശം കൊള്ളിച്ചു.

### കുടനിവർത്തി, കുടമടക്കി, കുട ഉയർത്തി

പരിസ്ഥിതി സൗഹൃദ സന്ദേശം പകർന്ന്, കാർഷിക ചരിത്രത്തിലെ ആ ധന്യനിമിഷത്തിന് കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ, ഒരു പുതു ചെടി നട്ട്; ഒന്നാം തൂവെള്ള കുടയിൽ ഒപ്പു ചാർത്തി കുട നിവർത്തി തുടക്കം കുറിച്ചു. രണ്ടാം ദിനം കുട്ടികളുടെയും മറ്റ് അതിഥികളുടെയും കൈയൊപ്പോടെ ഒന്നാം കൃഷി ശാസ്ത്ര കോൺഗ്രസ് സമാപിച്ചതായി അറിയിച്ചുകൊണ്ട് ഒന്നാം തൂവെള്ള കുട മടക്കുകയും, രണ്ടാം കോൺഗ്രസ്സിന്റെ വിഷയം പ്രഖ്യാപിച്ചുകൊണ്ട് നിയമമന്ത്രി എം. വിജയകുമാർ രണ്ടാം തൂവെള്ള കുട ഉയർത്തുകയും ചെയ്തു.

### കൂട്ടുകാരെ നിങ്ങൾക്ക് കൃഷി ശാസ്ത്ര കോൺഗ്രസിൽ പങ്കെടുക്കണോ

എങ്കിലിപ്പോഴെ കൃഷിപാഠം പ്രവർത്തനങ്ങൾ തുടങ്ങിക്കോളൂ. ജൈവകൃഷിയാകണം നിങ്ങളേറ്റെടുക്കേണ്ട പഠനപ്രവർത്തനം. 2011 ജനുവരി 22,23 ലാണ് അടുത്ത കോൺഗ്രസ്സ്. ■



# വാർത്തകളും വിശേഷങ്ങളും

## കേന്ദ്ര സർക്കാർ ഉത്തരവിനുശേഷം കൂട്ടിച്ചേർത്ത പഞ്ചായത്തുകളെ സി.ആർ.ഇസെഡ് II ആയി പരിഗണിക്കും

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവുണ്ടായതിനുശേഷം മാത്രമേ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെ പ്രദേശങ്ങളെ സി.ആർ.ഇസെഡ് II വിഭാഗത്തിൽ പരിഗണിക്കുകയുള്ളുവെന്ന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ചെയർമാൻ അറിയിച്ചു. അതുവരെ ഈ പ്രദേശങ്ങൾ സി.ആർ.ഇസെഡ് III വിഭാഗത്തിൽ തന്നെ തുടരും. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളോട് കൂട്ടിച്ചേർക്കപ്പെട്ടതുകൊണ്ടുമാത്രം സി.ആർ. ഇസെഡ് II ലേയ്ക്ക് മാറ്റപ്പെടുകയില്ല. 1991 ഫെബ്രുവരി 19 ലെ തീരദേശ നിയന്ത്രണവിജ്ഞാപനത്തിനുശേഷം കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളെ സി.ആർ.ഇസെഡ് II ആയി പരിഗണിച്ച് കെട്ടിട നിർമ്മാണങ്ങൾക്കും മറ്റും അനുമതി ലഭിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കപ്പെടുന്നതായി അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണീ വിശദീകരണം. വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങൾ സി.ആർ.ഇസെഡ് II വിഭാഗത്തിലും ഗ്രാമപഞ്ചായത്തുകൾ സി.ആർ.ഇസെഡ് III വിഭാഗത്തിലും പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സി.ആർ.ഇസെഡ് I ആയുമാണ് പരിഗണിക്കുക. തീരദേശനിയമം ബാധകമാക്കിയിട്ടുള്ള പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുമ്പോൾ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും അതോറിറ്റി ചെയർമാൻ അറിയിച്ചു.

## ഇ.എം.എസ് ഭവനപദ്ധതി : ഒരു ദിവസത്തെ ശമ്പളം സംഭാവന നൽകണം

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഒരു ദിവസത്തെ ശമ്പളം സംഭാവനയായി നൽകാൻ നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഇ.എം.എസ് ഭവനനിർമ്മാണ നിധി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ എസ്.റ്റി.എസ്.ബി. 15694 നമ്പരിൽ തുറന്ന ജോയിന്റ് അക്കൗണ്ടിൽ ഡിമാന്റ് ഡ്രാഫ്റ്റായി തദ്ദേശഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി എം. ഉണ്ണികൃഷ്ണന്റെ പേരിൽ തുക അയയ്ക്കാനാണ് നിർദ്ദേശം.

## ക്ഷേമ പെൻഷൻ വരുമാന പരിധി ഉയർത്തി

അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും നൽകിവരുന്ന പെൻഷൻ, വിധവാ(അഗതി) പെൻഷൻ 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തി സാമൂഹ്യക്ഷേമ വകുപ്പ് ഉത്തരവിറക്കി. ഇതോടെ നാമമാത്രമായ വരുമാനം മാത്രം ഉണ്ടായിട്ടും പെൻഷൻ ലഭിക്കാത്ത നൂറുകണക്കിനാളുകൾ പെൻഷന് അർഹരാവും. പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി ഇനിമുതൽ നഗരങ്ങളിൽ പ്രതിവർഷം 22,375 രൂപയും ഗ്രാമങ്ങളിൽ പ്രതിവർഷം 20,000 രൂപയുമായാണ് ഉയർത്തിയത്. അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 6000 രൂപയും,വിധവാ (അഗതി) പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 3600 രൂപയും, 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 6000 രൂപയും ആയിരുന്നു. വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച വാർഷിക വരുമാന പദ്ധതി കാലോചിതമായി പരിഷ്കരിക്കാത്തതിനാൽ അർഹരായ നിരവധി പേർക്ക് പെൻഷൻ ലഭിക്കാത്തതിനാലാണ് ഈ തീരുമാനം.

## കളിമൺ ഖനന മാർഗ്ഗ നിർദ്ദേശങ്ങൾ : ഉത്തരവിൽ ഭേദഗതി

ഓട്, ഇഷ്ടിക, പരമ്പരാഗത മൺപാത്രനിർമ്മാണ വ്യവസായത്തിനനുയോജ്യമായ കളിമൺ ലഭ്യമായ സ്ഥലങ്ങൾ പ്രഖ്യാപിക്കുന്നതും, സമഗ്രമായ കളിമൺ ഖനന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതുമായ ഉത്തരവിൽ ഭേദഗതി വരുത്തി. ഇതനുസരിച്ച് മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് കളിമൺ നിക്ഷേപമുള്ളതായി പുതുതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ അതത് പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ജിയോളജിസ്റ്റ് എന്നിവർ പരിശോധിച്ച് അസസ്മെന്റ് നടത്തി പുതുക്കിയ ലിസ്റ്റ് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കണം. കളക്ടർമാർ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ് മൈനിങ്ങ് പെർമിറ്റ് നൽകണം.

## സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്: കൊച്ചി നഗരസഭയ്ക്ക് അഞ്ച് ഏക്കർ സ്ഥലം

ആധുനിക രീതിയിലുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ജി.സി.ഡി.എ യുടെ കൈവശമുള്ള അഞ്ച് ഏക്കർ സ്ഥലം കൊച്ചി നഗരസഭയ്ക്ക് കൈമാറാൻ ഗവൺമെന്റ് ഉത്തരവായി. കൊച്ചിയിൽ നിലവിലുള്ള ഇപ്പോഴത്തെ സ്വീവറേജ് സംവിധാനം വളരെ ദുർബലമാണ്. ഇത് ശക്തിപ്പെടുത്തുന്നത് അത്യാവശ്യമാണെന്നതിനാലാണ് ജി.സി.ഡി.എയുടെ സ്ഥലം നഗരസഭയ്ക്ക് കൈമാറാൻ ഗവൺമെന്റ് തീരുമാനിച്ചത്.


**പരസ്യ നിരക്ക്**

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

വായിക്കുക വരിക്കാരാകുക

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**



Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.





# എല്ലാ പാവപ്പെട്ടവർക്കും സ്വന്തമായി വീട്

## ഇ.എം.എസ്
## സമ്പൂർണ ഭവനപദ്ധതി
## പൂർത്തീകരണത്തിലേക്ക്

ഇടതുമുന്നണി സർക്കാർ
ഒരു തെരഞ്ഞെടുപ്പു
വാഗ്ദാനം കൂടി
നിറവേറ്റുന്നു.

മൂന്നര ലക്ഷം പേർക്ക് വീടും
ഒന്നര ലക്ഷം പേർക്ക് സ്ഥലവും വീടും നൽകുന്ന
ഇന്ത്യയിലെ ഏറ്റവും വലിയ ക്ഷേമപദ്ധതിയാണ്
ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി.
സഹകരണബാങ്കുകളാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക്
വായ്പ നൽകുന്നത്. കേരളത്തെ, എല്ലാവർക്കും സ്വന്തമായി
വീടുള്ള ഇന്ത്യയിലെ ആദ്യസംസ്ഥാനമാക്കുന്ന
ഈ പദ്ധതിയിലേക്ക് സംസ്ഥാനസർക്കാർ ജീവനക്കാർ
ഒരു ദിവസത്തെ ശമ്പളം സംഭാവന ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

**ഈ മഹത്തായ സംരംഭത്തിൽ**
**നിങ്ങളും അണിചേരുക.**
**ഇ.എം.എസ് ഭവനനിധി യിലേക്ക്**
**ഉദാരമായി സംഭാവന ചെയ്യുക.**

സംഭാവനകൾ തിരുവനന്തപുരത്ത് മാറാവുന്ന
ഡി ഡി ആയി **STSB 15694**
എന്ന അക്കൗണ്ട് നമ്പരിലേക്കാണ് അയയ്ക്കേണ്ടത്.

*സംഭാവനകൾ അയയ്ക്കേണ്ട വിലാസം:*
എം. ഉണ്ണിക്കൃഷ്ണൻ, അഡീഷണൽ സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

റൂറൽ ഇൻഫർമേഷൻ ബ്യൂറോ, തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

godgraphics@gmail.com

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ (Monthly) April 2010 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month


DGS&D
RATE CONTRACT

# ഒമേഗാ
# സൗരോർജ്ജ ഉത്പന്നങ്ങൾക്ക്
# DGS&D റേററ് കോൺട്രാക്ട്



**Solar lantern**

*Model-1: Rs. 3421.00*
*Model-2: Rs. 3802.00*



**Solar Home System**

*Model-1: Rs. 7653.00*
*Model-2: Rs. 13005.00*
*Model-3: Rs. 13155.00*
*Model-4: Rs. 22823.00*
*Model-5: Rs. 22914.00*



**Solar Streetlight**

*Model-1: Rs. 25187.00*
*Model-2: Rs. 35614.00*
*Model-3: Rs. 36514.00*

ഒമേഗാ ഇലക്ട്രോണിക്സിന്റെ സൗരോർജ്ജ ഉത്പന്നങ്ങളായ സോളാർ ലാന്റേൺ, സോളാർ ഹോംസിസ്റ്റം, സോളാർ സ്ട്രീററ്ലൈററ് എന്നിവക്ക് Director General of Supplies & Disposals (DGS&D) ന്റെ റേററ് കോൺട്രാക്ട് (RC) അപ്രൂവൽ ലഭിച്ചിരിക്കുന്നു. ഇതു പ്രകാരം പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, കോർപറേഷനുകൾ, മററു ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവക്ക് ഈ ഉപകരണങ്ങൾ DGS&D R.C നിരക്കിൽ ഒമേഗയിൽ നിന്നും വാങ്ങാവുന്നതാണ്.

OMEGA
ELECTRONICS

**Only DGS&D RC supplier in Kerala for Solar Products**

* Price inclusive of 4.04% VAT
* Price inclusive of 2 year warranty
* Price inclusive of Installation (Applicable for Solar Home system & Streetlight only)

## OMEGA ELECTRONICS

Industrial Estate, Pappanamcode,Trivandrum, Kerala-695 019
e-mail: omega@ammini.com, Website:www.ammini.com

കൂടുതൽ വിവരങ്ങൾക്ക് **94473-20011; 0471-249 0508**